# നിന്റെ മൃതന്മാർ ജീവിക്കും

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# നിന്റെ മൃതന്മാർ ജീവിക്കും

●

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS, EDAPPALLY

KOCHI - 682 024

●

*copy right reserved*

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്

*(Contd..)*

22. പരിശുദ്ധാത്മ വ്യാപാരം

23. പരിശുദ്ധാത്മ ശക്തി

24. ഉത്തമ ഗീതം

25. സങ്കേത നഗരങ്ങൾ

26. മരുഭൂമിയിലെ നീർപ്പൊയ്ക

27. യോന

28. പച്ചവെള്ളം വീഞ്ഞാക്കി

29. കെരീത്തിന്റെ വക്കിൽ

30. എത്രത്തോളം രണ്ടു തോണിയിൽ?

31. ഏലിയാവിന്റെ ദൈവം എവിടെ?

32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല

33. മുദ്രാമോതിരമാക്കും

34. എനിക്ക് കാഴ്ച പ്രാപിക്കേണം

35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?

36. INNER PEACE (English)

37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ

38. Glittering Future (English)

39. ഏകാന്തതയുടെ അന്ധത

40. STREAMS IN THE DESERTS (English)

41. WAY TO LIBERATION (English)

# ആമുഖം

ജീവിതം ക്ഷണികമാണ്. ഭൗതീക ജീവിത കാലത്ത് തന്നെ നിത്യ ജീവന്റെ അവകാശിയാകാൻ ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുന്നതാണ് ഭാഗ്യം. ഇന്ന പ്രായത്തിലേ ആ മഹത്തായ കൃത്യം നിറവേറ്റാനാകൂ എന്ന് പറയാനാവില്ല.

ചാൾസ് ഡിക്കൻസ് 24-ാമത്തെ വയസ്സിൽ Pickwick Papers എഴുതാനാരംഭിച്ചു. 25-ാമത്തെ വയസ്സിൽ Oliver Twist എന്ന ഗ്രന്ഥവും രചിച്ചു തീർന്നു. ഐസക്ക് ന്യൂട്ടൺ 24-ാമത്തെ വയസ്സിലാണ് The Law of Gravity കണ്ടു പിടിച്ചത്. തോമസ് ജെഫേഴ്സൺ 33-ാമത്തെ വയസ്സിലാണ് Declaration of Independence എഴുതിയുണ്ടാക്കിയത്.

ചെറുപ്രായത്തിലേ സർഗ്ഗപ്രതിഭയും കഴിവുകളും ഉന്മിഷത്താവുകയുള്ളൂ എന്ന് കരുതേണ്ടതില്ല. ഇമ്മാനുവൽ കാന്റ് ഏറ്റവും ഉദാത്തമായ ദാർശനിക സംഭാവനകൾ നൽകിയത് 74-ാമത്തെ വയസ്സിലാണ്. Verdi 80-ാമത്തെ വയസ്സിലാണ് Falstaff രചിച്ചത്. Goethe 80-ാമത്തെ വയസ്സി

ലാണ് Faust പൂർത്തീകരിച്ചത്. Crossing the Bar രചിക്കപ്പെട്ടത് ടെന്നിസൺന്റെ 80-ാമത്തെ വയസ്സിലാണ്. മൈക്കിൾ ആൻജലോയുടെ മികവേറിയ സംഭാവന 84-ാമത്തെ വയസ്സിലാണ്. മോശ 80-ാമത്തെ വയസ്സിൽ ദൈവജനത്തെ ഈജിപ്റ്റിലെ അടിമത്ത്വത്തിൽ നിന്ന് മോചിപ്പിച്ചു. 120-ാമത്തെ വയസ്സിൽ നിത്യകനാനിലേക്ക് പ്രവേശിക്കുകയും ചെയ്തു.

ഏതുകാലത്തും ഏതുപ്രായത്തിലും മികവാർന്ന ജീവിതം നയിക്കാൻ സാധിക്കും. എന്നാൽ എത്രകാലം ജീവിച്ചു എന്നതല്ല, ജീവിക്കുന്ന കാലം എങ്ങനെ ചെലവഴിച്ചു എന്നും നിത്യസ്വർഗ്ഗ സൗഭാഗ്യത്തിനായി ജീവിതത്തെ സജ്ജമാക്കുവാൻ ക്രിസ്തുവിന്റെ ക്രൂശിലെ തിരുരക്തത്താലുള്ള പാപക്ഷമയും നിത്യ ജീവനും പ്രാപിച്ചുവോ എന്നുമുള്ളതാണ് ജീവിതത്തിന്റെ ഭാഗധേയത്തെ നിർണ്ണയിക്കുന്നത്.

ഒരു നല്ല സണ്ടേ സ്കൂൾ അദ്ധ്യാപകനായിരുന്ന ജയിംസ് ബ്ലാക്കിനെപ്പറ്റി ഞാൻ ഈയിടെ വായിക്കുകയുണ്ടായി. ഒരിക്കൽ അദ്ദേഹം നിർദ്ധനയായ ഒരു പെൺകുട്ടിയെ കണ്ടു. അവൾ കീറിത്തുടങ്ങിയ ഉടുപ്പ് ധരിച്ചും തീർത്തും മ്ലാനമായും നിൽക്കുന്നതാണ് അദ്ദേഹം കണ്ടത്. അവൾക്ക് അദ്ദേഹം ഒരു നല്ല പുത്തൻ ഉടുപ്പ് നൽകി സൺണ്ടേ സ്കൂളിൽ വരാൻ ക്ഷണിച്ചു.

വളരെ ഉത്സാഹത്തോടെ വന്നുകൊണ്ടിരുന്ന ആ കുട്ടി ഒരു ദിവസം ഹാജർ വിളിച്ചപ്പോൾ സണ്ടേ സ്കൂളിൽ വന്നിട്ടില്ല എന്ന് ജെയിംസ് ബ്ലാക്കിന് മനസ്സിലായി. അവൾ വളരെ മാരകമായ ഒരു രോഗത്തിനടിമയായി കിടക്കുകയാണെന്നറിഞ്ഞു.

ഇനി പേർ വിളിക്കുമ്പോൾ അവളെ ഒരിക്കലും കാണാതെ

വരുമോ? നിത്യതയിൽ പേർ വിളിക്കുമ്പോൾ അവിടെ സ്വർഗ്ഗ രാജ്യത്തിൽ അവൾ കാണുമോ? ഞാനും അന്ന് എന്റെ പേർ വിളിക്കുമ്പോൾ നിത്യ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായി കാണാതെ വരുമോ? എന്നിങ്ങനെയുള്ള അനേകം ചിന്തകൾ ജെയിംസ് ബ്ലാക്കിന്റെ ഹൃദയത്തിലൂടെ കടന്നുപോയി. അദ്ദേഹം അപ്പോൾ രചിച്ച ഗാനമാണ് :

കർത്തൃ കാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻനാൾ.
പാർത്തലേ രക്ഷപ്പെട്ടോരക്കരെകൂടി ആകാശേ
പേർവിളിക്കും നേരം കാണും എൻപേരും......
.........................................................................................
പാർത്തലത്തിൽ എന്റെ വേല തീർത്തു ജീവിതാന്ത്യത്തിൽ
പേർവിളിക്കും നേരം കാണും എൻ പേരും.

മരിച്ച വിശുദ്ധന്മാർ ഉയിർക്കും, ക്രിസ്തുവിൽ നിദ്രകൊണ്ടവരെല്ലാവരും അന്ത്യകാഹള നാദത്തിങ്കൽ പുതുശരീരം പ്രാപിച്ച് ജീവിക്കും എന്ന ആശയം ഹൃദയത്തിൽ ഏറെക്കാലമായി രൂപപ്പെട്ടു കിടന്നതുകൊണ്ടാണ് ഈ ഗ്രന്ഥത്തിന്, യെശയ്യാവ് 26 : 19 ''**നിന്റെ മൃതന്മാർ ജീവിക്കും**" എന്ന് പേരിട്ടത്. ലാസറിനെയും വിധവയുടെ മകനെയും യായീറോസിന്റെ മകളെയും ക്രിസ്തു ഉയിർത്തെഴുന്നേല്പിച്ച സംഭവങ്ങളിൽ കൂടെ ഈ ആശയത്തെ വിശദമാക്കുവാനാണ് ഞാൻ ആഗ്രഹിച്ചത്. അതിന്റെ പ്രയോജനക്ഷമത അനുവാചകരായ ഓരോരുത്തരുമാണ് നിർണ്ണയിക്കേണ്ടത്.

ഈ ഗ്രന്ഥ രചനയിൽ എന്നെ സഹായിച്ച അനേകം ആത്മീയ സഹോദരങ്ങളുണ്ട്. എല്ലാവരേയും എന്റെ ആദ

രസമന്വിതമായ കൃതജ്ഞത അറിയിക്കുന്നു.

ശോഭനമായ നിത്യസ്വർഗ്ഗവും സമാധാനപൂർണ്ണമായ ഭൗതിക ജീവിതവും ഏവർക്കും ലഭിക്കട്ടെ എന്നാശംസിച്ചുകൊണ്ട്,

വിശുദ്ധന്മാരുടെ ഒന്നാം പുനരുത്ഥാനത്തിൽ പങ്കാളിയാകാൻ നിങ്ങളുടെ സഹശുശ്രൂഷകൻ.

**എം.വൈ. യോഹന്നാൻ**

# ഒന്ന്

കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വമേറിയ വചനമാണ് വിശുദ്ധ വേദപുസ്തകം. ജീവനുള്ള ദൈവത്തിന്റെ അരുളപ്പാടുകളാണ് വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. ഈ സത്യ വേദപുസ്തകം നാല്പതിലേറെ എഴുത്തുകാർ കൂടി ആയിരത്തി അറുന്നൂറോളം വർഷങ്ങൾക്കിടയിൽ എഴുതിയിരിക്കുന്ന അറുപത്താറ് പുസ്തകങ്ങൾ അടങ്ങിയ ഒരു പുസ്തക സഞ്ചയമാണ്.

വിവിധ ഗ്രന്ഥങ്ങൾ ഈ വേദപുസ്തകത്തിൽ നമുക്ക് കാണാം. കഥാപുസ്തകങ്ങൾ ഉണ്ട്, നോവലുകൾ ഉണ്ട്, കവിതാ പുസ്തകങ്ങൾ ഉണ്ട്, പ്രബന്ധങ്ങൾ ഉണ്ട്, ജീവചരിത്രങ്ങൾ ഉണ്ട്, പ്രവചന ഗ്രന്ഥങ്ങൾ ഉണ്ട്, സാഹിതീയ മൂല്യം നിലനിർത്തുന്ന, അത്ഭുതകരമായ കവന സൗഭഗം നിറഞ്ഞ, മനോഹരങ്ങളായ, കാവ്യതല്ലജങ്ങൾ ഉണ്ട്. അതിമനോഹരമായ ഒരു പുസ്തക സഞ്ചയമാണ് വേദപുസ്തകം.

വേദപുസ്തകത്തിൽ നാലു സുവിശേഷങ്ങൾ ആണ് ഉള്ളത്. മത്തായിയുടെ സുവിശേഷം, മർക്കോസിന്റെ സുവിശേഷം, ലൂക്കോസിന്റെ സുവിശേഷം, യോഹന്നാന്റെ സുവിശേഷം എന്ന നാലു സുവിശേഷങ്ങൾ. യേശുക്രിസ്തുവിന്റെ ജനനം മുതൽ ക്രൂശുമരണംവരെയും യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ഉൾപ്പെടെ യേശുക്രിസ്തുവിന്റെ ജീവചരിത്രം മുഴുവനായി പ്രസ്താവിക്കുന്നവയാണ് ഈ സുവിശേഷങ്ങൾ നാലും.

എന്നാൽ ബൈബിളിൽ നാലു സുവിശേഷങ്ങൾ കഴിഞ്ഞ് കാണുന്ന അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകം അഞ്ചാമത്തെ സുവിശേഷമാണ് എന്ന് വേദവ്യാഖ്യാതാക്കൾ പറയുന്നുണ്ട്. അഞ്ചാമത്തെ സുവിശേഷം എന്ന് പറയുന്ന അപ്പൊസ്തല പ്രവൃത്തികൾ - പരിശുദ്ധാത്മാവിന്റെ സുവിശേഷമാണ്. കാരണം അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളാണ്.

"The Gospel of the Holy Spirit."

എന്നാൽ അതിനും പുറമെ ആറാമത് ഒരു സുവിശേഷം ഉണ്ട്. അത് "The Gospel within the Gospel" - സുവിശേഷത്തിന് ഉള്ളിലെ സുവിശേഷം ആണ്. അത് യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം പതിനാറാം വാക്യം ആണ്,

> “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.”
>
> യോഹ 3 : 16

സുവിശേഷ ഗ്രന്ഥങ്ങളിൽ കർത്താവായ യേശുവിന്റെ അത്ഭുത പ്രവൃത്തികൾ വിവരിച്ചിട്ടുണ്ട്. യേശു പറഞ്ഞ ഉപമകൾ വിവരിച്ചിട്ടുണ്ട്. യേശു നൽകിയ പ്രബോധന ങ്ങളും ഉപദേശങ്ങളും വിവരിച്ചിട്ടുണ്ട്. യേശുവിന്റെ പ്രസം ഗങ്ങൾ വിവരിച്ചിട്ടുണ്ട്.

യേശുവിന്റെ ആദ്യത്തെ പ്രസംഗം മത്തായിയുടെ സുവി ശേഷം അഞ്ച്, ആറ്, ഏഴ് അദ്ധ്യായങ്ങളിലാണ് നാം കാണുന്നത്. അതാണ് ഗിരി പ്രഭാഷണം. യേശുവിന്റെ ഒടു വിലത്തെ പ്രസംഗം യോഹന്നാന്റെ സുവിശേഷം പതിന്നാ ല്, പതിനഞ്ച്, പതിനാറ് അദ്ധ്യായങ്ങളിലാണ് നാം കാണു ന്നത്.

കർത്താവായ യേശുവിന്റെ അത്ഭുത പ്രവൃത്തികൾ യോഹന്നാന്റെ സുവിശേഷത്തിൽ ഏഴെണ്ണം രേഖപ്പെടു ത്തിയിട്ടുണ്ട്. യേശുക്രിസ്തു ചെയ്തതായ അത്ഭുത പ്രവൃ ത്തികൾ യേശു ദൈവപുത്രനാണ് എന്നതിന്റെ തെളിവായി ട്ടാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായം മുപ്പത്തിഒന്നാം വാക്യത്തിൽ പറയുന്നു :

> "യേശു ദൈവ പുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാ കേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു."

യേശുക്രിസ്തു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കണം. വിശ്വസിച്ചിട്ട് യേശുക്രിസ്തുവിന്റെ

നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണം. ഇതിനുവേണ്ടിയാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത് എന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത്.

കർത്താവായ യേശുക്രിസ്തുവിനെ ദൈവത്തിന്റെ പുത്രനായി വിശ്വസിക്കുവാൻ വക തരുന്ന ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥമാണ് യോഹന്നാന്റെ സുവിശേഷം. യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന വിവിധ വിവരണങ്ങൾ ഓരോ സുവിശേഷത്തിലും നമുക്ക് കാണാം.

മത്തായി തന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ യഹൂദന്മാരുടെ രാജാവായി ചിത്രീകരിക്കുമ്പോൾ മർക്കോസ് യേശുക്രിസ്തുവിനെ ദാസനായിട്ടാണ് ചിത്രീകരിക്കുന്നത്. ലൂക്കോസ് യേശുവിനെ വിവരിക്കുന്നത് മനുഷ്യ പുത്രനായിട്ടാണ്. എന്നാൽ യോഹന്നാൻ തന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ വിവരിക്കുന്നത് ദൈവപുത്രനായിട്ടാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ വിശ്വാസം എന്നതാണ് കാതലായ വാക്ക്. യോഹന്നാന്റെ ലേഖനങ്ങളിൽ സ്നേഹം എന്നതാണ് സുപ്രധാനമായ ആശയം. യോഹന്നാൻ ശ്ലീഹാ എഴുതിയ വെളിപ്പാട് പുസ്തകത്തിൽ പ്രത്യാശ എന്നുള്ളതാണ് സുപ്രധാനമായ ആശയം.

"വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു." 1 കൊരി 13 : 13

കർത്താവായ യേശുക്രിസ്തുവിന്റെ യോഹന്നാന്റെ സുവിശേഷത്തിൽ ജീവൻ, വെളിച്ചം, വചനം എന്നിങ്ങനെയുള്ള ചില വാക്കുകളും അവയുടെ ആശയങ്ങളും കരു

ത്തോടെ പ്രസ്താവിച്ചിരിക്കുന്നത് നമുക്ക് കാണാം.

ജീവൻ, വെളിച്ചം, വചനം. ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന് യേശു പറയുന്നു. ഞാൻ ജീവന്റെ ജലമാകുന്നു എന്ന് യേശു പറയുന്നു. ഞാൻ വഴിയും സത്യവും ജീവനും ആകുന്നു എന്ന് യേശു പറയുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് യേശുപറയുന്നു. ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു എന്ന് യേശു പറയുന്നു. യേശു തന്നെക്കുറിച്ച് തന്നെ പറയുന്ന അനേകം അവകാശ വാദങ്ങൾ ഉൾക്കൊള്ളുന്നതാണ് യോഹന്നാന്റെ സുവിശേഷം.

നാം തിരുവചനം പ്രാർത്ഥനയോടെ ജാഗരണത്തോടെ വായിക്കുമ്പോൾ വചനം നമ്മെ രൂപാന്തരപ്പെടുത്തും. വചനം നമ്മെ അതിശയകരമായി അനുഗ്രഹിക്കും. വചനം നമുക്ക് രോഗസൗഖ്യം നൽകും. വചനം നിങ്ങളുടെ പാപ ബന്ധനങ്ങൾ അഴിക്കും, വചനം നമ്മുടെ മരിച്ചുപോയ ആത്മാക്കൾക്ക് ജീവൻ നൽകും. വചനം നമ്മുടെ പൈശാചിക ബാധകൾ അകറ്റും. വചനം നമ്മുടെ ശാപദോഷങ്ങൾ നീക്കും. തിരുവചനം നാം നിരന്തരം വായിക്കുകയം ധ്യാനിക്കുകയും ഉൾക്കൊള്ളുകയും ആചരിക്കുകയും പ്രമാണിക്കുകയും ചെയ്യേണ്ടതാണ്.

“എന്റെ വചനം പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നു'' എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ ആവർത്തിച്ചു നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നു. “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും.” യോഹ 14 : 21, 14 : 23

വചനം വായിച്ചാൽ മാത്രം പോരാ, പഠിച്ചാലും മാത്രം പോരാ വചനം പ്രമാണിക്കണം. വചനം പ്രമാണിക്കുന്നതാണ് യേശുവിനോടുള്ള സ്നേഹം.

യോഹന്നാന്റെ സുവിശേഷത്തിലെ ആറ് അടയാളങ്ങൾ, ആറ് അത്ഭുതങ്ങൾ, ക്രിസ്തു ചെയ്ത ആറ് വീര്യ പ്രവൃത്തികൾ കഴിഞ്ഞ് ഏഴാമത്തെ അത്ഭുതം യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നത് യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിലാണ്. അവിടെ മരിച്ച ലാസറിനെ യേശു ഉയർത്തെഴുന്നേല്പിക്കുന്നു.

യേശു മരിച്ചവരെ ഉയിർപ്പിക്കുന്നവനാണ്. യേശുജീവൻ നൽകുന്നവനാണ്. യേശു സമൃദ്ധിയായി ജീവൻ നൽകുന്നവനാണ്. യോഹന്നാന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ നാം വായിക്കുന്നത്.

> "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല, അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്. ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു."
>
> യോഹ 10 : 10-11

ജീവന്റെ ഉടയവനായ ക്രിസ്തു മരിച്ച ലാസറിനെ ജീവിപ്പിക്കുന്ന അത്ഭുത സംഭവം, യോഹന്നാൻ പതിനൊന്നാം അദ്ധ്യായത്തിൽ നാം കാണുന്നു.

പാപത്തിന്റെ ശമ്പളമാണ് മരണം. പാപം ചെയ്യുന്ന

ദേഹി മരിക്കും. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു. പാപം ചെയ്യുന്ന നാളിൽ മരിക്കും. ഇതെല്ലാം ഈ ബൈബിളിലെ വിവിധ പ്രസ്താവനകളാണ്.

"പാപം ചെയ്യുന്ന ദേഹി മരിക്കും."
യെഹെ 18 : 4

"പാപം ചെയ്യുന്ന നാളിൽ മരിക്കും."
ഉൽപത്തി. 2 : 17

"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
യാക്കോ 1 : 15

മനുഷ്യൻ പാപം ചെയ്താൽ അതിന് ശമ്പളമായി മരണമാണ് കിട്ടുന്നത് എന്ന് അപ്പൊ. പൗലോസ് റോമർക്കെഴുതിയ ലേഖനം ആറാം അദ്ധ്യായത്തിൽ പറയുന്നു.

'പാപത്തിന്റെ ശമ്പളം മരണമത്രെ."
റോമ 6 : 23

പാപം മൂലം മരണം നേരിട്ട മനുഷ്യന് ആവശ്യം ജീവനാണ്. നമുക്ക് ജീവൻ നൽകുവാൻ കർത്താവായ യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു ജീവിക്കുന്നു. നമുക്ക് ജീവൻ നൽകുവാൻ കർത്താവായ യേശു ക്രൂശിൽ മരിച്ചിരിക്കുന്നു, ജീവൻ വച്ചിരിക്കുന്നു; യേശുവിന്റെ ജീവൻ ക്രൂശിൽ അർപ്പണം ചെയ്തത്, ഇന്ന് പാപത്തിൽ മരിച്ചു കിടക്കുന്ന നമ്മെ ജീവൻ തന്ന് അനുഗ്രഹിക്കാനാണ്. യേശുക്രിസ്തു നമുക്ക് ജീവൻ തരുന്നു.

നിങ്ങൾ ഇപ്പോൾ പറയൂ : കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ, എന്നിൽ പാപം ഉണ്ട്, എന്റെ പ്രവൃത്തികളിൽ പാപം ഉണ്ട്, എന്റെ വാക്കുകളിൽ പാപം ഉണ്ട്, എന്റെ ചിന്തകളിൽ പാപം ഉണ്ട്. എന്റെ രക്തത്തിൽ പാപം ഉണ്ട്, എന്റെ സ്വഭാവത്തിൽ പാപം ഉണ്ട്. എന്റെ action - നിൽ മാത്രമല്ല reaction - നിൽ പാപം ഉണ്ട്. എന്റെ പ്രവൃത്തികളിൽ മാത്രമല്ല എന്റെ attitude - ൽ പാപം ഉണ്ട്. കർത്താവേ, ഞാൻ മുഴുവൻ പാപത്തിൽ പിറന്നവൻ, ദൈവമേ, എന്നിൽ പാപം അനവധിയായി, എണ്ണിയാൽ തീരാതെ ഉണ്ട്. ഉടയവനേ, പാപത്തിന്റെ ശമ്പളമായ മരണം എന്നിൽ വാഴുന്നു എന്റെ ആത്മാവ് മരിച്ചിരിക്കുന്നു. എനിക്കു ജീവൻ തരുവാൻ നീ ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെ നീ ജീവിപ്പിക്കേണമെ.

നമുക്ക് പ്രാർത്ഥിക്കാം, നമ്മെ സമർപ്പിക്കാം. ക്രൂശിലെ തിരുരക്തത്തിൽ ശരണപ്പെടാം. ക്രൂശിൻ ചുവട്ടിൽ നമ്മുടെ പാപങ്ങൾ ഉപേക്ഷിച്ച് പുതിയ ജീവിതം തുടങ്ങാം.

# രണ്ട്

യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ ബേഥാന്യയിലെ ചെറുഭവനത്തെ നമുക്ക് കാണാം. ബേഥാന്യ എന്നഗ്രാമം യെരുശലേം നഗരത്തിൽ നിന്ന് രണ്ട് നാഴിക മാത്രം ദൂരമുള്ള ഒരു ചെറിയ ഗ്രാമമാണ്. ബേഥാന്യ എന്നഗ്രാമം ലോക ചരിത്രത്തിൽ അറിയപ്പെടുന്ന ഒരു ഗ്രാമമായി തീർന്നത് ആ ഗ്രാമത്തിൽ ഉള്ള ഒരു ഭവനം മൂലമാണ്. ആ ഭവനം ലാസറിന്റെ ഭവനമാണ്.

കർത്താവായ യേശുക്രിസ്തു ഉയർത്തെഴുന്നേല്പിച്ച ലാസറിന്റെ ഭവനം ബേഥാന്യയിലാണ്. യേശു പാർത്ത ഭവനമാണ് അത്. യേശു തിരുവചനം സംസാരിച്ച ഭവനമാണ് അത്. യേശു കൂടെക്കൂടെ കടന്നുവരാറുള്ള ഭവനമാണ് അത്. യേശു സ്നേഹിച്ച ഭവനമാണ് അത്. യേശു സ്നേഹിച്ച മൂന്നു പേരുടെ വീടാണ് ബേഥാന്യയിലെ ആ ഭവനം. യേശു സ്നേഹിച്ച ഭവനം.

യേശു സ്നേഹിച്ച ഭവനമാണോ നിങ്ങളുടെ ഭവനം? യേശു സ്നേഹിക്കുന്ന ഒരു ഭവനമാകാൻ നിങ്ങൾക്ക്

താല്പര്യമുണ്ടോ? യേശുവിന്റെ പ്രിയനായവൻ എന്ന് ലാസറിനെ വിളിച്ചപോലെ നിന്നേയും യേശുവിന്റെ പ്രിയൻ എന്ന് വിളിക്കുവാൻ നിനക്ക് താല്പര്യമുണ്ടോ? യേശുവിന് പ്രിയപ്പെട്ടവർ എന്ന് വിളിക്കുവാൻ, അങ്ങനെ വിളിക്കപ്പെടുവാൻ, നിങ്ങൾക്ക് ആഗ്രഹമുണ്ടോ?

യേശു സ്നേഹിച്ച ഭവനം, യേശു കൂടെക്കൂടെ കടന്നു വരാറുള്ള ഭവനം. ലൂക്കോസിന്റെ സുവിശേഷത്തിലാണ് ഈ ഭവനത്തെ യേശു സന്ദർശിച്ചതായി ആദ്യം നാം കാണുന്നത്. ലൂക്കോസിന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ ആ ഭവനത്തെ യേശു സന്ദർശിച്ചതായി നാം കാണുന്നുണ്ട്. യേശു ബേഥാന്യ എന്ന ആ ഗ്രാമത്തിൽ എത്തി എന്ന് ലൂക്കോസ് പത്തിന്റെ മുപ്പത്തി എട്ടിൽ നാം കാണുന്നു.

വീട്ടിൽ മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ, അവൾക്ക് മറിയ എന്ന ഒരു സഹോദരി. ലാസറിനെ ആ ഭാഗത്ത് നാം കാണുന്നില്ല. എന്തുകൊണ്ടാണ് എന്ന് നമുക്ക് അറിഞ്ഞു കൂടാ, ലാസർ അന്ന് യേശുവിനെ കൈക്കൊള്ളുന്നവരുടെ കൂടെ അറിയപ്പെടുന്നില്ല, കാണപ്പെടുന്നില്ല, ലാസർ അന്ന് മുൻപന്തിയിൽ എത്തുന്നില്ല.

മാർത്ത യേശുവിനെ വീട്ടിൽ കൈക്കൊണ്ടു. മറിയ യേശുവിന്റെ കാൽക്കൽ ഇരുന്ന് വചനം ശ്രദ്ധിച്ചു. ആ വീട്ടിൽ അത്ഭുതം നടന്ന ദിവസമാണ് യേശു കടന്നു വന്ന ദിവസം. എന്താണ് അത്ഭുതം? ആ വീട് ആ നാട്ടിലേക്കും ശപിക്കപ്പെട്ട ഒരു വീടായിരുന്നു. ആളുകൾ കടന്നു വരാത്ത ഒരു വീടായിരുന്നു. ആരും തിരിഞ്ഞ് നോക്കാത്ത ഒരു വീടായിരുന്നു. ആർക്കും ഒരു വിലയില്ലാത്ത വീടായി

രുന്നു. ആർക്കും മതിപ്പില്ലാത്ത ഒരു വീടായിരുന്നു. ആർക്കും ഗമനിപ്പും പരിഗണനയുമില്ലാത്ത വീടായിരുന്നു.

കാരണം ആ വീട്ടിൽ ഒരു കുഷ്ഠരോഗിയുണ്ടായിരുന്നു. മാർത്തയുടേയും മറിയയുടെയും അവരുടെ സഹോദരനായ ലാസറിന്റെയും അപ്പനായ ശീമോൻ കുഷ്ഠരോഗിയായിരുന്നു. കുഷ്ഠരോഗിയായ ശീമോന്റെ വീട് എന്നാണ് ആ ലാസറിന്റെ ഭവനത്തിന്റെ അഡ്രസ്.

ആരും ആ വീട്ടിൽ കടന്നു ചെല്ലുകയില്ല. അവർക്ക് സമൂഹത്തിൽ കടന്നു വരുവാൻ അനുവാദവുമില്ല. ലേവ്യാപുസ്തകത്തിൽ നാം വായിക്കുന്ന പ്രകാരം കുഷ്ഠരോഗി തന്നെത്താൻ അശുദ്ധൻ അശുദ്ധൻ എന്ന് പറഞ്ഞുകൊണ്ടുവേണം നടക്കാൻ. ലേവ്യ പുസ്തകം 13 : 45-46. തീണ്ടൽപ്പാട് അകലെ നിന്നേ ആരോടും സംസാരിക്കാവൂ. എന്നാൽ ഈ ലാസറിന്റെ ഭവനം, മർത്തയുടെയും മറിയയുടെയും ഭവനം യേശുവന്നതോടെ നിന്ദമാറി അത്ഭുതകരമായ സമാധാനവും സന്തോഷവും കൈവരിച്ചു.

യേശു കടന്നുവന്നാൽ നിന്ദമാറും, യേശുകടന്നുവന്നാൽ ലജ്ജമാറും, യേശു കടന്നുവന്നാൽ അഡ്രസ് മാറും. യേശു കടന്നുവന്നാൽ ജീവിതം മുഴുവൻ രൂപാന്തരപ്പെടും. യേശു കടന്നുവന്നാൽ അതിശയങ്ങൾ നടക്കും. ആർക്കും വേണ്ടാത്തവൻ എല്ലാവരുടെയും പ്രിയൻ ആയിമാറും. ആർക്കും പ്രിയമല്ലാത്തവൻ എല്ലാവരുടെയും പ്രിയപ്പെട്ടവൻ ആയിമാറും. ആർക്കും ഗമനിപ്പില്ലാത്തവൻ എല്ലാവരുടെയും ആദരപാത്രമായിമാറും.

ദൈവപൈതലേ, യേശുനിന്റെ ഉള്ളത്തിലേക്ക് കടന്നു

വരാൻ നിനക്ക് ആഗ്രഹമുണ്ടോ? യേശു നിന്റെ ഭവനത്തി ലേക്ക് എഴുന്നെള്ളുവാൻ നിനക്ക് ആഗ്രഹമുണ്ടോ? യേശു വിനെ എതിരേല്പാൻ നീ ഒരുങ്ങുന്നുണ്ടോ? നിന്റെ ഭവന ത്തിലേക്ക് യേശുവിനെ കൈക്കൊള്ളാൻ നീ തയ്യാറാകു ന്നുണ്ടോ? നിന്റെ ഹൃദയത്തിലേക്ക് യേശുവിനെ നീ എതി രേല്ക്കുന്നുണ്ടോ? ഹൃദയത്തിലേക്ക് യേശുവിനെ എതിരേ ല്പാൻ നിനക്ക് ആഗ്രഹമുണ്ടെങ്കിൽ ഇപ്പോൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഉള്ളുതുറന്ന് യേശു വിനോട് ഒരുവാക്ക് പറയുവീൻ.

രണ്ടായിരം വർഷം മുമ്പ് ബേഥാന്യയിലെ ചെറുഭവന ത്തിൽ കടന്നുവന്ന യേശുവേ, ആ ഭവനത്തിന്റെ നിന്ദയും ലജ്ജയും മാറ്റിയ യേശുവേ, ഇന്ന് എന്റെ നാശംപിടിച്ച ജീവിതത്തിലേക്ക് നീ കടന്നുവരണമേ, കടത്തിൽ മൂടിയ ജീവിതത്തിലേക്ക് നീ കടന്നു വരണമേ, കടബാധ്യതയിൽ മുങ്ങിയ ജീവിതത്തിലേക്ക് നീ ഒന്ന് എഴുന്നെള്ളിവരണമെ, പണത്തിന് ഞെരുങ്ങുന്ന ജീവിതത്തിലേക്ക് നീ ഒന്ന് എഴു ന്നെള്ളിവരണമെ, രോഗം ഗ്രസിച്ച ജീവിതത്തിലേക്ക് നീ ഒന്ന് എഴുന്നെള്ളിവരണമെ, ശാപത്തിൽ മുങ്ങിപ്പോയ ജീവി തത്തിലേക്ക് നീ ഒന്ന് എഴുന്നെള്ളിവരണമെ, അനേകമ നേകം പാപവും ശാപവും കേടും കെടുതിയും കഷ്ടവും നഷ്ടവുമായി വലഞ്ഞുലയുന്നതായ എന്റെ ജീവിതത്തി ലേക്ക് നീ ഒന്ന് എഴുന്നെള്ളിവരണമെ.

യേശുവന്നാൽ നിന്ദമാറും, ലജ്ജമാറും, അപമാനംമാറും അഡ്രസ് ഉണ്ടാകും.

യേശു ബേഥാന്യയിലെ ഭവനത്തിലേക്ക് വന്നു. കുഷ്ഠ രോഗിയായ ശീമോൻ ഇക്കാലത്തിനിടയ്ക്ക് മരിച്ച് പോയി

രുന്നു. കുഷ്ഠരോഗി മരിച്ചെങ്കിലും, പിന്നെ ആ വീട്ടിൽ ആർക്കും കുഷ്ഠരോഗം വന്നില്ലെങ്കിൽ പോലും ആ വീട് കുഷ്ഠരോഗിയുടെ വീട് എന്നാണ് അറിയപ്പെടുന്നത്. അത്രയ്ക്ക് ലജ്ജാകരമാണ്.

യഹൂദനെ സംബന്ധിച്ചിടത്തോളം കുഷ്ഠരോഗം വരുന്നത് പാപത്തിന്റെ ഫലമാണ് കുഷ്ഠരോഗം പിടിച്ച മനുഷ്യൻ യഹോവയായ ദൈവത്തിന് ഏറ്റവും കടുത്ത അറപ്പുള്ള മനുഷ്യൻ എന്നാണ് യഹൂദൻ ധരിച്ചു വച്ചിരുന്നത്. ആർക്കും വേണ്ടാത്ത, എല്ലാവരും അറയ്ക്കുന്ന, ദൈവം പോലും വെറുക്കുന്ന ഭവനം എന്ന് അറിയപ്പെട്ട ബേഥാന്യയിലെ ഭവനത്തിലേക്ക് കർത്താവായ യേശുക്രിസ്തു എഴുന്നെള്ളി.

ഗലീലാ ഡിസ്ട്രിക്ടിൽ നയീൻ എന്നുപറയുന്ന ഒരു പട്ടണം ഉണ്ട്. ആ പട്ടണത്തിൽ ഒരു വലിയ പൂമേട ഉണ്ട്. ഒരു വലിയ മണിമാളികയുണ്ട്. അതിന്റെ ഉടമസ്ഥൻ ധനാഢ്യനായ ശീമോൻ എന്ന പരീശൻ ആണ്. അദ്ദേഹം പരീശൻ ആണ്. അദ്ദേഹം മതതീക്ഷ്ണതയുള്ള ഒരു യഹൂദൻ ആണ്, അദ്ദേഹം പള്ളിപ്രമാണിയാണ്, അദ്ദേഹം സമൂഹത്തിൽ ഉന്നതനാണ്, സകലരാലും അറിയപ്പെടുന്നവനാണ്. അദ്ദേഹത്തിന് വലിയ സമ്പത്ത് ഉണ്ട്. സകലരും ആദരിക്കുന്ന മനുഷ്യനാണ്. പക്ഷേ ശീമോന്റെ പൂമേടയേക്കാൾ യേശുവിന് ഇഷ്ടം ബേഥാന്യയിലെ മാർത്തയുടെയും മറിയയുടെയും ലാസറിന്റെയും ചെറുഭവനമാണ്.

ഉയർന്ന ഡിഗ്രിയുള്ളവർ ഉണ്ട്, ഉയർന്ന സാമൂഹിക ചുറ്റുപാടുള്ളവർ ഉണ്ട്. വലിയ മഹാജ്ഞാനമുള്ള പണ്ഡിതവരേണ്യന്മാർ ഉണ്ട്. എന്നാൽ കർത്താവായ യേശു

മാനിക്കുന്നത് ക്രിസ്തുവിനെ സ്നേഹിക്കുന്ന പാവപ്പെട്ട പക്ഷേ വിദ്യാഭ്യാസമില്ലാത്ത ഒരുപാവം മനുഷ്യനെയാണ്.

ആർക്കും വേണ്ടാത്ത എന്നെ സ്നേഹിക്കുന്ന യേശുവേ, ആരും തിരിഞ്ഞു നോക്കാത്ത എന്റെ ഭവന ത്തിലേക്ക് എഴുന്നെള്ളുന്ന യേശുവേ, സകലരാലും ശപി ക്കപ്പെട്ടവൻ എന്ന് മുദ്രകുത്തി എല്ലാവരും വെറുക്കുകയും അറയ്ക്കുകയും ചെയ്യുന്ന എന്നെ സ്നേഹിപ്പാൻ തക്ക വണ്ണം മനസ്സലിഞ്ഞ നിത്യസ്നേഹമായ യേശുവേ നിന്റെ സ്നേഹത്തെ ഞാൻ കാണുന്നു, നിന്റെ കൃപയെ ഞാൻ അറിയുന്നു, നിന്റെ വാത്സല്യത്തിന്റെ മുന്നിൽ ഞാൻ ഇതാ താളടിയായി വീഴുന്നു, ഇങ്ങനെ നീ പ്രാർത്ഥിക്കൂ, നീ ദൈവത്തിന്റെ കൃപയ്ക്കായി യാചിക്കൂ, ദൈവത്തോട് നിന്റെ ഉള്ളം തുറന്ന് അപേക്ഷിക്കു.

നാഥാ, ഇന്ന് മുതൽ ഞാൻ നിന്റെ വകയായി ജീവി ക്കും. എന്റെ ലജ്ജമാറ്റിയവനേ, എന്റെ നിന്ദ നീക്കിയവ നേ, എന്റെ ജീവിതത്തിലെ അപമാനഭാരങ്ങൾ എല്ലാം എന്നിൽ നിന്ന് നിശ്ശേഷം മായിച്ചു കളഞ്ഞവനേ, ഞാൻ ഇതാ എന്റെ ആയുസ്സ് നിന്റെ മുമ്പാകെ താഴ്ത്തി വയ്ക്കു ന്നു. കുരിശിൽ ചൊരിഞ്ഞ തിരുരക്തത്താൽ എന്നെ നീ ഒന്ന് കഴുകണമെ, നീ ക്രൂശിൽ തന്നെത്തന്നെ ബലിയർപ്പി ച്ചതായ നിന്റെ ക്രൂശുമരണത്താൽ എന്നെ നീ ഒന്ന് വീണ്ടെ ടുക്കണമെ, ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തത്താൽ എന്നെ നീ വീണ്ടെടുത്ത് നിന്റെ പ്രിയ പൈതലാക്കി മാറ്റ ണമെ, സ്വർഗ്ഗരാജ്യത്തിന്റെ ഉടമാവകാശം നീ എനിക്ക് തര ണമെ, എന്റെ മേൽ നിന്റെ കരം വെയ്ക്കണമെ, എന്നെ ജീവിപ്പിക്കണമെ, എന്നെ വിശുദ്ധീകരിക്കണമെ, എന്നെ കഴുകണമെ, എന്നെ വെടിപ്പാക്കണമെ, എനിക്ക് യേശു

വന്റെ അരുമകരത്തിന്റെ സ്പർശം നൽകണമേ, യേശു വേ, നീ എന്നെ തലോടണമേ, യേശുവേ, നീ എന്റെ കണ്ണുനീര് തുടയ്ക്കണമേ, യേശുവേ, നിന്റെ കരം എന്റെ ശിരസ്സിൽ വയ്ക്കണമെ, യേശുവേ, നിന്റെ തിരുമാറിൽ എന്നെ അണയ്ക്കണമെ, യേശുവെ നിന്റെ തൃപ്പാദത്തി ങ്കൽ എന്നെ ചേർക്കണമെ, യേശുവെ, സങ്കേത നഗരത്തി ലേക്ക് എന്നെ ആനയിക്കണമെ, യേശുവെ, ഇന്നു മുതൽ ഞാൻ നിന്റെ വക. നമുക്ക് പ്രാർത്ഥിക്കാം, നമുക്ക് സമർപ്പി ക്കാം.

# മൂന്ന്

"ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു, കർത്താവേ, നിനക്ക് പ്രിയനായവൻ ദീനമായിക്കിടക്കുന്നു എന്നു പറയിച്ചു."

യോഹ 11 : 3

പതിനൊന്നാം അദ്ധ്യായം തുടങ്ങുന്നത് : "മറിയയുടേയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബേഥാന്യയിലെ ലാസർ എന്ന ഒരുത്തൻ ദീനമായിക്കിടന്നു എന്നാണ്. ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു. കർത്താവേ, നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നു എന്ന് പറയിച്ചു.

യേശുക്രിസ്തുവിന്റെ അരികത്ത് ആളെവിട്ട് ആ സഹോദരിമാർ കാര്യം ഉണർത്തിച്ചു. കാര്യം ബോധിപ്പിച്ചു. ലാസർ ദീനമായി കിടക്കുന്നു എന്നല്ല പറഞ്ഞത്, "കർത്താവേ നിനക്ക് പ്രിയനായവൻ ദീനമായിക്കിടക്കുന്നു" എന്നാണ്.

ഇവിടെ ഒരു ഗൗരവമേറിയ വിഷയം നമുക്ക് ചിന്തി

ക്കാനുണ്ട്. കർത്താവിന് പ്രിയനായവന് ദീനം വരുമോ? കർത്താവ് പ്രസാദിക്കുന്നവന് ആപത്ത് വരുമോ? കർത്താവ് പ്രസാദിക്കുന്ന ജീവിതത്തിൽ കേടുകളും കെടുതികളും സംഭവിക്കുമോ? കർത്താവിന് പ്രിയനായവന് കഷ്ടതകൾ വരുമോ?

പല ആളുകളും ധരിച്ചിരിക്കുന്നത് യേശുക്രിസ്തുവിനെ ആരാധിക്കുകയും വണങ്ങുകയും ഭക്തിപൂർവ്വം വന്ദിക്കുകയും യേശുക്രിസ്തുവിന്റെ വേല ചെയ്യുവാൻ തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്തവർക്ക് ഭൗതീകമായി എല്ലാ ഐശ്വര്യങ്ങളും സമൃദ്ധിയും അനുഗ്രഹവും ലഭിക്കും എന്നാണ്.എന്നാൽ യേശുക്രിസ്തുവിന്റെ വഴി ക്രൂശിന്റെ വഴി ആണ് എന്ന് നാം അറിയണം.

യേശുക്രിസ്തുവിന്റെ വഴി ക്രൂശിന്റെ വഴിയാണ്. അത് ദുരിതത്തിന്റെ വഴിയാണ്, അത് കഷ്ടതയുടെ വഴിയാണ്. അത് പീഢയുടെയും ഞെരുക്കത്തിന്റെയും വഴിയാണ്. അത് നിന്ദനത്തിന്റേയും അപമാനത്തിന്റെയും അവഹേളനത്തിന്റെയും വഴിയാണ്. ഒന്നാം നൂറ്റാണ്ടിനെ സുവിശേഷ ശക്തി കൊണ്ട് ഇളക്കിമറിച്ച, അപ്പൊ. പൗലോസ് ഏറ്റവും അധികം കഷ്ടത സഹിച്ച ഒരു ദൈവദാസനാണ്.

എന്നും രോഗമുള്ള ഒരു ദൈവദാസനാണ്. എന്നും അസഹ്യമായ വേദന, ശൂലംകൊണ്ട് കുത്തുംപോലെത്തെ വേദനയുള്ള ഒരു ദൈവദാസനാണ്. ആ വേദനയും രോഗവും മാറാൻ ആഗ്രഹിക്കുകയും അത് മാറ്റിത്തരണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്ത ഒരു ദൈവദാസനാണ്.

അപ്പൊ. പൗലോസിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ

തൊട്ടാൽ രോഗികൾ സൗഖ്യമാകും. അപ്പൊ. പൗലോസ് നടന്നു പോകുമ്പോൾ നിഴൽ അടിച്ചാൽ രോഗികൾ സൗഖ്യ മാകും. ആ അപ്പൊ. പൗലോസിന് രോഗം ഉണ്ടായിരുന്നു. അപ്പൊ. പൗലോസ് തന്റെ കഷ്ടപ്പാടുകളുടെ വിവരം കൊരി ന്ത്യർക്കെഴുതിയ രണ്ടാമത്തെ ലേഖനം പതിനൊന്നാം അദ്ധ്യാ യത്തിൽ പറയുന്നത് നമുക്ക് അതിശയത്തോടു കൂടി മാത്രമേ വായിക്കാൻ പറ്റൂ :

> "ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു. അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, യഹൂ ദരാൽ ഞാൻ ഒന്നു കുറയെ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു, മൂന്നുവട്ടം കോലിനാൽ അടികൊണ്ടു, ഒരിക്കൽ കല്ലേറ് കൊണ്ടു, മൂന്നു വട്ടം കപ്പൽചേതത്തിൽ അകപ്പെട്ടു. ഒരു രാപ്പ കൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു, നദികളിലെ ആപത്ത്, കള്ളന്മാ രാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപ ത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പു പൈദാഹം, പല വട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാ രണ സംഗതികൾ ഭവിച്ചതു കൂടാതെ എനിക്ക് ദിവസേന സർവ്വ സഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്."
>
> 2 കൊരി 11 : 23 - 28

അപ്പൊ, പൗലോസ് യാതനയും വേദനയും ഏറ്റ ഒരു

ദൈവപൈതലാണ്. അപ്പൊ. പത്രോസ് തലകീഴായി ക്രൂശിക്കപ്പെട്ടു. അപ്പൊ. തോമസ് ഈ ഭാരതത്തിലേക്ക് കടന്നു വന്നു. മദ്രാസിൽ മൈലാപ്പൂർ എന്ന സ്ഥലത്ത് ശൂലത്താൽ കുത്തി മുറിവേല്പിക്കപ്പെട്ടു, ഒരു രക്തസാക്ഷിയായി മരിച്ചു. അപ്പൊസ്തലന്മാരിൽ യോഹന്നാൻ ശ്ലീഹാ ഒഴികെ മറ്റുള്ളവർ എല്ലാം ഓരോ വിധത്തിൽ രക്തസാക്ഷികളായി മരിച്ചു.

പ്രിയപ്പെട്ടവരെ, യോഹന്നാൻ അപ്പൊസ്തലൻ കഠിന യാതനയേറ്റു, റോമൻ കൈസറുടെ പടയാളികൾ അപ്പൊസ്തലനെ നാടുകടത്തി പത്മോസ് എന്ന ദ്വീപിൽ ഏകാകിയായി ഒടുവിലത്തെ കാലം കഴിക്കേണ്ടി വന്നു.

ക്രിസ്തുവിന്റെ പാത ക്രൂശിന്റെ പാതയാണ്. ക്രിസ്തുവിന്റെ പാത മുൾപ്പാതയാണ്. ക്രിസ്തുവിന്റെ പാത കുസുമശയ്യയല്ല, പൂമെത്തയല്ല. മകനേ, നീ കാണു ജീവിതത്തിൽ പ്രതിസന്ധികൾ വരും, പ്രശ്നങ്ങൾ വരും, യാതനകൾ വരും, വേദനകൾ വരും, കഷ്ടപ്പാടുകൾ വരും, എതിർപ്പുകൾ വരും, ഒന്നിലും നീ പതറരുത്. മോളെ, നീ ഒന്നിലും തളരരുത്. നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല ഉറങ്ങുകയുമില്ല. നിന്റെ പരിപാലകൻ മയങ്ങുകയുമില്ല ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ.

ഈ കഷ്ടപ്പാടും ദുഃഖവും നിറഞ്ഞ ലോകത്തിൽ ഇവിടെ ഉള്ളതായ കഷ്ടതകൾ ഞൊടി നേരത്തേക്കുള്ള ലഘുകഷ്ടം ആണെന്ന് അറിഞ്ഞു കർത്താവിന്റെ തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ജീവിതം വിശുദ്ധീകരിച്ചു ഒരുങ്ങിയിരിക്കുന്നവൻ ഭാഗ്യവാൻ.

കർത്താവായ യേശുക്രിസ്തു നമുക്ക് വേണ്ടി ഒരുക്കുന്ന രാജ്യത്തിന് വേണ്ടി നാം നമ്മെത്തന്നെ ഒരുക്കുമ്പോൾ, നമുക്ക് വേണ്ടി കർത്താവ് പണിയുന്ന സ്വർഗ്ഗീയ ഭവനത്തിന് വേണ്ടി നാം നമ്മെത്തന്നെ ഒരുക്കുമ്പോൾ, അപ്പോൾ ദൈവം നമ്മിൽ പ്രസാദിക്കും. നമ്മെ ദുരിതത്തിലും കഷ്ടതയിലും ആഴ്ത്തിക്കളയുന്നതായ പൈശാചീകന്റെ വിധ്വംസക പ്രവർത്തനങ്ങൾ നമ്മിൽ ആഞ്ഞടിക്കുമ്പോൾ അതുപോലും നന്മക്കാക്കി മാറ്റാൻ യേശുവിന് കഴിയും, നാം ദൈവത്തെ സ്നേഹിക്കുന്നവർ ആണെങ്കിൽ.

അപ്പൊ. പൗലോസ് റോമർ ലേഖനത്തിൽ ഇങ്ങനെ പറയും.

> "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു."
> റോമ 8 : 28

എല്ലാം നന്മയ്ക്കാക്കാൻ ക്രിസ്തുവിന് കഴിയും. ദൈവപൈതലേ, നിന്റെ പ്രിയപ്പെട്ട ഭർത്താവ് നേരത്തേ നിന്നെ ഈ ഭൂമിയിൽ ഒറ്റക്കാക്കിയിട്ട് അക്കരക്ക് പറന്നുപോയോ? മോനെ, നിന്റെ പ്രിയപ്പെട്ട ഭാര്യ നിന്നെ ഏകാകിയാക്കി വിട്ടിട്ട് അവൾ നേരത്തെ നിത്യതയിലേക്ക് മാറ്റപ്പെട്ടുവോ? നിന്റെ ഓമനക്കുഞ്ഞ് ഇന്ന് നിന്നോടു കൂടെ ഇല്ല നിത്യമായ അനന്തതയിലേക്ക് പറന്നുപോയോ?

നിനക്ക് വിയോഗങ്ങളും വിരഹങ്ങളും സംഭവിച്ചുവോ? നിനക്ക് കഷ്ടങ്ങളും നഷ്ടങ്ങളും സംഭവിച്ചുവോ? നിനക്ക്

കടങ്ങളും ബാധ്യതകളും വന്നുവോ? നിന്റെ ദൈനംദിന ജീവിതം ഉരുകി ഉലയുന്ന ജീവിതമാണോ? പൊള്ളി യാതന അനുഭവിക്കുന്ന ജീവിതമാണോ? ഉള്ളം പൊള്ളുന്ന അനുഭവങ്ങൾ, ജീവിതമാകെ ഉരുകിത്തിളക്കുന്ന അനുഭവങ്ങൾ. അതിൽ ആരും തളരരുത്. രോഗം വരാം, കഷ്ടപ്പാട് വരാം. ദുരിതങ്ങൾ വരാം. അപ്പൊസ്തലനായ പൗലോസ് റോമർക്കെഴിതിയ ലേഖനം എട്ടാം അദ്ധ്യായത്തിൽ പറയുന്നു :

> "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു." റോമ 8 : 18

കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുവീൻ. വലിയോരു തേജസ്സ് നമുക്ക് വേണ്ടി ഒരുക്കിവച്ചിരിക്കുന്നു. യേശുവിനെ മുറുകെപ്പിടിക്കൂ. യേശുവിൽ ആശ്രയിക്കൂ. ദുരിതം നിറഞ്ഞ ലോക ജീവിതത്തിൽ യേശുവിന്റെ കൃപയിൽ നീ ചാരൂ. യേശുവിനോട് ചേർന്ന് നടക്കൂ.

ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു, നോഹാ ദൈവത്തോട് കൂടെ നടന്നു. അബ്രഹാം ദൈവത്തോടു കൂടെ നടന്ന് സോദോമിന്റെ സമീപംവരേയും സഞ്ചരിച്ചു. "ഞാൻ ചെയ്യാനിരിക്കുന്നത് അബ്രാഹാമിനോട് മറച്ചുവെക്കുമോ" എന്ന് ദൈവം പറഞ്ഞു.

മോശ വിശ്വസ്ത പുരുഷനായി ദൈവത്തോടു കൂടെ നടന്നു. ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായി ദൈവത്തോട് കൂടെ നടന്നു. അപ്പൊ. പൗലോസും, അപ്പൊ. പത്രോസും ദൈവത്തിന്റെ വിശുദ്ധന്മാരായ അപ്പൊ

സ്തലന്മാരും ശ്ലീഹന്മാരും, സഹദേന്മാരും, പുണ്യവാന്മാരും, നിബിയന്മാരും, പ്രവാചകന്മാരും, വിശുദ്ധന്മാരും എല്ലാം ജീവനുള്ള ക്രിസ്തുവിനോട് കൂടെ നടന്നു.

ക്രിസ്തുവിന്റെ കൂടെ നടപ്പാൻ കൊതിയുണ്ടെങ്കിൽ ഭാഗ്യം! ജീവിതം ക്രിസ്തുവിന് സമർപ്പിക്കൂ. പാപ ജീവിതത്തോട് യാത്രപറയൂ. യേശു തനിക്ക് പ്രിയനായവനായി നമ്മെ ചേർക്കും. പാപമില്ലാത്ത ഒരു പുതിയ ജീവിതം തുടങ്ങൂ. നാവിനെ നിയന്ത്രിക്കാൻ പഠിക്കൂ. പൊട്ടച്ചൊല്ലും കളിവാക്കും നാവിൽ വരരുത്. പരദൂഷണം ഉണ്ടാകരുത്. വാവിഷ്ഠാണക്കാർ (Revilers) ദൈവരാജ്യം അവകാശമാക്കുകയില്ല, മറ്റുള്ളവരെ ദുഷിക്കുന്നവർ, വിമർശിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല.

വാവിഷ്ഠാണം, - പരദൂഷണം പാടില്ല. മറ്റുള്ളവരെ പുച്ഛിക്കരുത്. മറ്റുള്ളവരെ തുച്ഛീകരിക്കരുത്. മറ്റുള്ളവരെ വിലകെടുത്തി കാണരുത്, മറ്റുള്ളവർ തന്നേക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണിക്കൊൾവീൻ. പുതിയ ജീവിതം തുടങ്ങുവീൻ. ദൈവകരങ്ങളിലേക്ക് വിട്ടുകൊടുപ്പിൻ. പുതിയ സമർപ്പണം കർത്താവിനോട് പറയുവീൻ.

യേശുവേ, ഇന്നു മുതൽ എനിക്ക് വേണ്ടി കുരിശിൽ മരിച്ച രക്ഷകന്റെ അടിമയായി ഞാൻ ജീവിക്കും. എനിക്ക് വേണ്ടി തിരുരക്തം ചിന്തിയ രക്ഷകന്റെ വിശ്വസ്ത ദാസനായി ഞാൻ ഇന്നുമുതൽ പുതിയ ജീവിതം നയിക്കും. ഇതായിരിക്കട്ടെ നമ്മുടെ സമർപ്പണം.

# നാല്

യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായം ലാസറിനെ ഉയിർപ്പിച്ച മഹാത്ഭുതം വിവരിക്കുന്ന അദ്ധ്യായമാണ്. ലാസറിന് ദീനമായി കിടന്നപ്പോൾ ലാസറിന്റെ സഹോദരിമാർ യേശുവിനെ വിവരം അറിയിച്ചു.

> "കർത്താവേ, നിനക്ക് പ്രിയനായവൻ ദീനമായിക്കിടക്കുന്നു എന്ന് പറയിച്ചു."
>
> യോഹ 11 : 3

എന്നാൽ യേശു ഉടനെ ആ രണ്ട് നാഴിക മാത്രം ദൂരമുള്ള ബേഥാന്യ എന്ന ചെറുഗ്രാമത്തിലേക്ക് യാത്ര ചെയ്തില്ല. പകരം യേശു പറഞ്ഞു.

> "ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്ന് ദൈവത്തിന്റെ മഹത്വത്തിന്നായിട്ടത്രേ എന്ന് പറഞ്ഞു."
>
> യോഹ 11 : 4

അനേകം തിന്മകൾ ജീവിതത്തിൽ വരുന്നുണ്ട് എങ്കിലും അവയെല്ലാം നഷ്ടത്തിന്നോ കഷ്ടത്തിന്നോ ആയിത്തീരാതെ ദൈവത്തിന്റെ മഹത്വത്തിനായി തീർക്കുവാൻ ദൈവത്തിന് കഴിയും.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവത്തിന്റെ മഹത്വത്തിന്നാക്കി തീർക്കുവാൻ ദൈവത്തിന് കഴിയും. ആപത്തുകൾ വരട്ടെ, അത്യാഹിതങ്ങൾ വരട്ടെ, വൻ കഷ്ടങ്ങൾ വരട്ടെ, വൻ നഷ്ടങ്ങൾ വരട്ടെ. കടം വന്ന് മൂടട്ടെ. ജപ്തി നോട്ടീസ് വന്നു കൊള്ളട്ടെ, ദൈവപൈതലേ, പാർട്ട്ണർ നിന്നെ ബിസ്സിനസ്സിൽ ചതിച്ചു എന്നിരിക്കട്ടെ, പാർട്ടണേഴ്സ് തമ്മിൽ വൈരാഗ്യമായി എന്നിരിക്കട്ടെ, ഒരുകാലത്ത് നിനക്ക് ഇഷ്ടന്മാരായവർ ഇന്ന് നിന്റെ എതിരാളികൾ ആയി മാറി എന്നിരിക്കട്ടെ. ഒരുകാലത്ത് സഹയാത്രികർ, ഇന്ന് അവർ പോരാളികളും എതിരാളികളും ആയി നിനക്ക് എതിരെ ആക്ഷേപശരങ്ങൾ തൊടുത്ത് വിടുന്നു എന്നിരിക്കട്ടെ. ഓർക്കു, ദൈവത്തിന്റെ മഹത്വത്തിന്നായി ഇതെല്ലാം തീർക്കുവാൻ കർത്താവായ യേശുവിന് കഴിയും.

നിനക്ക് പ്രിയനായവൻ ദീനമായിക്കിടക്കുന്നു എന്ന് മാർത്തയും മറിയയും യേശുവിനെ അറിയിച്ചു.

ലാസർ ദീനമായി കിടക്കുകയാണ്. നിനക്കു പ്രിയനായവൻ ദീനമായിക്കിടക്കുന്നു എന്നാണ് അവർ പറഞ്ഞ്. ലാസർ ദീനമായി കിടക്കുന്നു എന്നല്ല, യേശുവിനോടു കൂടെ നടന്നവൻ, യേശുവിന് പ്രിയനായവൻ യേശുവിനെ സ്വന്തം ഭവനത്തിലേക്ക് എതിരേറ്റവൻ ദീനമയി കിടക്കുന്നു എന്നാണ്.

പലരും യേശുവിന് എതിരായി ഗൂഢാലോചന നടത്തുന്ന കാലത്ത്, അനേകമനേകം പള്ളിപ്രമാണിമാരും മതനേതാക്കന്മാരും യഹൂദമതത്തിലെ മത പുരോഹിതന്മാരും, യഹൂദ മതത്തിലെ സമ്പന്നന്മാരും, ഉന്നതന്മാരും, സന്നദ്രീം സംഘത്തിലുള്ള അംഗങ്ങളും യേശുവിനെ, നിന്ദിക്കുന്ന കാലത്ത് യേശുവിനെ വീട്ടിൽ കൈക്കൊണ്ട ഭവനമാണ് ബേഥാന്യയിലെ ഭവനം. യേശുവിനെ വീട്ടിൽ കൈക്കൊണ്ട വ്യക്തികളാണ് ലാസറും മാർത്തയും മറിയയും. എന്നാൽ ഇപ്പോൾ ഇതാ ലാസർ ദീനമായി കിടന്നു, “നിനക്ക് പ്രയനായവൻ ദീനമായിക്കിടക്കുന്നു” എന്ന് യേശുവിനെ അറിയിച്ചു.

ഞാൻ ഭാവനാമേദുരമായ ഒരു സംഭവം കേട്ടിട്ടുണ്ട്. ഒരു ചെറുപ്പക്കാരൻ ജീവിതം കർത്താവിന് സമർപ്പിച്ചു. നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ തിരുരക്തത്തിന്റെ വിലയായി ഒരു പുതിയ ജീവിതം നയിക്കും എന്ന് അവൻ ദൈവത്തോട് വാക്ക് പറഞ്ഞു. വലിയ ഒരു സമർപ്പണമാണ് അവൻ എടുത്തത്.

അവൻ പറഞ്ഞു - കർത്താവേ, നോഹ ദൈവത്തോട് കൂടെ നടന്നു, ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു, എനിക്ക് നിന്നോടു കൂടെ നടപ്പാനുള്ള ഭാഗ്യം തരണം. കർത്താവ് അവനോട് പറഞ്ഞു : മോനെ, ഞാൻ നിന്റെ കൂടെ നടക്കാം, നിനക്ക് എന്റെ കൂടെയും നടക്കാം, നമുക്ക് ഒരുമിച്ച് നടക്കാം. അങ്ങനെ ദൈവം അവന് വാക്കുകൊടുത്തു. എന്തോരു സന്തോഷം!

കാലങ്ങൾ മുന്നോട്ടുപോയി, ഒരു ദിവസം അവൻ സ്വപ്നം കണ്ടു കിടക്കുകയാണ്. സ്വപ്നത്തിൽ അവൻ നടന്നു നീങ്ങുന്ന ഒരു മണൽപരപ്പു കാണുന്നു. മണൽപ

രപ്പിൽ അവനും യേശുവും കൂടെ ചേർന്ന് നടക്കുന്നതായിട്ടാണ് കാണുന്നത്. ആ മണൽപരപ്പിൽ അവന്റെ പാദം പതിയുന്നു, യേശുവിന്റെ പാദവും പതിയുന്നു. അത് അങ്ങിനെ ആ മണൽപരപ്പിലെ പാദമുദ്രകൾ നേരേ മുകളിൽ പ്രതിബിംബിക്കുന്നു, ആകാശത്ത് പ്രതിബിംബിക്കുന്നു. അവൻ നോക്കി എന്നാൽ കുറേ അങ്ങോട്ട് നോക്കി നോക്കി ചെന്നപ്പോൾ ഉണ്ട് ചില ഭാഗത്ത് നാലു പാദമില്ല രണ്ട് പാദമേയുള്ളൂ. അവൻ അമ്പരപ്പിലായി. യേശു മാറിപ്പോയ കാലമാണല്ലോ അത് എന്ന് അവൻ ഓർത്തു. യേശു കൂടെ ഇല്ലല്ലോ എന്ന് അവൻ ഓർത്തു.

അവൻ പരിഭ്രാന്തനായി. അയ്യോ യേശു ഇല്ലാത്ത ആ കാലം ഏതായിരുന്നു. അവൻ പരിശോധിച്ചു, ചിന്തിച്ചു. ശരിയാണ് രോഗം പിടിച്ചകാലം. ദുരിതം വന്നകാലം, എതിർപ്പുകൾ വന്നകാലം, അപവാദ ശരങ്ങൾ ശത്രു തൊടുത്തകാലം, പരിഹാസങ്ങളും വിമർശനങ്ങളും നിരൂപണങ്ങളുമായി വീർപ്പുമുട്ടിയ കാലം. വലിയ പീഢകളും വലിയ ഞെരുക്കങ്ങളും പണത്തിന് ഞെരുക്കവും പട്ടിണിയും വന്ന കാലം. അന്ന് ആ കാലങ്ങളിൽ രണ്ട് പാദമേ കാണുന്നുള്ളൂ.

അവൻ യേശുവിനോട് ചോദിച്ചു, കർത്താവേ, നീ എന്താണ് ദുരിതം വന്നകാലത്ത് എന്നെ വിട്ടുപോയത്, എനിക്ക് കഷ്ടത വന്നകാലത്ത് നീ എന്നെ വിട്ടുപോയത് എന്താണ്? കർത്താവ് അവനോട് പറഞ്ഞു : ഞാൻ നിന്നെ വിട്ടുപോയി എന്ന് നീ എങ്ങിനെയാണ് അറിഞ്ഞത്?

അയ്യോ, കർത്താവേ കാണരുതോ കഷ്ടപ്പാടിന്റെ കാലങ്ങളിൽ, ദുരിത പൂരിതമായ നാളുകളിൽ അപ്പോൾ രണ്ട്

പാദമേ കാണുന്നുള്ളൂ. നാലു പാദം കണ്ടിരുന്ന സ്ഥലത്ത് രണ്ട് പാദം മാത്രമേ കാണുന്നുള്ളൂ. നീ എന്നെ വിട്ടു പോയി എന്ന് അതുകൊണ്ടല്ലേ ഞാൻ പറഞ്ഞത്.

മോനേ, ആ രണ്ട് പാദം നിന്റെ പാദമല്ല എന്റെ പാദമാണ് ഉടനേ ഈ യുവാവ് ചോദിച്ചു. കർത്താവേ, അങ്ങിനെയാണെങ്കിൽ പിന്നെ എന്റെ പാദങ്ങൾ എവിടെപ്പോയി? മോനെ, നിന്റെ പാദം നിലം തൊട്ടില്ല, ആ കഷ്ടതയുടെ കാലങ്ങളിൽ ഞാൻ നിന്നെ ചുമലിൽ എടുത്തിരിക്കുകയായിരുന്നു. ഞാൻ നിന്നെ തോളിൽ എടുത്തിരിക്കുകയായിരുന്നു. നിന്റെ പാദം നിലം തൊടാൻ ഞാൻ സമ്മതിച്ചില്ല അക്കാലത്ത്.

ദൈവജനമേ, പ്രിയനായവൻ കൂടെ നടക്കും. പ്രിയനായവനെ യേശുവഹിക്കും. തള്ളയാടുകളെ നടത്തിയും കുഞ്ഞാടുകളെ തോളിലേറ്റിയും വരുന്ന നല്ല ഇടയൻ. മകനേ, അവൻ നിന്നെ തോളിൽ ഏറ്റും. നിന്റെ ചുമലിൽ നിന്ന് ചുമടുകൾ മാറിപ്പോകും. നിന്റെ മുതുകത്ത് നിന്ന് ചുമടുകളും ഭാരങ്ങളും ആകുലങ്ങളും എല്ലാം മാറിപ്പോകും. നിന്റെ ചുമലിൽ ഉള്ളതായ വലിയ Burdens എല്ലാം നിന്നിൽ നിന്ന് നീങ്ങിപ്പോകും. നിന്നെ ഇന്ന് അലട്ടുന്നതായ ഭാരമേറിയ ആകുലങ്ങൾ എല്ലാം നിന്നിൽ നിന്ന് മാറിപ്പോകും. മകനേ, യേശു നിന്നോടു കൂടെ നടക്കും. നീ യേശുവിന് പ്രിയൻ ആകൂ. യേശുവിന് പ്രിയപ്പെട്ടവൻ ആകൂ. നിന്റെ ജീവിതം യേശുവിന് പ്രിയപ്പെട്ടതാകട്ടെ.

പാപം വിട്ടു ജീവിച്ചാൽ യേശുവിന് പ്രിയൻ ആകാം. യേശു ജീവിച്ചത്പോലെ ജീവിച്ചാൽ യേശുവിന് പ്രിയൻ ആകാം. യേശു നടന്നതുപോലെ നടന്നാൽ യേശുവിന്

പ്രിയൻ ആകാം. യേശു ചിന്തിക്കുന്നത്പോലെ ചിന്തിച്ചാൽ യേശുവിന് പ്രിയൻ ആകാം. യേശു സംസാരിക്കുന്നത് പോലെ സംസാരിച്ചാൽ യേശുവിന് പ്രിയർ ആകാം. യേശു വിന്റെ സ്വഭാവം പ്രാപിച്ചാൽ യേശുവിന് പ്രിയൻ ആകാം.

യേശുവിന്റെ വചനം പറഞ്ഞു എന്നുള്ളത് കൊണ്ട് യേശുവിന് പ്രിയൻ ആകണമെന്നില്ല. വേദപുസ്തകം പഠിച്ചു എന്നുള്ളതുകൊണ്ട് യേശുവിന് പ്രിയൻ ആകണമെന്നില്ല. ഏതെങ്കിലും ശ്രേഷ്ഠ ശുശ്രൂഷകൾ നിവർത്തിച്ചു എന്നു ള്ളത് കൊണ്ട് യേശുവിന് പ്രിയൻ ആകണമെന്നില്ല.

എന്നാൽ നീ ഒരു വിശുദ്ധനാണെങ്കിൽ നീ യേശുവിന് പ്രിയൻ ആകും. നീ പാപമില്ലാത്ത ജീവിതം നയിക്കാൻ തീരുമാനിച്ചു എങ്കിൽ നീ യേശുവിന് പ്രിയൻ ആകും. നീ അഴുക്കു നിറഞ്ഞ ജീവിതത്തോട് യാത്ര പറഞ്ഞു ഒരു സംശുദ്ധമായ ജീവിതം തുടങ്ങുന്നു എങ്കിൽ യേശുവിന് പ്രിയൻ ആകും.

ദൈവപൈതലേ, നീ യേശുവിന് പ്രിയൻ ആയിക്കൊ ള്ളൂ. നീ യേശുവിന് പ്രിയപ്പെട്ടവൻ ആയിക്കൊള്ളൂ. യേശു വിന്റെ കരങ്ങളിലേക്ക് നിന്നെത്തന്നെ വിട്ടുകൊടുത്തുകൊ ള്ളൂ. യേശുവിനോട് നീ വാക്കു പറഞ്ഞുകൊള്ളൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, നീ എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചു. നീ നിന്റെ ദിവ്യജീവൻ എനിക്കായിട്ട് ക്രൂശിൽ അർപ്പണം ചെയ്തു. എന്റെ യേശുവേ, ഞാൻ ഇന്നുവരേയും നിന്നെ വേദനിപ്പിച്ചു. ഇന്നുവരേയും എന്റെ പാപത്താൽ ഞാൻ നന്നെ കഷ്ടപ്പെടുത്തി. ഇന്നുവരേയും അനേകമനേകം തിന്മ

കൾ എന്റെ ജീവിതത്തിൽ വന്നുപോയി, ഉടയവനേ, നീ എനിക്ക് മാപ്പുതരണമേ, നീ എന്നോട് ക്ഷമിക്കണമേ, നീ എനിക്ക് മാപ്പു തന്ന് എന്നെ നീ ചേർത്തണയ്ക്കണമെ,

ദൈവപൈതലേ, നിന്റെ ജീവിതം നീ ക്രിസ്തുവിന് കൊടുക്കൂ. യേശുവിന് പ്രിയൻ ആകു. യേശുവിന്റെ കൂടെ നടക്കാൻ തുടങ്ങൂ. യേശുവിന്റെ സ്വഭാവം നീ പ്രാപിക്കൂ. യേശുവിന്റെ ഛായ നീ പ്രാപിക്കൂ. യേശുവിന്റെ സ്വരൂപം നീ പ്രാപിക്കൂ. യേശുവിന്റെ സാദൃശ്യം നീ പ്രാപിക്കൂ. നിന്റെ മാംസരക്തങ്ങളിലുള്ള പഴയ മനുഷ്യന്റെ പ്രകൃതിയെ നീ ഉപേക്ഷിക്കൂ.

പഴയതു കഴിഞ്ഞുപോയി ഇതാ അതു പുതുതായി തീർന്നിരിക്കുന്നു എന്നു പറയത്തക്കവണ്ണം ഒരു പുതിയ സൃഷ്ടിയായി നീ ജീവിക്കൂ. നിന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിൽ ഇന്ന് സമർപ്പിക്കൂ.

# അഞ്ച്

വി. യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായം യേശുക്രിസ്തു ചെയ്ത അതിമഹത്തായ വലിയോരു അത്ഭുത പ്രവൃത്തിയെ വിവരിക്കുന്ന അദ്ധ്യായമാണ്. ബേഥാന്യയിലെ ലാസറിനെ കർത്താവായ യേശുക്രിസ്തു ഉയർത്തെഴുന്നേൽപ്പിച്ചതിനെ കുറിച്ചുള്ള വിവരണമാണ് ഈ അദ്ധ്യായത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

ബെഥാബാറാ (Bethabara)എന്ന സ്ഥലത്ത്, ബേഥാന്യയിൽ നിന്ന് ഇരുപത് മൈൽ ദൂരെ കർത്താവ് കഴിയുമ്പോൾ ആണ് ഒരു ദിവസം ഒരാൾ അവിടെ വന്ന് സങ്കടകരമായ ആ വാർത്ത അറിയിച്ചത്. കർത്താവിന്റെ സ്നേഹിതനായ ലാസർ രോഗിയായി കിടക്കുന്നു എന്ന്. ആ മനുഷ്യൻ ഈ ദൂതറിയിക്കുവാൻ ഒട്ടും താമസിയാതെ തന്നെ അവിടെ ചെന്നിരുന്നു എങ്കിൽ ഒരു ദിവസത്തെ വഴിയാത്ര ചെയ്തിരിക്കണം എന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. പിറ്റേ ദിവസം തന്നെ യേശു അവനെ തിരിച്ചയച്ചു എന്ന് യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായം നാലാം

വാക്യം വായിക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കും.

> "ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു - കർത്താവേ, നിനക്ക് പ്രിയനായ വൻ ദീനമായിക്കിടക്കുന്നു എന്ന് പറയിച്ചു. യേശു അത് കേട്ടിട്ട് - ഈ ദീനം മരണത്തിന്നാ യിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്ന് ദൈവ ത്തിന്റെ മഹത്വത്തിനായിട്ടത്രേ എന്നു പറഞ്ഞു. യേശു മാർത്തയേയും അവളുടെ സഹോദരി യെയും ലാസറിനെയും സ്നേഹിച്ചു. എന്നിട്ടും അവൻ ദീനമായി കിടക്കുന്നു എന്ന് കേട്ടാറെ താൻ അന്ന് ഇരുന്ന സ്ഥലത്ത് രണ്ട് ദിവസം പാർത്തു."
> യോഹ 11 : 3-6

രണ്ട് ദിവസം യേശു അവിടെത്തന്നെ പാർത്തു എന്നാണ് നാം മനസ്സിലാക്കുന്നത്. കർത്താവ് രണ്ട് ദിവസം കൂടി താമസിച്ചു ബേഥാന്യയിലേക്ക് പുറപ്പെട്ടു. അതിനകം കർത്താവും ശിഷ്യന്മാരും അവിടെ എത്തിച്ചേർന്നു. ആ സമയത്ത് ലാസർ മരിച്ചിട്ട് നാലു ദിവസമായിരുന്നു. എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ആ ദൂതൻ ലാസർ രോഗി യായി കിടക്കുന്നു എന്ന് അറിയിപ്പാൻ യേശുക്രിസ്തു വിന്റെ അരികിലേക്ക് പുറപ്പെട്ട അന്നു തന്നെ ലാസർ മരിച്ചു എന്ന് നമുക്ക് ചിന്തിക്കാവുന്നതാണ്.

യേശുക്രിസ്തു പറഞ്ഞു. "ഈ ദീനം മരണത്തിന്നായി ട്ടല്ല, ദൈവനാമം മഹത്വപ്പെടേണ്ടതിന്നായിട്ടാണ്." ദൈവ ത്തിന്റെ മഹത്വത്തിന്നായി ഓരോ സംഭവവും പരിണമി ക്കുന്നു എന്ന മഹാസത്യം നാം ഇതിൽ നിന്ന് മനസ്സിലാ ക്കുകയാണ്. കർത്താവ് തുടർന്ന് പറയുന്നുണ്ട്. "നിങ്ങൾ

വിശ്വസിപ്പാൻ കാരണമാകുമല്ലോ" എന്ന്.

> "അപ്പോൾ യേശു സ്പഷ്ടമായി അവരോട് : ലാസർ മരിച്ചുപോയി, ഞാൻ അവിടെ ഇല്ലാത്തതുകൊണ്ട് നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു, നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ."
> യോഹ 11 : 14-15

എന്ന് കർത്താവ് ശിഷ്യന്മാരോട് പറയുന്നുണ്ട്. ഈ അദ്ധ്യായത്തിൽ തന്നെ കുറഞ്ഞത് എട്ടു സ്ഥലങ്ങളിൽ "വിശ്വസിക്കുക" എന്ന പദം നാം കാണുന്നുണ്ട്. വിശ്വാസത്തെ കുറിച്ചാണ് ഈ അദ്ധ്യായം ഊന്നിപ്പറയുന്നത്. യോഹന്നാന്റെ സുവിശേഷം തന്നെ വിശ്വാസം എന്ന വിഷയത്തിന് വളരെ ശക്തി നൽകുന്ന ഒരു സുവിശേഷമാണ്.

യോഹന്നാന്റെ ലേഖനങ്ങൾ സ്നേഹം എന്ന വിഷയത്തിനും യോഹന്നാനുണ്ടായ വെളിപ്പാട് പ്രത്യാശ എന്ന വിഷയത്തിനും യോഹന്നാന്റെ സുവിശേഷം വിശ്വാസം എന്ന വിഷയത്തിനും ഊന്നൽ നൽകുന്നു.

യോഹന്നാന്റെ സുവിശേഷത്തിൽ വിശ്വാസം എന്നത് മാത്രമല്ല, ജീവൻ, വെളിച്ചം, ജീവജലം, ജീവന്റെ അപ്പം എന്നിങ്ങനെയുള്ള വാക്കുകൾ നാം തുടരെ തുടരെ കാണുന്നു. യേശുക്രിസ്തു ജീവന്റെ അപ്പമാണെന്ന് പറഞ്ഞു, യേശുക്രിസ്തു ജീവന്റെ ജലമാണെന്ന് പറഞ്ഞു, യേശുക്രിസ്തു ജീവന്റെ വഴിയാണെന്ന് പറഞ്ഞു, യേശുക്രിസ്തു ജീവന്റെ സത്യമാണെന്ന് പറഞ്ഞു, യേശുക്രിസ്തു ജീവൻ തന്നെയാണെന്ന് പറഞ്ഞു.

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" എന്ന് ഈ അദ്ധ്യായത്തിൽ കർത്താവ് പറയുന്നുണ്ട്. യേശു ക്രിസ്തു വെളിച്ചമാണ്, യേശുക്രിസ്തു ജീവനാണ്, യേശു ക്രിസ്തു ഭക്ഷണമാണ്, യേശുക്രിസ്തു പാനീയമാണ്, യേശു ക്രിസ്തു സമൃദ്ധിയായ ജീവനാണ്.

ഞാൻ നല്ല ഇടയൻ ആകുന്നു എന്ന് കർത്താവ് പറഞ്ഞു, ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന് കർത്താവ് പറഞ്ഞു, ഞാൻ ജീവന്റെ പാനീയമാകുന്നു എന്ന് കർത്താവ് പറഞ്ഞു, ഞാൻ ജീവന്റെ വെളിച്ചമാണ് എന്ന് കർത്താവ് പറഞ്ഞു, ഞാൻ ജീവന്റെ മന്നയാണ് എന്ന് കർത്താവ് പറഞ്ഞു, ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു എന്ന് യേശു പറഞ്ഞു.

കർത്താവായ യേശുക്രിസ്തു ജീവനാണ്. ആര് യേശു ക്രിസ്തുവിൽ ആശ്രയിക്കുന്നുവോ അവർക്ക് ജീവൻ നൽകുവാൻ, അവർക്ക് സമൃദ്ധിയായി ജീവൻ നൽകുവാൻ യേശുക്രിസ്തു ഇന്ന് ജീവിക്കുന്നു. ആര് യേശു ക്രിസ്തുവിനെ സ്വീകരിക്കുന്നുവോ അവരുടെ മരിച്ച ആത്മാവിന് ഉയർത്തെഴുന്നേല്പു തരുവാൻ യേശുക്രിസ്തു ജീവിക്കുന്നു.

മരിച്ചവരെ ഉയർപ്പിക്കുന്നവനാണ് കർത്താവായ യേശു ക്രിസ്തു. ഇന്ന് ഈ വചനം വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങളെ, നിങ്ങൾ ആത്മാവിൽ മരിച്ചിരിക്കുന്നു എന്ന് നിങ്ങളെ തന്നെ നോക്കി നിങ്ങൾ തിരിച്ചറിഞ്ഞു ദൈവത്തിന്റെ കൃപയ്ക്കായി യാചിപ്പീൻ.

'പാപത്തിന്റെ ശമ്പളം മരണമത്രെ."

റോമ 6 : 23

> “മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു.”
> യാക്കോ. 1 : 15

പാപം ചെയ്യുന്ന ദേഹിമരിക്കും, പാപം ചെയ്യുന്ന നാളിൽ മരിക്കും, പാപം ചെയ്യുന്നവൻ മരിക്കും.

സ്നേഹിതരെ, പാപം നമ്മിൽ ഉണ്ടെങ്കിൽ ആത്മാവ് മരിച്ചിരിക്കയാണ്. മരിച്ച ആത്മാവിന് വേണ്ടതു ജീവനാണ്. മരിച്ച ആത്മാവിന് ജീവൻ ആവശ്യമാണ്. ആദാം പാപം ചെയ്തപ്പോൾ ഏദെൻ തോട്ടത്തിൽ വെച്ച് മരിച്ചു, ആത്മാവ് മരിച്ചു. ആത്മാവിൽ നിന്ന് ദൈവത്തിന്റെ സാദൃശ്യം മാറിപ്പോയി. ആത്മാവിൽ നിന്ന് ദൈവത്തിന്റെ തേജസ്സ് മാറിപ്പോയി. ആത്മാവിൽ നിന്ന് ദൈവത്തിന്റെ സ്വരൂപം മാറിപ്പോയി. ആത്മാവിൽ നിന്ന് ദൈവത്തിന്റെ മഹത്വം പൊയ്പ്പോയി. ആത്മാവ് മരിച്ചു ദൈവീക സംസർഗ്ഗം നഷ്ടപ്പെട്ടു. മരിച്ച ആത്മാവിനെ ജീവിപ്പിക്കുവാൻ, നഷ്ടപ്പെട്ടുപോയ പറുദീസ്സയിലേക്ക് മനുഷ്യനെ തിരികെ കൊണ്ടുവരുവാൻ സ്വർഗ്ഗനാഥനായവൻ ഭൂമിയിലേക്ക് ഇറങ്ങിവന്ന് ക്രൂശിൽ മരിച്ചു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ.

> “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.”
> യോഹ 3 : 16

സഹോദരാ ദൈവം നിന്നെ സ്നേഹിച്ചു, തന്റെ ഏകജാതനായ പുത്രനെ നിനക്ക് വേണ്ടി തന്നു. തന്റെ ദിവ്യ

ജീവൻ ക്രൂശിൽ അർപ്പിക്കുവാൻ തന്റെ ഏകജാതനായ തിരുക്കുമാരന് തിരുമനസ്സായി. ഇന്ന് ഇത് വായിക്കുമ്പോൾ മാന്യസ്നേഹിതാ, പ്രിയ സഹോദരീ നിന്റെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നീ കൊടുക്കുമോ? മരിച്ച ആത്മാവിനെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുമോ?

> "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു." യോഹ 5 : 25

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു യോഹ 11 : 25 എന്നു കല്പിച്ച ക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ സ്വീകരിക്കുമെങ്കിൽ, ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് കൈക്കൊള്ളുമെങ്കിൽ ക്രിസ്തു നിങ്ങളുടെ ജീവിപ്പിക്കും. നാഥാ, ഞാൻ ഒരു പാപിയായ മനുഷ്യൻ, എന്റെ ആത്മാവ് മരിച്ചിരിക്കുന്നു, എനിക്ക് ജീവൻ തരുവാൻ നീ ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. നാഥാ, നിന്റെ ജീവൻ എന്റെ ഉള്ളത്തിലേക്ക് പകരണമെ എന്റെ മൃതമായ ആത്മാവിനെ ജീവിപ്പിക്കണമെ, എന്ന് നിങ്ങൾ പ്രാർത്ഥിക്കുമെങ്കിൽ അത്ഭുതകൃപ നിങ്ങളുടെ മേൽപകരും. അതിശയകരമായ ദിവ്യജീവൻ നിങ്ങളിലേക്ക് കടക്കും. മരിച്ച ആത്മാവ് ഉയർത്തെഴുന്നേൽക്കും.

ചീഞ്ഞ് ദുർഗ്ഗന്ധം വമിച്ചു തുടങ്ങിയ ലാസറിനെ ഉയിർപ്പിച്ചവന്റെ അത്ഭുതകരം നിങ്ങളേയും പിടിച്ച് എഴുന്നേല്പിക്കും. ലാസറേ, പുറത്തു വരിക എന്നു കല്പിച്ച കർത്താവായ യേശുക്രിസ്തുവിന്റെ ശബ്ദം നിങ്ങളെയും പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടു വരും. നിങ്ങളുടെ ബന്ധനങ്ങൾ അഴിയും. നിങ്ങൾക്ക് പുതുജീവൻ തരും.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു."
യോഹ 5 : 25

ദൈവത്തിന്റെ ശബ്ദം കേൾക്കുവിൻ, ദൈവത്തിന്റെ വചനം കേൾക്കുവിൻ.

സഹോദരങ്ങളെ, ക്രിസ്തു നിങ്ങളെ പേർചൊല്ലി വിളിക്കുന്നു. ക്രിസ്തുവിനായി നിങ്ങളുടെ ഉള്ളം തുറക്കുവീൻ. യേശുക്രിസ്തു നിങ്ങളെ ഉയർത്തെഴുന്നേല്പിക്കുവാൻ ഇതാ നിങ്ങളുടെ അരികത്ത് നിൽക്കുന്നു.

കർത്താവേ, ഞാൻ ജീവന്റെ അനുഭവത്തിൽ വരാതെ സ്വർഗ്ഗീയ പറുദീസ്സായിലേക്ക് എനിക്ക് പ്രവേശനമില്ലല്ലോ. എന്റെ നാഥാ, എനിക്ക് ജീവൻ ലഭിച്ചില്ലെങ്കിൽ ഞാൻ നിത്യ അന്ധകാരത്തിൽ ആയിപ്പോകുമല്ലോ, എന്റെ ദൈവമേ, മരിച്ച് ആത്മാവിൽ മൃതരായവർ ദൈവത്തെ സ്തുതിക്കുന്നില്ലല്ലോ. എന്റെ പുറമേയുള്ള സ്തുതിയല്ല. എന്റെ പുറമേയുള്ള സ്തോത്രമല്ല, പുറമേയുള്ള Praise the Lord അല്ല പുറമെയുള്ള ഹാലേലുയ്യാ അല്ല. ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ എന്നു ഞാൻ വായിക്കുന്ന പ്രകാരം ജീവൻ പ്രാപിച്ചു നിന്നെ സ്തുതിപ്പാൻ വിശുദ്ധിയിലും സത്യത്തിലും ആത്മാവിലും ഉള്ള ആരാധന എനിക്ക് ആരംഭിക്കാൻ നാഥാ കൃപ തരണമെ. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുമോ?

# ആറ്

ലാസറിനെ ഉയർപ്പിക്കുന്ന സംഭവത്തിൽ നാലുകാര്യങ്ങൾ ആദ്യം നമ്മുടെ ശ്രദ്ധയിലേക്ക് വരികയാണ്.

ഒന്ന് : Disease

രണ്ട് : Disappontment

മൂന്ന് : Delay

നാല് : Death

ഒന്ന് : Disease : രോഗം - ലാസർ രോഗിയായി കിടക്കുന്നു, രോഗിയായി കഴിയുന്നവർ ഉണ്ട്. രോഗത്തിന്റെ ബാധയിൽ വലയുന്നവർ ഉണ്ട്. രോഗത്തിന്റെ വേദനയിൽ പുളയുന്നവർ ഉണ്ട്. രോഗത്തിന്റെ കഷ്ടപ്പാടിൽ ഭാരത്തോടെ ഞരങ്ങുന്നവർ ഉണ്ട്. രോഗത്തിന്റെ ആകുലതയിൽ ജീവിതം വിരസമായി പോയവർ ഉണ്ട്. രോഗബാധയിൽ ജീവിതം ആടി ഉലയുന്നവർ ഉണ്ട്.

രണ്ട് : Disappointment : രോഗത്തിന്റെ കനത്ത ആക്രമണ

ത്തിൽ നൈരാശ്യം പൂണ്ട് കേഴുന്നവർ ഉണ്ട്. എല്ലാം പോയല്ലോ എന്നോർത്ത് സങ്കടപ്പെട്ടു വിലപിക്കുന്നവർ ഉണ്ട്. മനസ്സ് നിരാശ നിറഞ്ഞു, ഭാവിയിലെ എല്ലാ പ്രതീക്ഷയുടെ വാതിലുകളും അടഞ്ഞു പ്രത്യാശയുടെ നാമ്പുകൾ കരിഞ്ഞു എല്ലാമെല്ലാം തകർന്നു ജീവിതം മടുത്തുപോയവർ ഉണ്ട്.

നിങ്ങൾ അങ്ങനെ ഉള്ളവരിൽ ഒരാൾ ആണോ? ജീവിതം മടുത്തുപോയിരിക്കുകയാണോ? നിരാശ നിങ്ങളെ ഗ്രസിച്ചിരിക്കുകയാണോ? നൈരാശ്യം നിങ്ങളെ വലയം ചെയ്തു നിൽക്കുകയാണോ? എന്റെ ജീവിതം തീർന്നല്ലോ എന്നു നിങ്ങൾ നെടുവീർപ്പിടുകയാണോ? “Chapter Closed” എന്നു പറഞ്ഞ് ദുഃഖത്തോടെ ഇരിക്കുകയാണോ? “Closed Chapter ” എന്ന് കരയുന്നവർ ഉണ്ട്. എന്റെ ജീവിതം ഒരു “Closed Chapter” അദ്ധ്യായം അവസാനിച്ചു എന്ന്. ജീവിതം തീർന്ന് എന്ന്, ഭാവിയെക്കുറിച്ചുള്ള മോഹന സ്വപ്നങ്ങൾ കരിഞ്ഞു ഉണങ്ങി എന്ന്, ഭാവിയെക്കുറിച്ചുള്ള മധുരക്കി നാക്കൾ പൊലിഞ്ഞുപോയി എന്ന്. നാളെയെക്കുറിച്ചുള്ള തായ സുമധുരമായ പ്രതീക്ഷകൾ എല്ലാം കരിഞ്ഞുണങ്ങി എന്ന്. വാടിക്കരിഞ്ഞവരായി മനസ്സു തളർന്നവരായി ആരെല്ലാം ഇരിക്കുന്നുണ്ട്.

മൂന്ന് : Delay : കർത്താവേ നിനക്ക് പ്രിയനായവൻ ദീന മായി കിടക്കുന്നു എന്ന് പറയിച്ചു. സഹോദരിമാർ കാത്തി രുന്നു. രോഗം കൂടിക്കൂടി വരികയാണ്. യേശു ഒന്ന് ഓടി വന്നിരുന്നെങ്കിൽ, അല്ല യേശുവിനെ വിളിക്കാൻ പോയ ആൾ, രോഗവൃത്താന്തം അറിയിക്കാൻ പോയ ആൾ യേശു ഉടനെ തന്നെ അവന്റെ രോഗം ഭേദമാകട്ടെ എന്ന് പറ ഞ്ഞു എന്നുള്ള ഒരു സന്തോഷ വർത്തമാനവുമായി ഒന്ന് വന്നിരുന്നു എങ്കിൽ.

യേശു അവിടെ അത്രയും ദൂരെ ഇരുന്നുകൊണ്ട് ലാസർ സുഖമാകട്ടെ എന്ന് പറഞ്ഞിരുന്നു എങ്കിൽ, സഹോദരിമാരുടെ വിശ്വാസം അത് പ്രവർത്തിച്ചു ലാസറിന് സൗഖ്യം കിട്ടി എന്ന് ഒരു സാക്ഷ്യം ലഭിച്ചിരുന്നെങ്കിൽ, ഇങ്ങനെയെല്ലാം പക്ഷേ ആ സഹോദരിമാർ പ്രതീക്ഷിച്ചു കാണും.

അവരുടെ പ്രതീക്ഷകൾ മങ്ങിമങ്ങി വരികയാണ്. ലാസറിന് രോഗം കൂടിക്കൂടി വരുന്നു. അവർ നിറകണ്ണുകളോടെ ഗെയ്റ്റിലേക്ക് നോക്കുന്നത് ഭാവനയിൽ ഒന്ന് കാണാം. ഒരു കണ്ണ് ലാസറിന് നേരെ നോക്കും പെട്ടെന്ന് കണ്ണ് തിരിച്ച് ഗെയിറ്റിംഗലേക്ക് നോക്കും, യേശു വരുന്നോ എന്ന്. അവിടെ കൂടി നിന്നവർക്കെല്ലാം ഇവർ നോക്കുന്നതിന്റെ അർത്ഥം അറിയാം. ഇവർ ആരെയാണ് പ്രതീക്ഷിക്കുന്നത് എന്നറിയാം. യേശുവിനെ അവർ അത്യാർത്തിയോടെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് എന്നറിയാം. പക്ഷേ യേശു വന്നില്ല.

ലാസർ ഇതാ മരിച്ചു. അപ്പോഴും ആ സഹോദരിമാർ ചിന്തിക്കുകയാണ്. സാരമില്ല യായീറോസിന്റെ മകൾ മരിച്ചു കിടന്നപ്പോൾ യേശു ആ ഭവനത്തിൽ ചെന്ന് മരിച്ച ബാലയുടെ കൈയിൽ പിടിച്ച് "ബാലയെ എഴുന്നേൽക്ക" എന്നു പറഞ്ഞല്ലോ. മർക്കോസ് 5 : 32-45. മരിച്ചു ജീവൻ നഷ്ടപ്പെട്ട ആ ബാലിക, പന്ത്രണ്ടു വയസ്സായ ആ ബാലിക, ഉയർത്തെഴുന്നേറ്റല്ലോ. അതുപോലെ ഇപ്പോൾ യേശു ഒന്ന് വന്നാൽ മതി. അവർ പ്രതീക്ഷയോടെ പിന്നേയും ഗെയ്റ്റിലേക്ക് നോക്കുകയാണ്.

Dead Body അരികത്ത് കിടക്കുന്നുണ്ട്. സഹോദരിമാരുടെ കണ്ണ് ഗെയ്റ്റിലേക്കാണ്. അങ്ങനെ നമുക്ക് ഭാവനയിൽ ഒന്ന് കാണാം. അന്ന് ഗെയ്റ്റുണ്ടെന്നോ അന്ന് അവിടെ വഴി

ഉണ്ടെന്നോ ഒന്നും ധരിച്ചിട്ടല്ല ഈ പറയുന്നത്. നമുക്കെല്ലാം മനസ്സിലാകുന്ന തെറ്റല്ലാത്ത ഭാവനയിലൂടെ നമ്മുടെ ചിന്തകൾ നീങ്ങുകയാണ്. അവർ ഇങ്ങനെ നോക്കി നോക്കി നിന്നു. Delay.

Disease, Disappointment, Delay, സമയം നീണ്ടുനീണ്ടു പോവുകയാണ്. യെഹൂദന്മാർ ബദ്ധപ്പാടോടെ, എത്രയും വേഗം ശവസംസ്ക്കാരം നടത്തണം എന്ന് അവർ ധൃതി പിടിക്കുന്നുണ്ട്, അവർ തിരക്കു കൂട്ടുന്നുണ്ട്, അല്പം കൂടി കഴിയട്ടെ എന്ന്, മാർത്തയും, മറിയയും പറയുകയാണ്. പക്ഷേ യേശു വന്നില്ല.

Delay – എത്രനേരം കാത്തിരിക്കും യേശു വരുന്നില്ല. സഹോദരിമാർ, സമ്മതിക്കേണ്ടി വന്നു, ലാസറിനെ ശവസംസ്ക്കാരത്തിന് വേണ്ടി കല്ലറയിലേക്ക് എടുത്തുകൊണ്ടു പോകാൻ. Dead Body എടുത്തുകൊണ്ട് പോവുകയാണ്. ആ Dead Boady യെ അനുഗമിച്ച് വലിയൊരു ജനക്കൂട്ടം പോകുന്നുണ്ട്. ആ കൂടെ കണ്ണീർ തുടച്ചുകൊണ്ട്, വിതുമ്പിക്കരഞ്ഞുകൊണ്ട്, ഏങ്ങലടിച്ചുകൊണ്ട്, വിങ്ങിവിങ്ങി നെടുവീർപ്പ് ഇട്ടുകൊണ്ട് പാവം മാർത്തയും മറിയയും നീങ്ങുന്നുണ്ട്.

പക്ഷേ ഇടയ്ക്ക് ഇടയ്ക്ക് കണ്ണുനീര് തുടച്ചുകൊണ്ട് അവർ പിറകിലേക്ക് നോക്കും. യേശു എങ്ങാനും വരുന്നുണ്ടോ? യേശു വന്നാൽ മതിയായിരുന്നു. വിധവയുടെ മകനെ നയീൻ പട്ടണത്തിൽക്കൂടി ശവസംസ്ക്കാരത്തിന് വേണ്ടി എടുത്തുകൊണ്ടു പോയപ്പോൾ യേശുവന്നു ലൂക്കോസ് 7 : 12 – 15ആ ശവമഞ്ചത്തെ തൊട്ടു, ശവമഞ്ചത്തിന്റെ മൂടി ഇളകി. ബാല്യക്കാരൻ ശവമഞ്ചത്തിൽ എഴുന്നേറ്റിരുന്നു. മരിച്ച് അടക്കാൻ കൊണ്ടുപോയ Dead Boady ഉയർത്തെഴുന്നേറ്റു, അതുപോലെ

ഒരു അത്ഭുതം നടത്താൻ യേശു ഇപ്പോൾ ഒന്നുവന്നിരുന്നുവെങ്കിൽ. അവർ കാത്തു. പക്ഷേ Delay - താമസം വരികയാണ്.

Disease, Disappointment, Delay. Delay, അത് നീങ്ങി നീങ്ങി മരണത്തിന്റെ (Death) ആ ഭയാനകമായ അവസ്ഥാന്തരങ്ങളിലൂടെ മുന്നോട്ട് നീങ്ങുകയാണ്. Death മരണം, ശവസംസ്ക്കാരം (Burial) എല്ലാമെല്ലാം മുറയ്ക്ക് നടക്കുകയാണ്. കല്ലറയിലേക്ക് നീങ്ങുകയാണ്.

ദൈവപൈതലേ, നിന്റെ ജീവിതത്തിലെ കാത്തിരിപ്പുകൾ ഇന്ന് വ്യർത്ഥമെന്ന് നിനക്ക് തോന്നുന്നുണ്ടോ? Delay വന്ന് Death ലേക്ക് നീങ്ങി, ഇനി ആശയ്ക്ക് വകയില്ല എന്ന് നിന്റെ ഹൃദയം നിന്നോട് സംസാരിക്കുന്നുണ്ടോ? പ്രതീക്ഷകൾ മങ്ങിപ്പോയി. എന്റെ എല്ലാ ആശകളും തീർന്നു പോയി, മകനേ, നീ ഇന്ന് തീർത്തും നിരാശപ്പെട്ടു വലയുകയാണോ? എങ്കിൽ നീ ഒരു വാക്ക് കേൾക്കൂ. ഹബക്കൂക് പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം ആദ്യഭാഗം.

> “ഞാൻ കൊത്തളത്തിൽ നിന്ന് കാവൽകാത്തുകൊണ്ടു - അവൻ എന്നോട് എന്തരുളിചെയ്യും എന്നും എന്റെ ആവലാധി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടു എന്നും കാണേണ്ടതിന്ന് ദൃഷ്ടിവെക്കും. യഹോവ എന്നോട് ഉത്തരം അരുളിയതു - നീ ദർശനം എഴുതുക, ഓടിച്ച് വായിപ്പാൻ തക്കവണ്ണം അത് പലകയിൽ തെളിവായി വരക്കുക. ദർശനത്തിന് ഒരു അവധിവെച്ചിരിക്കുന്നു, അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു, സമയം തെറ്റുകയുമില്ല, അത് വൈകിയാലും അതി

ന്നായി കാത്തിരിക്ക, അത് വരും നിശ്ചയം, താമ
സിക്കുകയുമില്ല." ഹബ 2 : 1-3

ദർശനത്തിന്ന് ഒരു അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല. അതു വൈകിയാലും അതിന്നായി കാത്തിരിക്ക അതുവരും നിശ്ചയം താമസിക്കയുമില്ല. ദൈവപൈതലേ, നീ പലതും പലതും പ്രതീക്ഷിച്ചു. നിന്റെ ആശപോലെ ഒന്നും നടന്നില്ല. നിന്റെ പ്രതീക്ഷകൾ എല്ലാം മങ്ങിപ്പോയി. നിന്റെ കണ്ണീര് വറ്റിവറ്റി വരണ്ടുപോയി. നിനക്ക് ഇന്ന് ഏങ്ങലടിക്കാൻ പോലും കഴിവില്ലാതെ നീ നിരാശയുടെ ആഴക്കയങ്ങളിലേക്ക് താണുതാണുപോയിരിക്കുന്നു.

എന്റെ സഹോദരാ, ഈ വചനം വായിക്കുമ്പോൾ 'മരിച്ചാൽ മതി' എന്ന് നിരാശപ്പെടുമാറ് നിന്റെ ഹൃദയം ഇന്ന് വിരസത പൂണ്ടിരിക്കുകയല്ലേ? പ്രിയ സഹോദരീ, നീ ഈ സമയത്ത് ജീവിതം ആകെ ഭാരവും പ്രാരബ്ധവും ക്ലേശവും നിരാശയും സങ്കടഭാരങ്ങളുമായി ഇന്ന് ഏങ്ങലടിച്ചുകൊണ്ട് ഇരിക്കുകയല്ലേ?

ഒന്ന് - Disease, രണ്ട് - Disappointment, മൂന്ന് - Delay. , നാല് - Death എല്ലാം തീർന്നു.

എന്നാൽ ദൈവപൈതലേ കേൾക്കൂ. എല്ലാം തീർന്നില്ല, തീർന്നു എന്ന് നിനക്ക് തോന്നി. പക്ഷേ സ്വർഗ്ഗത്തിലെ ദൈവത്തിന് തീർന്നിട്ടില്ല. അവന് ഇനിയും സമയം ഉണ്ട്. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. അത് വൈകിയാലും അതിന്നായി കാത്തിരിക്ക, അത് വരും നിശ്ചയം, താമസിക്കുകയുമില്ല.

കല്ലറയിൽ വച്ചു, നാലു ദിവസമായി, നാറ്റം വച്ചു തുടങ്ങി, ശരീരം ജീർണ്ണിച്ചു തുടങ്ങി, ശരീരം ചീഞ്ഞളിഞ്ഞു തുടങ്ങി, ദുർഗന്ധം വമിക്കുന്നുണ്ട്. അതും യേശുവിന് തടസ്സമല്ല, യേശു ലാസറിനെ ഉയർത്തെഴുന്നേല്പിച്ചു.

മകനേ, നിനക്ക് ഒരു ഉയർത്തെഴുന്നേല്പു വേണമോ? നിനക്ക് ഒരു ശോഭനമായ ഭാവി വേണമോ? നിന്റെ നൈരാശ്യമെല്ലാം മാറണമോ? മകളേ, നിന്റെ ജീവിതത്തിൽ സമാധാനത്തിന്റെ നൂതനാനുഭൂതി നിനക്ക് സംപ്രാപ്തമാക്കണമോ? എങ്കിൽ ഇതാ യേശു അടുത്തു വന്നിട്ടുണ്ട്. അവന്നു ഒന്നും വൈകിയിട്ടില്ല. നിനക്ക് വൈകി പക്ഷെ യേശുവിന് വൈകിയിട്ടില്ല, നിനക്ക് നിരാശയായി പക്ഷേ യേശുവിന് പ്രതീക്ഷയുണ്ട്.

അവൻ ഇതാ നിന്റെ നേരെ തന്റെ കരം നീട്ടുന്നു. നിന്നെ പേർ ചൊല്ലി വിളിക്കുന്നു. “ലാസറേ, പുറത്ത് വരിക” ലാസറിനെ ഉയർപ്പിച്ചവൻ നിങ്ങളെ ഉയർപ്പിക്കുവാൻ, നിങ്ങൾക്ക് നവോന്മേഷം തരുവാൻ, ഇതാ, കടന്നു വന്നു നിൽക്കുന്നു. അവനെ ഒന്ന് നോക്കുവിൻ. അവന്റെ തിരുമുഖത്തേക്ക് നോക്കുവിൻ.

> “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി.
> അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.”

ഏല്പിച്ചു കൊടുക്കുവിൻ, വിശ്വസിപ്പിൻ, ദൈവ കൃപയ്ക്കായി യാചിപ്പീൻ.

# ഏഴ്

> "യേശു അവളോട് : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല, ഇത് നീ വിശ്വസിക്കുന്നുവോ എന്ന് പറഞ്ഞു."
> യോഹ 11 : 25-26

യേശു മാർത്തയോട് സംസാരിക്കുകയാണ്. ലാസർ കല്ലറയിൽ വെയ്ക്കപ്പെട്ടു, നാലു ദിവസം കഴിഞ്ഞു. യേശു ബേഥാന്യയിലേക്ക് വന്നു. മാർത്ത യേശുവിനെ എതിരേല്പാൻ ചെന്നു. "മാർത്ത യേശുവിനോട് : കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" എന്ന് സങ്കടം ഉണർത്തിച്ചു. എന്നാൽ യേശു അവളുടെ വിശ്വാസം കാണുന്നുണ്ട്. അവളുടെ വേദന കാണുന്നുണ്ട്. അവളുടെ പ്രയാസം കാണുന്നുണ്ട്.

എന്നാൽ അതേ സമയം യേശു ലാസറിന്റെ കല്ലറ

യിലെ ദയനീയ അവസ്ഥയും കാണുന്നുണ്ട്. Death കഴിഞ്ഞ് Decay ആയിരിക്കുന്നു. മരണം കഴിഞ്ഞു ഇതാ ജീർണ്ണിച്ചി രിക്കുന്നു. ജീർണ്ണത വരുന്നു. ദുർഗന്ധം വമിക്കുന്ന അവ സ്ഥയിൽ ലാസർ കല്ലറയിൽ കിടക്കുകയാണ്. യേശു എല്ലാം കാണുന്നുണ്ട്.

Death ഉം, Decay യും ഒരുമിച്ച് സംഭവിക്കുകയാണ്. Death കഴിഞ്ഞാൽ Decay ഉണ്ടാകും. അനേക ജീവിതങ്ങൾ മരണം കൊണ്ട് നിൽക്കുകയല്ല. അത് ദുർഗന്ധം വമി ക്കുന്ന അവസ്ഥയിൽ ആയിരിക്കുകയാണ്. ആത്മാവിന്റെ അവസ്ഥ, ദുർഗന്ധപൂരിതമായ അവസ്ഥ. ആത്മാവിൽ മരിച്ചു, പാപത്തിന്റെ ശമ്പളം മരണമാണ്. എന്നാൽ അത് ഒരു പടികൂടി കടന്നു.

മറ്റുള്ളവർ അറിഞ്ഞു. പാപം പരസ്യമായി സമൂഹ ത്തിൽ ദുർഗ്ഗന്ധമായി, സമൂഹത്തിന് വീർപ്പുമുട്ടായി. ചുറ്റു പാടുള്ളവർക്ക് പ്രയാസമായി. വീട്ടിൽ ഉള്ളവർക്ക് അസ ഹ്യമായി. സ്വന്തപ്പെട്ടവർക്ക് ദുസ്സഹമായി. ജീവിതം വിരസ മായി. മറ്റുള്ളവർക്ക് പ്രയാസമായി, സമൂഹത്തിന്റെ മന സ്സാക്ഷി ഞെട്ടുന്നു.

പ്രിയപ്പെട്ടവരെ, Decay ആയിരിക്കുന്നവർ ഉണ്ട്. ചീഞ്ഞ് പോയവർ ഉണ്ട്, അഴുകിപ്പോയവർ ഉണ്ട്, പ്രതീക്ഷ നഷ്ട പ്പെട്ടവർ ഉണ്ട്. ലാസർ ദുർഗ്ഗന്ധം വമിച്ച് തുടങ്ങിയിരിക്കു കയാണ്. കർത്താവേ, "നാറ്റം വച്ചു തുടങ്ങിയല്ലോ" എന്നാണ് മാർത്ത പറയുന്നത്.

ഇന്ന് ഇത് വായിക്കുന്ന ആരെങ്കിലും തങ്ങളുടെ പാപ ജീവിതംകൊണ്ട് കുടുംബത്തിൽ ദുർഗന്ധം വ്യാപിപ്പിക്കു

ന്നവർ ഉണ്ടോ? സ്നേഹിതരെ, നിങ്ങളുടെ കൊള്ളരുതാത്ത ജീവിതം കൊണ്ട്, മദ്യപാനാസക്തികൊണ്ട്, നിങ്ങളുടെ സിനിമയോടുള്ള താല്പര്യംകൊണ്ട്, നിങ്ങളുടെ ജഡത്തിന്റെ അശുദ്ധികൊണ്ട്, മ്ലേച്ഛമായ ജീവിതംകൊണ്ട്, മോഷണ സ്വഭാവംകൊണ്ട്, കലക്കമുണ്ടാക്കുന്ന പ്രകൃതം കൊണ്ട്, വഴക്കും പിണക്കവും കലഹവും, ഇഷ്ടക്കേടും, മുഷിച്ചി ലും, വൈരാഗ്യവും, പകയും, വിദ്വേഷവും പുകയുന്നതു കൊണ്ട് അങ്ങനെ ദുർഗന്ധം വമിക്കുന്ന അവസ്ഥയിൽ ആയിരിക്കുന്നവർ ആരെല്ലാം ഈ വചനം ഇപ്പോൾ വായി ക്കുന്നുണ്ട്. ദൈവപൈതലേ, എങ്കിലും കർത്താവായ യേശു ക്രിസ്തുവിന് നിന്നെ ഉയർത്തെഴുന്നേല്പിക്കാൻ കഴിയും.

Decay ആയെങ്കിലും Death ൽ നിന്ന് Resurrection തരാൻ യേശുക്രിസ്തു നിന്റെ അരികത്ത് വന്ന് നിൽക്കുന്നു. ചീഞ്ഞ് ദുർഗന്ധം വ്യാപിക്കുന്നുണ്ട്, നിന്റെ ഭാര്യക്ക് നിന്നെക്കുറിച്ച് വലിയ വേദനയാണ്. മകളേ, നിന്റെ ഭർത്താവ് നിന്നെ ഓർത്ത് ഏങ്ങലടിക്കുന്നുണ്ട്, നെടുവീർപ്പ് ഇടുന്നുണ്ട്. കുഞ്ഞേ, നിന്റെ മാതാപിതാക്കൾക്ക് നീയൊരു വലിയ വേദനാ വിഷയമാണ്, മകനേ, നീ ഒരു പേടി സ്വപ്നമാണ്. നാട്ടിൽ ആർക്കും നിന്റെ ധിക്കാര മനോ ഭാവവും അഹങ്കാരപൂർവ്വമായ പെരുമാറ്റവും അസഹ്യമായി തീർന്നിരിക്കുകയാണ്.

ദൈവപൈതലേ, ദുർഗന്ധം വമിക്കുന്നുണ്ട്. നാട്ടിൽ ആകെ നിന്റെ ജീവിതം കുപ്രസിദ്ധമാണ്. അനേകർ നിന്നെ ഓർത്തു ദുഃഖിക്കുന്നുണ്ട്. അനേകർക്ക് നീ ഒരു പേടി സ്വപ്നമായി മാറിയിരിക്കുകയാണ്. സമൂഹത്തിന് നീ ഒരു ഞെട്ടലായി തീർന്നിരിക്കുകയാണ്. അനേകർക്കും അസ ഹ്യമായ ദുർഗന്ധം നിന്നിൽ നിന്ന്, നിന്റെ സ്വഭാവത്തിൽ

നിന്ന്, നിന്റെ പ്രകൃതത്തിൽ നിന്ന്, നിന്റെ പ്രവൃത്തിക ളിൽ നിന്ന് വരുന്നുണ്ട്.

ദൈവപൈതലേ, ഓർത്തുകൊള്ളൂ. നിന്നെ ഈ ദുർഗന്ധം വമിക്കുന്ന അവസ്ഥയിൽ നിന്ന് ഉയർത്തെഴു ന്നേല്പിക്കാൻ യേശുക്രിസ്തുവിന് കഴിയും. യായീറോ സിന്റെ മകൾ മരിച്ചു, മരണക്കിടക്കയിൽ വെച്ചു തന്നെ. യേശു ചെന്ന് അവളെ ഉയർത്തെഴുന്നേല്പിച്ചു.

വിധവയുടെ മകൻ മരിച്ചു. മരണക്കിടക്കയിൽ നിന്ന് എടുത്ത് ശവമഞ്ചത്തിൽ വച്ചു. ശവസംസ്ക്കാരത്തിനായി സെമിത്തിരിയിലേക്ക് കൊണ്ടു പോവുകയാണ്. റോഡിൽ കൂടി ആ ശവമഞ്ചം ചുമന്ന് കൊണ്ടു പോവുകയാണ്. ഒരു പടികൂടിപോയി.

യായീറോസിന്റെ മകൾ പന്ത്രണ്ട് വയസ്സുള്ള ഒരു ബാലി കയാണ്. വിധവയുടെ മകൻ ഒരു പ്രൗഢനായ യുവാവാ ണ്. എന്നാൽ ലാസർ കുറേക്കൂടി പ്രായപൂർത്തിയായ ഒരു നല്ല പ്രൗഢനായ മനുഷ്യനാണ്.

കാര്യങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണ്ണം ആകുക യാണ്, കൂടുതൽ കർക്കശമാവുകയാണ്. ലാസർ മരിച്ചു, മരണക്കിടക്കയിൽ നിന്ന് എടുത്തു ശവമഞ്ചത്തിൽ വച്ചു. ശവസംസ്ക്കാരത്തിനായി കൊണ്ടുപോയി, കല്ലറയിൽ വച്ചു നാലു ദിവസമായി. Decay ആരംഭിച്ചു.

“കർത്താവേ, നാറ്റംവെച്ചു തുടങ്ങി, നാലു ദിവസമാ യല്ലോ” എന്നു മാർത്ത പറഞ്ഞു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ നീ മരിച്ച അവസ്ഥയിൽ കുറേക്കാലം കഴിഞ്ഞു, ശവമഞ്ചത്തിൽ എടുത്തുകൊണ്ടു പോകുന്ന ഒരു അവസ്ഥ നിനക്ക് വന്നു. എന്നാൽ ഇന്ന് ചീഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിൽ ആണ് നീ കഴിയുന്നത് എന്ന് നീ അറിഞ്ഞുകൊള്ളുക. നിന്റെ ജീവിതം അനേകരെ വീർപ്പുമുട്ടിക്കുന്നതാണ് എന്ന് നീ മനസ്സിലാക്കിയാൽ നന്ന്.

സ്നേഹിതാ, നിന്നെ ഉയർപ്പിക്കാൻ യേശു നിന്റെ അരികത്തേക്ക് വരുന്നു. ഉയർത്തെഴുന്നേല്പിക്കുന്ന ക്രിസ്തുവിനെ മകനേ, നീ ഒന്നു കാണുക. അവന്റെ സ്വരം നീ ഒന്ന് കേൾക്കുക. യേശുക്രിസ്തു ആത്മാവിൽ മരിച്ചവരെ ജീവിപ്പിക്കാൻ വരികയാണ് ‘‘ഞാൻ ഉയർത്തെഴുന്നേല്പും ജീവനും ആകുന്നു.’’

> “ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.” യോഹ 11 : 25

ആര് യേശുക്രിസ്തുവിനെ വിശ്വസിക്കുന്നുവോ അവൻ മരിച്ചാലും ആത്മാവിൽ ജീവിക്കും എന്നത്രേ നമ്മുടെ കർത്താവ് പറഞ്ഞത്. ദൈവപൈതലേ, നിന്റെ മരണാവസ്ഥയിൽ യേശു നിന്നിൽ അനുകമ്പയോടെ, വാത്സല്യത്തോടെ, സഹാനുഭൂതിയോടെ നോക്കിക്കൊണ്ട് നിന്നെ പേർ ചൊല്ലി വിളിക്കുന്നു. അവൻ നിന്നെ ഉയർത്തെഴുന്നേല്പിക്കും. അവൻ നിനക്ക് ജീവൻ തരും.

> “എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കു

ന്നവൻ ആരും ഒരു നാളും മരിക്കയില്ല."

യോഹ 11 : 25-26

എന്താണ് അതിന്റെ അർത്ഥം? കർത്താവായ യേശു ക്രിസ്തു, ഇപ്പോൾ എഴുന്നെള്ളി വരുന്നെങ്കിൽ വിശുദ്ധരായി വാങ്ങിപ്പോയ വിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കും. എന്നാൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരോ അവർ മരണം കാണുകയില്ല. അവർ മരണം കാണാതെ ശരീരം രൂപാന്തരപ്പെട്ട്, ആത്മശരീരം പ്രാപിച്ച് ആകാശമേഘങ്ങളിൽ കർത്താവിനെ എതിരേല്പാൻ എടുക്കപ്പെടും, മദ്ധ്യാകാശത്തിലേക്ക് പറന്നുയരും. മരണം കാണുകയില്ല.

ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ അവനെ കാണാതെ ആയി. ഏലിയാവ് ദൈവത്തോട് കൂടെ നടന്നു ഏലിയാവ് മേഘത്തിൽ ഉയരങ്ങളിലേക്ക് കരേറിപ്പോയി. മോശ ദൈവത്തോട് കൂടെ നടന്നു. മോശ നെബോ പർവ്വതത്തിന്റെ മുകളിൽ വച്ച് മരിച്ചു പ്രാണനെ വിട്ടു.

സഹോദരങ്ങളെ, ജീവനുള്ള ക്രിസ്തു ഉയർത്തെഴുന്നേല്പിക്കുന്നവൻ ആണ്. മരിച്ചവരെ ഉയർത്തെഴുന്നേല്പിക്കുന്നവനാണ്. മൃതരെ ജീവിപ്പിപ്പാൻ എഴുന്നെള്ളുന്ന രാജാവാണ് കർത്താവായ യേശുക്രിസ്തു.

മൃതരെ ജീവിപ്പിപ്പാൻ എഴുന്നെള്ളുന്ന രാജാവാകുന്ന കർത്താവായ യേശുക്രിസ്തു, മുകിലഴകിന്മേൽ ആഘോഷിതനായി വരുന്ന ഒരു സുദിനം ഉണ്ട്. മേഘങ്ങളുടെ ശോഭയിന്മേൽ - ആകാശമേഘങ്ങളുടെ തേരിന്മേൽ അവിടുന്ന് എഴുന്നെള്ളി വരുന്ന ഒരു സുദിനം ഉണ്ട്. അന്ന്

വിശുദ്ധന്മാർ മാത്രം, നയവാന്മാർ മാത്രം തന്റെ വരവിന്റെ മുൻപുള്ള കാഹളനാദം കേട്ടിട്ട് അങ്കി അണിഞ്ഞു, മഹിമാവിൻ നീരാളം ചാർത്തി, വിശുദ്ധിയുടെ തേജോവസ്ത്രം ധരിച്ചു ആകാശമേഘങ്ങളിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.

"ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു." യേശുവിന്റെ രണ്ടാമത്ത വരവിൽ പറന്നുയരണമെങ്കിൽ മകനേ, നീ ഇന്ന് ഒരു വിശുദ്ധനാകുക. നിന്റെ ചീഞ്ഞ അവസ്ഥ മാറ്റുക, ദുർഗന്ധം വമിക്കുന്ന അവസ്ഥമാറ്റുക. മാറ്റാൻ ക്രിസ്തു ഉണ്ട്, നിന്നെ ജീവിപ്പിക്കാൻ ക്രിസ്തുവിന്റെ തിരുരക്തം ഉണ്ട്. നിനക്ക് ജീവൻ തരാൻ ക്രിസ്തുവിന്റെ ദിവ്യജീവൻ ഉണ്ട്. ക്രിസ്തുവിനെ വിശ്വസിക്കൂ. നിന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. പുതിയ തീരുമാനം എടുക്കൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ അടിമ. യേശുവിനായി സമർപ്പിക്കൂ.

## എട്ട്

"തന്റെ സഹോദരിയായ മറിയയെ സ്വകാര്യ മായി വിളിച്ചു, ഗുരു വന്നിട്ടുണ്ട്, നിന്നെ വിളി ക്കുന്നു എന്നുപറഞ്ഞു." യോഹ 11 : 28

മാർത്ത കർത്താവിനെ എതിരേല്പാൻ ആദ്യം എഴു ന്നേറ്റുപോയി. കർത്താവ്, ലാസർ മരിച്ചു നാലു ദിവസം ആയതിന് ശേഷം ആണ് വന്ന് ചേർന്നത്. നാലു ദിവസ മായി യേശു വൈകി എന്നാണ് എല്ലാവരുടേയും ധാരണ. എന്തിന് യേശു വൈകിപ്പോയി എന്ന് ആരും ചോദിക്കു ന്നില്ല. എങ്കിലും മാർത്ത പറഞ്ഞു.

"കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായി രുന്നു." യോഹ 11 : 12

കർത്താവ് മാർത്തയോട് സംസാരിച്ചു. കർത്താവ് ചില

സ്വർഗ്ഗീയ രഹസ്യങ്ങൾ അവൾക്ക് പറഞ്ഞു കൊടുത്തു. “ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. “എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്ക യില്ല” എന്ന് അവളോട് പറഞ്ഞു.

മാർത്ത ബദ്ധപ്പെട്ടുപോയി മറിയയെ വളരെ സ്വകാര്യ മായി അടുത്ത് വിളിച്ച് രഹസ്യമായി പറഞ്ഞു. “ഗുരു വന്നിട്ടുണ്ട്, നിന്നെ വിളിക്കുന്നു.” എന്തായിരിക്കും രഹസ്യ മായി പറയാൻ കാരണം? മറ്റുള്ളവർ കേൾക്കാതെ സ്വകാ ര്യമായി പറഞ്ഞത് എന്തുകൊണ്ടായിരിക്കാം, കാരണം മറ്റൊ ന്നുമല്ല, യഹൂദന്മാർ യേശുവിനെ പിടികൂടാൻ വട്ടം കൂട്ടു ന്നുണ്ട് എന്ന് ആ സഹോദരിമാർക്ക് അറിയാം. യേശു വിനെ കൊല്ലുന്നതിന് അവർ തക്കം നോക്കുകയാണ് എന്ന് നാട്ടിലാകെ പ്രസിദ്ധമായിരിക്കുകയാണ്.

യേശു എവിടെയെല്ലാം ചെല്ലുന്നുണ്ടോ, അവിടെയെല്ലാം പതിയിരിപ്പുകാരേയും ചേവകരേയും ആക്കുന്നുണ്ട് എന്ന് മാർത്തയ്ക്കും മറിയയ്ക്കും അറിയാം. യേശു അവിടെ വരാൻ ഇടയുണ്ട് എന്നുള്ളതുകൊണ്ട് അവിടെ വച്ച് യേശു വിനെ പിടികൂടാൻ യഹൂദന്മാർ പക്ഷേ അവിടെ വരുമോ എന്ന് അവർക്ക് ആശങ്കയുണ്ട്, ഭീതിയുണ്ട്, ഭയപ്പാടുണ്ട്. അതുകൊണ്ടാണ് മറ്റുള്ളവർ കേൾക്കാതെ രഹസ്യമായി സ്വകാര്യമായി മാർത്ത മറിയയോട് പറഞ്ഞത് “ഗുരു വന്നി ട്ടുണ്ട് നിന്നെ വിളിക്കുന്നു”

ദൈവപൈതലേ ഇപ്പോൾ ഇത് വായിക്കുമ്പോൾ ആ സ്വരം നിന്റെ കാതുകളിൽ മുഴങ്ങട്ടെ. “ഗുരു വന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു.”

ഞാൻ ഒരു സംഭവം കേട്ടിട്ടുണ്ട് : Florence Nightingale അനേകമനേകം അവശരും രോഗികളും ആതുരരുമായവരെ ശുശ്രൂഷിക്കുന്ന വളരെ ശ്രേഷ്ഠമായ സേവന പാരമ്പര്യ മുള്ള ഒരു ദൈവദാസിയായിരുന്നു. അവൾ ശുശ്രൂഷയ്ക്ക് മികവേറിയ പാരമ്പര്യം കാണിക്കവെച്ച ആശുപത്രിയിൽ അവിടെ Nurses Room ൽ ഒരു മണി തൂക്കിയിട്ടിട്ടുണ്ടായിരു ന്നു. ആ മണിയിൽ എഴുതിയിട്ടുണ്ട് "ഗുരുവന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു" എന്ന്.

അതിൽ ഏതെങ്കിലും വാർഡിൽ രോഗികൾ അവശനി ലയിലാകുമ്പോൾ ആ രോഗിയുടെ കൂടെ നിൽക്കുന്ന ആൾ ആ മണി ഒന്ന് അടിച്ചാൽ ഇവിടെ ആ മണി Nurses Room ൽ അടിയ്ക്കും. Bell അടിയ്ക്കുമ്പോൾ അവിടെ കാണു ന്നത് ഇതാണ്. "ഗുരുവന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു" എന്നാ ണ്.

എന്താണ് ആ വാക്യത്തിന്റെ അർത്ഥം? ഓരോരുത്ത രും, ഓരോ രോഗിയും, ഓരോ അവശനിലയിലും ആതു രരായും, ദുഃഖിതരായും വലഞ്ഞും വേദനിച്ചും പുളഞ്ഞും കഴിയുന്നവർ, അവർ ബെൽ അടിയ്ക്കുന്നത് യേശുക്രിസ്തു വന്നു വിളിക്കുന്നതിന് തുല്യമായിട്ടാണ് Florence Nightingale കണ്ടിരുന്നത്.

അവശരുണ്ട്, രോഗികളുണ്ട്, ദുഃഖിതരുണ്ട് വേദനിയ്ക്കു ന്നവർ ഉണ്ട്, യാതനയിൽ പിടയുന്നവർ ഉണ്ട് ദുരിതങ്ങ ളിൽ പുളയുന്നവർ ഉണ്ട്. എന്നാൽ അവരെ സ്നേഹിപ്പാൻ കരം നീട്ടുന്നത് അനുഗൃഹീതമാണ്. അവരെ ആശ്വസിപ്പി ക്കുവാൻ അവരുടെ കണ്ണീർ ഒപ്പുവാൻ കഴിയുന്നത് വലിയ പദവിയാണ്, ക്രിസ്തു ചെയ്തത് അതാണ്. എവിടെ വേദ

നയുണ്ടോ അവിടെ യേശു ഓടി എത്തും. എവിടെ ദുഃഖ മുണ്ടോ അവിടെ യേശു പാഞ്ഞെത്തും, എവിടെ രോഗ മുണ്ടോ ദുരിതമുണ്ടോ അവിടെ യേശു പാഞ്ഞെത്തി അവരെ ആശ്വാസത്തിലേക്ക് യേശു നയിക്കും.

അവിടെ സന്തോഷം യേശു വാരിവിതറി. രോഗികൾക്ക് സൗഖ്യം നൽകി, ദുഃഖിതർക്ക് ആശ്വാസം നൽകി, അദ്ധ്വാ നിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവർക്ക് സമാധാ നവും വിശ്രമവും ആശ്വാസവും നൽകി. യേശുക്രിസ്തു പലതരത്തിൽ ഉള്ളതായ ദുരിതങ്ങളിൽ വലയുന്നവരെ സാന്ത്വനപ്പെടുത്തി ആശ്വസിപ്പിച്ചു. എക്കാലത്തും ക്രിസ്തു അങ്ങനെയാണ്.

“ഗുരുവന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു.”

മാന്യ ദൈവപൈതലേ, നിന്നെ വിളിക്കുന്ന ക്രൂശിലെ സ്നേഹത്തെ ഇപ്പോൾ നീ ഒന്ന് കാണുക. ഗുരു വന്നിട്ടു ണ്ട്, നിന്നെ വിളിക്കുന്നു. അവൻ നിന്നെ പേർ ചൊല്ലി വിളിക്കുന്നു. നിന്നെ അനുഗ്രഹിപ്പാനാണ് വിളിക്കുന്നത്. നിന്റെ കണ്ണുനീര് തുടയ്ക്കാനാണ് വിളിക്കുന്നത്.

നാളുകളായി ഹൃദയത്തിൽ യാതന പേറി ആ വലിയ ചുമടും പേറിക്കൊണ്ട് വലഞ്ഞിരിക്കുന്ന നിന്നെ ആശ്വസി പ്പിക്കുവാൻ ഗുരു വന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു.

നെടുവീർപ്പിട്ടുകൊണ്ട് മനസ്സ് മാഴ്കിക്കരഞ്ഞു കൊണ്ട് ഉള്ളുരുകി കരഞ്ഞുകൊണ്ട് ദുഃഖഭാരത്തോടെ ഇരിക്കുന്ന നിന്നെ ആശ്വസിപ്പിക്കുവാൻ ഗുരു വന്നിട്ടുണ്ട് നിന്നെ വിളി ക്കുന്നു ദൈവപൈതലേ, എഴുന്നേറ്റ് വരിക. മറിയ എഴു

ന്നേറ്റ് ചെന്നു.

മാർത്ത പറഞ്ഞ അതേ വാക്കു തന്നെയാണ് മറിയയും പറയുന്നത്.

> "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു."
> യോഹ 11 : 32

എന്താണ് ഈ രണ്ട് സഹോദരിമാരും ഒരേ വാക്കു തന്നെ പറഞ്ഞത്? കാരണം മറ്റൊന്നുമല്ല. ഈ രണ്ട് സഹോദരിമാരും ആ നാലുദിവസവും പറഞ്ഞുകൊണ്ടിരുന്ന വാക്ക് അതു തന്നെയാണ്. യേശു ഇവിടെ ഉണ്ടായിരുന്നു എങ്കിൽ മരണം കടന്നു വരികയില്ലായിരുന്നു. യേശു ഈ ഭവനത്തിൽ ഉണ്ടായിരുന്നു എങ്കിൽ മരണ ദുതൻ ഇങ്ങോട്ട് കടക്കുകയില്ലായിരുന്നു.

യേശു എല്ലാ ഛിദ്രശക്തിയേയും അകറ്റുന്നവനാണ്. വെളിച്ചം ഉണ്ടെങ്കിൽ ഇരുട്ട് വരികയില്ലല്ലോ. യേശു ജീവനാണ്, ജീവന്റെ ഉടയവനാണ്, ജീവന്റെ അധിപതിയാണ്, യേശു ഉണ്ടായിരുന്നു എങ്കിൽ മരണം വരികയില്ലായിരുന്നു എന്നാണ് ആ സഹോദരിമാർ കൂടെക്കൂടെ പറഞ്ഞുകൊണ്ടിരുന്നത്.

ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും ആണ്ടുകളും നിങ്ങൾക്ക് തരുവാനാണ് യേശു വന്നിരിക്കുന്നത്. ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങളെ നൽകണമേ എന്ന് പിതാക്കന്മാർ പ്രാർത്ഥിച്ചു, നാമും പ്രാർത്ഥിക്കും. നാം ഇങ്ങനെയാണല്ലോ പ്രാർത്ഥിക്കുന്നത്.

“അലിവൊടു കൃപ - ചെയ്യുകനാഥാ!
ആഹ്വാനം - ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ!
ആർദ്രതയാൽ കോപത്തിൽ വടിയും,
താഡനവും നീക്കീടണമെ.
ആനന്ദൈശ്വര്യങ്ങളെഴും
മാസാബ്ദങ്ങളെ നൽകണമെ
സ്ളീബായുടെ വൻറൂശ്മായാൽ
വിദ്ധ്വംസിക്കുക ദുഷ്ടനെ നി-
ന്നാർദ്രതയെ വാഴ്ത്തും ഞങ്ങൾ”

ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും ആണ്ടുകളും ഞങ്ങൾക്ക് തരണമെ, നാഥാ ഞങ്ങളുടെ ജീവിതത്തിൽ നിന്ന് ദുഷ്ടനായ പൈശാചികനെ മാറ്റി ഞങ്ങൾക്ക് മോചനം തരുമ്പോൾ ഞങ്ങൾ നിന്നെ സ്തുതിക്കുമല്ലോ, ഞങ്ങൾ നിന്റെ നാമത്തെ സ്തുതിച്ചു കീർത്തനങ്ങൾ ആല പിക്കുമല്ലോ.

ദൈവജനമേ, ഗുരു വന്നിട്ടുണ്ട്, നിന്നെ വിളിക്കുന്നു. നിനക്ക് സ്തുതി തരാൻ അവൻ വന്നിട്ടുണ്ട്, നിനക്ക് ആനന്ദം തരാൻ അവൻ വന്നിട്ടുണ്ട്. നിന്റെ ദുഃഖം മാറ്റാൻ അവൻ വന്നിട്ടുണ്ട്. നിന്റെ കണ്ണുനീര് തുടയ്ക്കാൻ അവൻ വന്നിട്ടുണ്ട്. നിന്റെ കരച്ചിൽ അകറ്റാൻ അവൻ വന്നിട്ടുണ്ട്, നിന്റെ മരണം മാറ്റാൻ അവൻ വന്നിട്ടുണ്ട്, നിന്റെ കുടും ബത്തിന്റെ കെടുതിമാറ്റാൻ അവൻ വന്നിട്ടുണ്ട്, നിന്റെ ജീവി തത്തിന്റെ നിന്ദ മാറ്റാൻ അവൻ വന്നിട്ടുണ്ട്, നിന്റെ ജീവിത ത്തിൽ ആശ്വാസം പകരാൻ അവൻ വന്നിട്ടുണ്ട്, ഗുരു വന്നിട്ടുണ്ട്, നിന്നെ വിളിക്കുന്നു.

നമുക്ക് സമർപ്പിക്കാം ഈ നല്ല ഗുരുവിന്റെ മുൻപിൽ നമ്മെത്തന്നെ അർപ്പണം ചെയ്യാം. ഈ ഗുരുവിനോട് നമുക്ക് പറയാം : നാഥാ നീ എന്റെ ഗുരുവാണ്, നീ എന്റെ നാഥ നാണ്, നീ എന്റെ നായകനാണ്, നീ എന്റെ വീണ്ടെടുപ്പു കാരനാണ്. നീ എന്റെ കർത്താവാണ്, നീ എന്റെ യജമാ നനാണ്. നീ എന്റെ അധിപതിയാണ്, നീ എന്റെ സ്രഷ്ടാ വാണ്, നീ എന്റെ രക്ഷകനാണ്, നാഥാ നീ എന്റെ അരുമ മണവാളനാണ്. യേശുവേ ഇന്ന് മുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ ഇന്ന് മുതൽ ഞാൻ നിന്റെ അടി മ. എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

## ഒൻപത്

"അവൾ കരയുന്നതും അവളോടു കൂടെ വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ട് ഉള്ളം നൊന്ത് കലങ്ങി, അവനെ വെച്ചതു എവിടെ എന്ന് ചോദിച്ചു : കർത്താവേ, വന്നു കാൺക എന്ന് അവർ അവനോട് പറഞ്ഞു. യേശു കണ്ണുനീർ വാർത്തു. ആകയാൽ യെഹൂദന്മാർ : കണ്ടോ അവനോട് എത്രപ്രിയം ഉണ്ടായിരുന്നു എന്നു പറഞ്ഞു. ചിലരോ : കുരുടന്റെ കണ്ണു തുറന്നു ഇവന്ന് ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ എന്നു പറഞ്ഞു. യേശു പിന്നെയും ഉള്ളം നൊന്തു കല്ലറെക്കൽ എത്തി."

യോഹ. 11 : 33-38

അവൾ കരയുന്നത് യേശു കണ്ടിട്ട് ഉള്ളം നൊന്തു കലങ്ങി, യേശു പിന്നെയും ഉള്ളം നൊന്തു കല്ലറെക്കൽ എത്തി. യേശു കണ്ണുനീർ വാർത്തു.

വേദപുസ്തകത്തിലെ ഏറ്റവും ചെറിയ വാക്യമാണ്. "Jesus Wept" "യേശു കണ്ണുനീർ വാർത്തു" എന്നുള്ളത്. Jesus wept is the shortest and yet the deepest word in the scripture അത് ഏറ്റവും ചെറിയ വാക്യമാണ്. പക്ഷേ ഏറ്റവും ആഴമുള്ള വാക്യമാണ്.

ദൈവജനമേ, ഏറ്റവും ആഴമേറിയ അനുഭവമാണ് ആ വാക്യം നമുക്ക് തരുന്നത്. നമ്മുടെ വേദനയിൽ പങ്കു ചേർന്നു വേദനിക്കുന്ന ക്രിസ്തു, നാം കരയുമ്പോൾ ഒപ്പം കരയുന്ന ക്രിസ്തു, പൂർണ്ണമനുഷ്യനായിരുന്നു ക്രിസ്തു, പൂർണ്ണ ദൈവമായിരുന്നു.

പൂർണ്ണദൈവം, പൂർണ്ണ മനുഷ്യൻ, മനുഷ്യനുള്ള വേദനകൾ ക്രിസ്തുവിന് ഉണ്ടായിരുന്നു. മനുഷ്യനുള്ളതായ സഹജഭാവങ്ങൾ ക്രിസ്തുവിനുണ്ടായിരുന്നു. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് എന്നാണ് എബ്രായ ലേഖന കർത്താവ് പറയുന്നത്.

> "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴിക സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക." എബ്രാ 4 : 15-16

ധൈര്യത്തോടെ കൃപാസനത്തിന്ന് അടുത്തേക്ക്

ആർക്കും കടന്നു ചെല്ലാം. എന്തുകൊണ്ട്? അവൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല.

> "താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു."
>
> എബ്രാ 2 : 18

നമ്മെപ്പോലെ കഷ്ടത സഹിക്കുന്നവനാണ് ക്രിസ്തു.

"യേശു കണ്ണുനീർ വാർത്തു, യേശു ഉള്ളം നൊന്തു കലങ്ങി."

ഈ വേദഭാഗം, യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായം വേറൊരു മർമ്മ പ്രധാനമായ ആശയത്തിലേക്ക് വിരൽ ചൂണ്ടിക്കാണിച്ചു തരുന്നുണ്ട്. എന്താണ്?

മാർത്തയും മറിയയും ലാസറും പ്രതീകാത്മങ്ങളായ മൂന്നു കഥാപാത്രങ്ങളായി നമുക്ക് ധ്യാനിക്കാവുന്നതാണ്. ലാസർ ആത്മാവിനെ കാണിക്കുന്നു, ആത്മാവ് മരിച്ചു കിടക്കുന്നു. മറിയ ദേഹിയെ കാണിക്കുന്നു, ദേഹി ആത്മാവ് മരിച്ചതിൽ ദുഃഖത്തോടെ വിഷാദത്തോടെ കഴിയുന്നു. മാർത്ത ദേഹത്തെ കാണിക്കുന്നു. ദേഹത്തെ പ്രതീകവൽക്കരിക്കുന്നു. ശരീരവും കരയുന്നു.

ആത്മാവ് മരിച്ച അവസ്ഥയിൽ, ദേഹവും ദേഹിയും ദുഃഖാവസ്ഥയിൽ. ശരീരം യേശുവിനെ എതിരേല്പാൻ പോകുന്നുണ്ട്. പക്ഷേ ദേഹി ഒപ്പം പോകുന്നില്ല. ആത്മാവോ

മരിച്ചു കിടക്കുകയാണ്. ശരീരം കരയുന്നുണ്ട്. ശരീരം പ്രാർത്ഥിക്കുന്നുണ്ട്. ശരീരം ഏങ്ങലടിക്കുന്നുണ്ട്. ശരീരം കണ്ണുനീർ വാർക്കുന്നുണ്ട്. പക്ഷേ യേശു പ്രവർത്തിക്കുന്നില്ല. ശരീരത്തോടൊപ്പം ദേഹിയും വരണം, പ്രാണനും വരണം ഉള്ളവും ഉണർന്ന് വരണം.

ബാഹ്യമായ ശരീരം ഉണർന്നാൽ പോര, ബാഹ്യമായ ശരീരം കരഞ്ഞാൽ പോരാ, കണ്ണുനീർ വാർത്താൽ പോരാ. ഹൃദയം തകരണം, മറിയയും എഴുന്നേറ്റു വരണം, മാർത്ത വന്നാൽ മാത്രം പോര മറിയയും വരണം.

ശരീരം എഴുന്നേറ്റു വന്നാൽ പോര, ശരീരം പ്രാർത്ഥിച്ചാൽ പോര, ചുണ്ടുകൾ പ്രാർത്ഥനാ ശബ്ദം ഉച്ചരിച്ചാൽ പോര, ഉള്ളവും ചേരണം. പ്രാർത്ഥനയിൽ, ഉള്ളവും തകരണം, മറിയയും ആവശ്യക്കാരിയായി യാചിക്കണം. ഹൃദയം ആത്മാവിന്റെ അവസ്ഥയെ ഓർത്തു കരയുന്ന ഹൃദയമായി മാറണം. ഹൃദയം അനുതാപംകൊണ്ട് നിറയണം. ഹൃദയം തകരണം.

ശരീരവും ഹൃദയവും ഒരുപോലെ തകരുമ്പോൾ അപ്പോൾ രക്ഷകൻ കണ്ണുനീർ വാർക്കുവാൻ തുടങ്ങും.

മാർത്ത കരഞ്ഞിട്ട് യേശു ഒപ്പം കരയുന്നില്ല. എന്നാൽ മറിയകൂടി വന്നു കരഞ്ഞപ്പോൾ യേശു കണ്ണുനീർ വാർത്തു. ദേഹവും ദേഹിയും കരയുമ്പോൾ രക്ഷകൻ ഒപ്പം കരയും, യേശു കണ്ണുനീർ വാർത്തു.

ദൈവജനമേ, നിങ്ങൾ പുറമെ നമസ്ക്കാരങ്ങൾ ചൊല്ലുന്നുണ്ട്. നിങ്ങൾ പുറമെ പള്ളിയിൽ പോകുന്നുണ്ട്. നിങ്ങൾ

പുറമെ ആരാധനാലയങ്ങളിൽ പോകുന്നുണ്ട്, നിങ്ങൾ പുറമെ പ്രാർത്ഥനാ ശബ്ദങ്ങൾ ഉരുവിടുന്നുണ്ട്, നിങ്ങൾ നമസ്ക്കാരങ്ങൾ തികയ്ക്കുന്നുണ്ട്. നിങ്ങൾ ചില ചടങ്ങുകൾ ആചരിക്കുന്നുണ്ട്. നിങ്ങൾ ബൈബിൾ വായിക്കുന്നുണ്ട്. നിങ്ങൾ ആത്മീയ കാര്യങ്ങളിൽ പങ്കെടുക്കുന്നുണ്ട്, സണ്ടേസ്കൂൾ പഠിപ്പിക്കുന്നുണ്ട്, സുവിശേഷം പ്രസംഗിക്കുന്നുണ്ട്, ചിലതെല്ലാം പഠിച്ചു പറയുന്നുണ്ട്, നിങ്ങൾ Praise the Lord, ഹാലേലുയ്യ, സ്തുതി, സ്തോത്രം എന്നെല്ലാം നാവുകൊണ്ട് ഉച്ചരിക്കുന്നുണ്ട്.

പ്രിയപ്പെട്ടവരെ, ചടങ്ങുകൾ ആചരിക്കുന്നവർ ഉണ്ട്, അനുഷ്ഠാനങ്ങൾ പെരുകുന്നുണ്ട്. എന്നാൽ ഹൃദയം ദൈവത്തിൽ നിന്ന് അകന്നു പോയിരിക്കുന്നു. ഹൃദയം ദുരാഗ്രഹത്തെ പിൻതുടരുന്നു. ചുണ്ട് നമസ്ക്കരിക്കുന്നു, ചുണ്ട് ആരാധിക്കുന്നു.

> "ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽ നിന്ന് ദൂരത്ത് അകറ്റിവെച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷകല്പനയത്രെ." യെശ. 29 : 13

ഈ ജനം അടുത്തുവന്ന് അധരം കൊണ്ട് എന്നെ സേവിക്കുന്നു. അവർ മധുരവാക്കുകൾ, ചക്കര വാക്കുകൾ പറയുന്നു. അധരം കൊണ്ട് എന്നെ സേവിക്കുന്നു, അവരുടെ ഹൃദയമോ, ദുരാഗ്രഹത്തെ പിൻതുടരുന്നു. പുറമെ മധുരമായ പ്രാർത്ഥനകൾ ഉണ്ട്, ഗീതങ്ങൾ ഉണ്ട്, മനോഹരമായ ധ്യാനങ്ങൾ ഉണ്ട്, നല്ല നല്ല ചട്ടംകെട്ടുകൾ ഉണ്ട്.

മനോഹരമായ കൂദാശകൾ ഉണ്ട്, അർത്ഥവത്തായ അനേകമനേകം നല്ല കാര്യങ്ങൾ ഉണ്ട്. പക്ഷേ അതിന്റെ അർത്ഥം എന്ത് എന്നറിയാതെ എല്ലാം ഉരുവിടുകയും എല്ലാം ചൊല്ലി കൂട്ടുകയും എല്ലാം ആചാരാനുഷ്ഠാനങ്ങളിൽ മാത്രം തങ്ങി നിൽക്കുകയും ചെയ്യുന്ന ദയനീയാനുഭവമാണ് ഇന്ന് വിവിധ സ്ഥലങ്ങളിൽ കാണുന്നത്.

ഹൃദയവും ശരീരവും ഒരുപോലെ അനുതപിക്കണം, ഒരുപോലെ കരയണം. അപ്പോൾ യേശു കണ്ണുനീർ വാർക്കും. യേശു ഉള്ളം നൊന്ത് കലങ്ങും. ഇന്ന് ഈ വചനം വായിക്കുമ്പോൾ നിങ്ങൾ, സജീവമായ ഒരു അനുതാപത്തിലേക്ക് വരൂ.

സജീവമായ ഒരു അനുതാപം, സാക്ഷാത്തായ ഒരു പശ്ചാത്താപം, വാസ്തവമായ ഒരു ഹൃദയ നുറുക്കം, അതാണ് വേണ്ടത്. "തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്." തകർന്നതും നുറുങ്ങിയതുമായ ഹൃദയം.

മനോവിനയമുള്ളവരോട് കൂടെയും ഹൃദയം തകർന്നവരോടും കൂടെ വസിക്കുന്ന ദൈവം.

> "അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശ. 66 : 2

> "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു." സങ്കീ. 34 : 18

അനുതാപം കൊണ്ട് വിവശമായി നിങ്ങൾ ക്രിസ്തുവിന്റെ പാദപീഠത്തിലേക്ക് വരൂ. യേശു നിന്റെ ഒപ്പം കണ്ണുനീർ വാർക്കും.

ക്രിസ്തു സഹതാപം ഉള്ളവനാണ്, അവൻ സ്നേഹമുള്ളവനാണ്. അവൻ കരുണയുള്ളവനാണ്, അവൻ ആർദ്രത ഉള്ളവനാണ്. അവൻ മനസ്സലിവ് ഉള്ളവനാണ്.

മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവവുമായി ജീവിക്കുന്ന ദൈവം ഇന്ന് ഈ വചനം നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ അരികത്ത് വന്ന് നിങ്ങളുടെ അവസ്ഥ കണ്ടിട്ട് കണ്ണുനീർ വാർക്കുന്നു എന്ന് നിങ്ങൾ അറിയുക, നിങ്ങളുടെ ദയനീയാവസ്ഥ കണ്ട് അവൻ കരയുന്നു എന്ന് നിങ്ങൾ അറിയുക. നിങ്ങളുടെ വേദനകണ്ട് നിങ്ങളുടെ ഒപ്പം കരയുന്നു എന്ന് നിങ്ങൾ അറിയുക, അവനോട് നിങ്ങൾ പറയുക.

കർത്താവേ, എന്റെ വേദന മാറ്റാൻ നിനക്കേ കഴിയൂ, എന്റെ ദുരിതം മാറ്റാൻ യേശുവേ, നിനക്കേ കഴിയൂ. ഞാൻ ഇതാ നിന്നിൽ ആശ്രയിക്കുന്നു. നിന്റെ കുരിശിന്റെ ചുവട്ടിൽ ഞാൻ ഇതാ വീഴുന്നു. എനിക്ക് വേണ്ടി ചിന്തിയ തിരുരക്തത്തിൽ ഞാൻ ഇതാ ആശ്രയിക്കുന്നു. എന്റെ പാപം പോക്കണമേ. എന്നെ കഴുകി വെടിപ്പാക്കണമെ, ഹൃദയ നുറുക്കം തരണമെ, അനുതാപമുള്ള മനസ്സ് തരണമെ, തകർന്നും നുറുങ്ങിയതുമായ ഹൃദയത്തെ കർത്താവേ, നീ സ്വീകരിക്കുമല്ലോ. ഞാൻ ഇതാ വരുന്നു.

## പത്ത്

> “യേശു മേലോട്ട് നോക്കി : പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്ന് ഞാൻ അറിഞ്ഞിരിക്കുന്നു, എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്ന് അവരുടെ നിമിത്തം ഞാൻ പറയുന്നു എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അവൻ : ലാസറേ, പുറത്ത് വരിക എന്ന് ഉറക്കെ വിളിച്ചു. മരിച്ച വൻ പുറത്ത് വന്നു, അവന്റെ കാലും കയ്യും ശീലകൊണ്ട് കെട്ടിയും മുഖം റൂമാൽകൊണ്ട് മൂടിയുമിരുന്നു. അവന്റെ കെട്ടു അഴിപ്പിൻ, അവൻ പോകട്ടെ എന്ന് യേശു അവരോട് പറ ഞ്ഞു.” യോഹ 11: 41–44

“ലാസറേ പുറത്തു വരിക” ഉടയവൻ തന്റെ സൃഷ്ടിയെ വിളിക്കുകയാണ്, സ്രഷ്ടാവ് തന്റെ സൃഷ്ടിയെ വിളിക്കുക യാണ്, അത്യുന്നതൻ തന്റെ കൈപ്പണിയെ വിളിക്കുകയാ

ണ്. "ലാസറേ പുറത്തു വരിക" ഭക്തനായ ഒരു ദൈവവിശ്വാസി ഒരിക്കൽ പറഞ്ഞു. അന്ന് ലാസറേ, എന്ന് പേർചൊല്ലി വിളിച്ചില്ലായിരുന്നു എങ്കിൽ, പുറത്തു വരിക എന്ന് ആ കല്ലറയുടെ സമീപം നിന്ന് വിളിച്ചപ്പോൾ പുറത്ത് വരിക എന്നു മാത്രമേ പറഞ്ഞുള്ളൂ എങ്കിൽ, എല്ലാ കല്ലറകളും തുറന്നേനേ. മരിച്ചവർ എല്ലാം പുറത്ത് വന്നേനേ. എന്നാൽ ലാസറേ എന്ന് പ്രത്യേകം പേര് എടുത്തു പറഞ്ഞതുകൊണ്ട് ലാസർ മാത്രം ഉയർത്തെഴുന്നേറ്റു.

കല്ലറയുടെ അടുക്കൽ യേശു ചെന്നു, മാർത്തയും മറിയയും കർത്താവിനെ അനുഗമിച്ചു, യെഹൂദന്മാരും കരഞ്ഞുകൊണ്ട് പിന്നാലെ ചെന്നു. വിലാപം മാത്രം തളം കെട്ടിയ ഒരു അന്തരീക്ഷം. മ്ലാനത മാത്രം മുറ്റിയ ഒരു സന്ദർഭം. എല്ലാവരും ദുഃഖിതരാണ്, ഇടനെഞ്ചു പൊട്ടുമാറ് ഗദ്ഗദ ശബ്ദം പയ്യെപ്പയ്യെ ഞരങ്ങി ഞരങ്ങി വിതുമ്പി പുറത്ത് വരുന്നുണ്ട്. കനം മൂടിയ ഒരു അന്തരീക്ഷം, പക്ഷെ ക്രിസ്തു അപ്പോൾ അവിടെ ഉണ്ട്. എന്ത് ഭാഗ്യം! കർത്താവ് അപ്പോൾ അവിടെ ഉണ്ട്. എന്ത് ഭാഗ്യം.

ദൈവപൈതലേ, മ്ലാനത തളം കെട്ടിയ അന്തരീക്ഷത്തിൽ യേശു ഉണ്ടെങ്കിൽ അവിടെ ജീവനാണ്, അന്തരീക്ഷം മാറും.

"സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു."

രട്ടു അഴിച്ചു സന്തോഷം ഉടുപ്പിക്കുന്ന ഒരു ദൈവം ജീവിക്കുന്നു. മകനെ, നിന്റെ രട്ട് അവൻ അഴിച്ചു മാറ്റും, അവൻ നിന്നെ സന്തോഷം ഉടുപ്പിക്കും. മകളേ, നിന്റെ

കണ്ണുനീർ അവൻ തോർത്തിത്തരും, നിനക്ക് ആനന്ദത്തിന്റെ വേലിയേറ്റം തരും, സന്തോഷത്തിന്റെ സ്തുതി ഗീതങ്ങൾ തരും.

യേശു ആ മ്ലാനത നിറഞ്ഞ അന്തരീക്ഷത്തിൽ ഉണ്ട്. "കല്ലു നീക്കുവീൻ" എന്ന് യേശു പറഞ്ഞു. മാർത്ത പറഞ്ഞു, അയ്യോ കർത്താവേ, നാറ്റം വച്ചു തുടങ്ങി എന്റെ കർത്താവേ, നമുക്ക് ഇവിടെ നിൽക്കാൻ ഒക്കുകയില്ല. ലാസർ മരിച്ചപ്പോൾ യേശുവിന് കാണാൻ പറ്റാത്തതു കൊണ്ട് ശവശരീരം ഒന്നു കാണാൻ കല്ലറയുടെ കല്ല് ഒന്ന് മാറ്റാൻ യേശു പറഞ്ഞു എന്നേ മാർത്ത ധരിക്കുന്നുള്ളൂ.

ദൈവപൈതലേ, എനിക്കും നിനക്കും ഒന്നും അറിഞ്ഞുകൂടാ, നമുക്കുള്ള പരിജ്ഞാനം എന്നു പറയുന്നത് എത്രയോ നിസ്സാരമാണ്. യേശു ചെയ്യാൻ പോകുന്നത് എന്താണ് എന്ന് നാം ആരും ഇന്ന് അറിയുന്നില്ല. നമ്മുടെ നിസ്സാരതയിൽ അതിന്റെ ഗൗരവം നാം അറിയുന്നില്ല.

"കർത്താവേ, നാറ്റം വച്ചുതുടങ്ങി, നാലുദിവസം ആയല്ലോ" എന്ന് മാർത്ത പറഞ്ഞു. കർത്താവ് അവളുടെ മുഖത്തേയ്ക്ക് നോക്കി പറഞ്ഞു :

> "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും."
> യോഹ 11 : 40

ദൈവപൈതലേ, വിശ്വാസിയാകൂ, ദൈവത്തിന്റെ മഹത്വം കാണും. ഇതുവരെ കാണാത്ത ചില അത്ഭുതങ്ങൾ നിനക്ക് കാണാം. നിന്റെ ആയുസ്സിൽ നീ ഇതുവരെയും

അനുഭവിച്ചിട്ടില്ലാത്ത ചില മഹാ വലിയ അതിശയങ്ങൾ നിനക്ക് സ്വന്തമായി സ്വായത്തമാക്കാം. ദൈവപൈതലേ, കർത്താവ് പറഞ്ഞു "കല്ലു നീക്കുവീൻ" അവർ കല്ലു നീക്കി. യേശു മേലോട്ട് നോക്കി.

അവർ കല്ലുനീക്കി. തടസ്സം മാറ്റേണ്ടത് മനുഷ്യനാണ്. തടസ്സം മാറ്റിക്കൊടുത്താൽ, കല്ലറ തുറന്നു കൊടുത്താൽ, ദുർഗന്ധമാണെന്ന് കാണിച്ചു കൊടുത്താൽ, ക്രിസ്തു പ്രവർത്തിക്കും. കർത്താവേ, ഇതാണ് എന്റെ അവസ്ഥ, എന്റെ സഹോദരൻ ലാസർ മരിച്ചു കിടക്കുന്ന അവസ്ഥ ഇതാണ് എന്ന് തുറന്നു കാണിക്കണം. അപ്പോഴാണ് അനുഗ്രഹം വരുന്നത്.

ദൈവപൈതലേ, നീ നിന്റെ ഉള്ളം തുറന്ന് കാണിക്കുക. ദുർഗന്ധം ഉള്ള പല കാര്യങ്ങളും ഉണ്ട്. തുറന്ന് പറയാൻ അറയ്ക്കുന്ന പല കാര്യങ്ങളും ഉണ്ട്. പുറത്ത് പറയാൻ ലജ്ജിക്കുന്ന പല കാര്യങ്ങളും ഉണ്ട്, മറ്റുള്ളവർ കേട്ടാൽ നിന്നെ അവജ്ഞയോടെ നോക്കാവുന്ന ചില കാര്യങ്ങൾ ഉണ്ട്. മകനേ, ലജ്ജിക്കേണ്ടാ, മകളേ സംശയിക്കേണ്ടാ. എല്ലാം തുറന്ന് പറഞ്ഞുകൊള്ളൂ. കല്ലറയുടെ വാതിൽ തുറന്നുകൊള്ളൂ. കല്ലറയുടെ വാതിൽ തുറന്ന് കാണിക്കും. ഉടയവനെ തുറന്ന് കാണിക്കൂ.

> "തന്റെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല, അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും." സദൃ 28 : 13

ഏറ്റു പറയുവീൻ, തുറന്ന് കളയുവീൻ, തുറന്ന് കാണി

പ്പീൻ, എന്നിട്ടോ ഉപേക്ഷിപ്പീൻ. ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

> "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." 1 യോഹ 1 :9

ദൈവപൈതലേ, ഏറ്റുപറയാൻ മടിക്കേണ്ടാ, തുറന്ന് കാണിക്കാൻ മടിക്കേണ്ട, ലജ്ജാകരമായ നിന്റെ ആന്തരീക ജീവിതം തുറന്ന് കാണിക്കൂ. നിന്റെ ആന്തരീക മനുഷ്യൻ ലജ്ജാകരമാണ് എന്ന് യേശുവിനോട് നീ തുറന്നു പറയൂ. അവൻ നിന്നെ ഒന്ന് കഴുകട്ടെ. അവൻ നിന്റെ ജീർണ്ണത ഒന്ന് മാറ്റട്ടെ. അവൻ നിന്റെ ദുർഗന്ധം മാറ്റട്ടെ. അവൻ മരണം നിന്നിൽ നിന്നും പിഴുതു മാറ്റട്ടെ, അവൻ നിന്റെ മേൽ തന്റെ ജീവൻ ഒന്ന് പകരട്ടെ, അവൻ നിന്നെ പേർചൊല്ലി വിളിക്കട്ടെ. "ലാസറേ, പുറത്ത് വരിക."

എക്കാലവും ഇത് നടന്നുകൊണ്ടിരിക്കുകയാണ്. വർഷങ്ങൾ വർഷങ്ങൾ ആയി നൂറ്റാണ്ടുകൾ നൂറ്റാണ്ടുകളായി യുഗങ്ങളായി ഇന്നു തന്നെ നടന്നുകൊണ്ടിരിക്കുന്നു. സൃഷ്ടാവ് സൃഷ്ടിയെ വിളിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ കൈപ്പണിയാണ്. മനുഷ്യനെ ദൈവം വിളിക്കുന്നു "ലാസറേ, പുറത്ത് വരിക."

ലാസർ പുറത്ത് വരികയാണ്. എങ്ങനെയാണ് വന്നത്. എന്തൊരത്ഭുതം! അവന്റെ കൈയും കാലും കെട്ടിയിരിക്കുന്നു. പിന്നെ എങ്ങനെ അവൻ നടന്നു വന്നു. അവന്റെ മുഖം റൂമാൽ കൊണ്ട് മൂടിയിരിക്കുന്നു. അവൻ, ഒരു

രൂപം, ശരീരം, ആസകലം തുണികൊണ്ട് മൂടിയിരിക്കുന്നു. “അവന്റെ കാലും കയ്യും ശീലകൊണ്ട് കെട്ടിയും മുഖം റൂമാൽ കൊണ്ട് മൂടിയുമിരുന്നു.”

പിന്നെ അവൻ എങ്ങനെയാണ് പുറത്ത് വന്നത്? അതാണ് ജീവനുള്ള ക്രിസ്തുവിന്റെ അത്ഭുതം. നിനക്ക് നടക്കാൻ വയ്യ, നിനക്ക് അനങ്ങാൻ വയ്യ, നിനക്ക് ചലിക്കാൻ വയ്യ, നീ മരണാവസ്ഥയിലാണ്. ക്രിസ്തു നിനക്ക് ജീവൻ തന്നു. എങ്കിലും നിനക്ക് നടക്കാറായിട്ടില്ല. ജീവൻ ലഭിച്ച പല ദൈവമക്കൾക്ക് ഇന്നും ബന്ധനങ്ങൾ ഉണ്ട്.

ജീവൻ കിട്ടി, മാനസാന്തരം ഉണ്ടായി, വീണ്ടുംജനന അനുഭവം ലഭിച്ചു. ശരി, പക്ഷേ ഇന്നും ബന്ധനങ്ങൾ ഉണ്ട്. കൈകളിൽ ബന്ധനം ഉണ്ട്, കാലുകളിൽ ബന്ധനം ഉണ്ട്, ശരീരത്തിന്റെ ത്വക്കിൽ ബന്ധനം ഉണ്ട്, തൊലിപ്പുറമേ ബന്ധനം ഉണ്ട്, അഴുക്കു തൊട്ടതായ തൊലിയാണ്, അശുദ്ധി പിടിച്ചതായ കൈകളാണ്. അഴുക്കു പറഞ്ഞ നാവാണ്. അശുദ്ധി കുടിച്ച നാവാണ്. മദ്യം രുചിച്ച നാവാണ്. അഴുക്ക് പടങ്ങൾ കണ്ട കണ്ണാണ്. Blue Film കണ്ടു രസിച്ച കണ്ണാണ്. എന്റെ കർത്താവേ, അവയവങ്ങൾ ഓരോന്നോരോന്നായി എണ്ണി എണ്ണി നോക്കുവീൻ. അഴുക്കുപറ്റിയ അവയവങ്ങൾ. എന്റെ കർത്താവേ, മാനസാന്തരം വന്നു എങ്കിലും ബന്ധനം അഴിഞ്ഞിട്ടില്ല. ഇന്നും ചില ബന്ധനങ്ങൾ ഉണ്ട്.

ദൈവമേ, ചില പൈസ ചിലർക്ക് കൊടുത്തു തീർക്കേണ്ടതുണ്ട്, കൊടുത്തിട്ടില്ല. മാനസാന്തരപ്പെട്ടു. പക്ഷേ പൈസ ഇന്നും കടമായി ഉള്ളിൽ ഇരിക്കുന്നുണ്ട്. ചിലരെ വഞ്ചിച്ചതാണ്, ചിലരിൽ നിന്ന് മോഷ്ടിച്ചതാണ്. കർത്താവേ, തിരു

ത്താൻ ഏറെയുണ്ട്. ദൈവമേ, കയ്യും കാലും കെട്ടിയും മുഖം റൂമാൽ കൊണ്ട് മൂടിയും ഇരിക്കുന്നു.

"അവന്റെ കെട്ടു അഴിപ്പീൻ അവൻ പോകട്ടെ."
യോഹ 11 : 44

ബന്ധനത്തോടെ ഇരിപ്പാൻ കർത്താവ് ആഗ്രഹിക്കുന്നില്ല.

നിന്റെ കെട്ടു അഴിക്കുവാൻ യേശു ആഗ്രഹിക്കുന്നു. ബന്ധനം അഴിച്ചു മാറ്റാൻ യേശു ആഗ്രഹിക്കുന്നു. നിന്റെ ജീവിതത്തിലെ സകല ബന്ധനങ്ങളും മാറ്റി നിനക്കൊരു പുതിയ ചൈതന്യം തരാൻ യേശു ആഗ്രഹിക്കുന്നു. ബന്ധനങ്ങൾ അഴിയുന്നത് എന്തൊരു ഭാഗ്യമാണ്.

"അന്യായ ബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക."
യെശ 58 : 6

ബന്ധനങ്ങൾ അഴിയട്ടെ, പാപത്തിന്റെ ബന്ധനം അഴിയട്ടെ, രോഗത്തിന്റെ ബന്ധനം അഴിയട്ടെ, അവയവങ്ങളിലെ ബന്ധനം അഴിയട്ടെ, പൈശാചീകൻ കെട്ടിയ കെട്ടുകൾ പൊട്ടിപ്പോകട്ടെ. സാത്താൻ നിന്നെ ഇരിമ്പു ചങ്ങലയിൽ കുടുക്കിയ അവന്റെ ചങ്ങലക്കണ്ണികൾ തകരട്ടെ.

"അവന്റെ കെട്ടു അഴിപ്പീൻ അവൻ പോകട്ടെ." എന്ന് യേശു കല്പിച്ചു.

ബന്ധനം അഴിയണമെന്ന് ആർക്കെല്ലാം താല്പര്യമുണ്ട്. ഈ വചനം വായിക്കുന്ന എന്റെ ബഹുമാന്യ സഹോ

ദരീ സഹോദരന്മാരെ, നിങ്ങളുടെ ജീവിതത്തിലെ ബന്ധന ങ്ങൾ അഴിയണമോ? അവയവങ്ങളിലെ ബന്ധനങ്ങൾ അഴി യണമോ?

നിങ്ങൾക്ക് ജീവൻ ലഭിച്ചു. ഒരു മാനസാന്തരം കിട്ടി. പോര, തൃപ്തിപ്പെടരുത്. കർത്താവേ, എല്ലാ ബന്ധനവും അഴിയണം. എനിക്കൊരു ഉത്സവം ആചരിക്കണം.

> 'മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേ ണ്ടതിന്ന് എന്റെ ജനത്തെ വിട്ടയക്കേണം."
>
> പുറ 5 : 1

> "എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക."
>
> പുറ 8 : 1

ആരാധിക്കണം അതിന് എനിക്ക് ബന്ധനം അഴിയണം. ബന്ധനം അഴിയുന്നത് കൊണ്ട് ഉത്സവം ആഘോഷിക്കാം, ബന്ധനം അഴിയുന്നത് കൊണ്ട് ആരാധിക്കാം.

ഇതിനെ അഴിച്ചു വിടുന്നത് എന്തിന് എന്ന് ആരെ ങ്കിലും നിങ്ങളോട് ചോദിച്ചാൽ ഞങ്ങളുടെ കർത്താവിനു ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന് പറയുവീൻ" യേശു വന് ആവശ്യമുള്ളത്കൊണ്ട് ബന്ധനം അഴിയണം. ബന്ധനം അഴിയുന്നത് എന്തിനെല്ലാം?

ഒന്ന് : ഉത്സവം ആഘോഷിക്കാൻ - പുറ. 5 : 1
രണ്ട് : ആരാധിക്കാൻ - പുറ. 8 : 1
മൂന്ന് : യേശുവിന് ആവശ്യമുള്ളതുകൊണ്ട് -

ലൂക്കോസ് 19 : 33 - 37

ബന്ധനങ്ങൾ അഴിപ്പീൻ, ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുവീൻ. പുതിയ തീരുമാനം എടുക്കുവീൻ. ബന്ധനം അഴിക്കുന്നതിന് ക്രിസ്തു അടുത്തു വന്നിട്ടുണ്ട്.

# പതിനൊന്ന്

"യേശു മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച ലാസർ പാർത്ത ബേഥാന്യയിലേക്ക് യേശു പെസഹെക്കു ആറ് ദിവസം മുമ്പെ വന്നു. അവിടെ അവർ അവന്ന് ഒരു അത്താഴം ഒരുക്കി. മാർത്ത ശുശ്രൂഷ ചെയ്തു. ലാസറോ അവനോടുകൂടെ പന്തിയിൽ ഇരുന്നവരിൽ ഒരുവൻ ആയിരുന്നു. അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം ഒരു റാത്തൽ എടുത്തു യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടി കൊണ്ട് കാൽ തുവർത്തി, തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു. എന്നാൽ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഈസ്കർയ്യോത്താവ് : ഈ തൈലം മുന്നൂറ് വെള്ളിക്കാശിന് വിറ്റു ദരിദ്രന്മാർക്ക് കൊടുക്കാഞ്ഞത് എന്ത് എന്നു പറഞ്ഞു. ഇത് ദരിദ്രന്മാരെക്കുറിച്ച് വിചാരം ഉണ്ടായിട്ടല്ല. അവൻ കള്ളൻ ആക

> കൊണ്ടും പണസ്സഞ്ചി തന്റെ പക്കൽ ആക യാൽ അതിൽ ഇട്ടതു എടുത്തു വന്നതുകൊണ്ടും അത്രേ പറഞ്ഞത്. യേശുവോ : അവളെ വിടുക, എന്റെ ശവസംസ്ക്കാര ദിവസത്തിന്നായി അവൾ ഇത് സൂക്ഷിച്ചു എന്നിരിക്കട്ടെ. ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലോ, ഞാൻ എല്ലായ്പ്പോഴും അടുക്കെ ഇല്ലതാനും എന്നു പറഞ്ഞു." യോഹ : 12 : 1-8

അവൻ അവിടെ ഉണ്ടെന്ന് അറിഞ്ഞിട്ടു യെഹൂദന്മാരുടെ ഒരു വലിയ പുരുഷാരം യേശുവിന്റെ നിമിത്തം മാത്രമല്ല, അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച ലാസറെ കാണ്മാനായിട്ടും കൂടെ വന്നു. അവൻ ഹേതുവായിട്ടും അനേകം യെഹൂദന്മാർ ചെന്നു യേശുവിൽ വിശ്വസിക്കയാൽ ലാസരെയും കൊല്ലേണം എന്ന് മഹാപുരോഹിതന്മാർ ആലോചിച്ചു." യോഹ 12 : 9-10

ലാസറിനെ യേശുക്രിസ്തു ഉയർപ്പിച്ചു. മരിച്ച് കല്ലറയിൽ വച്ച് നാലു ദിവസമായി നാറ്റം വച്ചു തുടങ്ങിയ ലാസറിനെ കർത്താവായ യേശുക്രിസ്തു ഉയർപ്പിച്ചു. ഏറ്റവും വലിയ മഹാത്ഭുതം യേശുക്രിസ്തു ചെയ്തു. യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്ന് അദ്ധ്യായങ്ങളിലായി നാം കാണുന്ന അത്ഭുത പ്രവൃത്തികളിൽ ഒടുവിലത്തേതാണ്, ഏഴാമത്തേതാണ് ലാസറിനെ ഉയർപ്പിച്ചു എന്ന അത്ഭുത പ്രവൃത്തി.

ആ കുടുംബത്തിൽ സന്തോഷം വീണ്ടും മടങ്ങി വന്നു.

സമാധാനം നഷ്ടപ്പെട്ട കുടുംബത്തിൽ, ആ വിലാപ ഭവനത്തിലേക്ക് വിരുന്ന് കടന്നു വന്നു. വിലാപ ഭവനം

വിരുന്നു വീടായി മാറി. എന്തൊരു അതിശയമാണ്. ദൈവ പൈതലേ, നിന്റെ ജീവിതത്തിലെ വിലാപം മാറും, നിനക്ക് ഇനിയും വിരുന്ന് ലഭിക്കും. നിനക്ക് സന്തോഷിക്കാം. നിനക്ക് ശുഭ ഭാവിയുണ്ട്. നിന്റെ ഭാവിയെക്കുറിച്ച് ഇനിയും പ്രത്യാശയ്ക്ക് വകയുണ്ട്.

യിരെമ്യാ പ്രവാചകന്റെ പുസ്തകം മുപ്പത്തി ഒന്നാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവാച കന്റെ നാവിൽ കൂടി പറയുകയാണ്.

"നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്."
യിരെ. 31 : 17

നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മക്കല്ല നന്മക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്."
യിരെ. 29 : 11

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു - കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക, നിന്റെ പ്രവൃത്തിക്ക് പ്രതിഫലമുണ്ടാകും."
യിരെ 31 : 16

നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട് ഒരു വലിയ വിരുന്നൊരുക്കുകയാണ്. വലിയോരു വിരുന്ന്. നാം കാണുന്നു മാർത്ത ശുശ്രൂഷ ചെയ്തു. ലാസർ പന്തിയിൽ

ഇരിക്കുന്നു. അപ്പോഴാണ് മറിയ വിലയേറിയ സ്വച്ഛജടാ മാംസി തൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ട് കാൽ തുവർത്തിയത്, തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു.

മറിയ സൗരഭ്യം പൊഴിച്ചു, മാർത്ത ശുശ്രൂഷ ചെയ്തു, ലാസർ മൂലം അനേകം യെഹൂദന്മാർ യേശുക്രിസ്തുവിൽ വിശ്വസിക്കാൻ ഇടയായി.

ഒന്ന് : മാർത്ത, മാർത്തയുടെ work ആണ് കാണുന്നത്.
രണ്ട് : മറിയ, അവിടെ മറിയയുടെ worship ആണ് കാണുന്നത്
മൂന്ന് : ലാസർ, അവിടെ ലാസറിന്റെ witnessing ആണ് കാണുന്നത്.

ഒന്ന് : work
രണ്ട് : worship
മൂന്ന് : witnessing

ഒന്ന് : work - പ്രവൃത്തി. മാർത്തയും മറിയയും ലാസറും മൂന്നുപേരും ചേർന്ന് വരുന്നതാണ് ഒരു സന്തുഷ്ട കുടുംബം, ഒരു സന്തുഷ്ട ക്രിസ്തീയ ജീവിതം. അവിടെ work ഉണ്ട്. സന്തോഷത്തിന്റെയും ദൈവാരാധനയുടെയും പ്രവൃത്തിയുണ്ട്. മനോഗുണ പ്രവൃത്തിയുണ്ട്, നല്ല ശുശ്രൂഷയുണ്ട്, നല്ല വേലയുണ്ട്.

രണ്ട് : worship - ആരാധന. തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറയുന്നു. അനേകരിലേക്ക് സൗരഭ്യം പര

ത്തുന്നതായ അനുഗ്രഹത്തിന്റെ worship, അനുഗ്രഹത്തിന്റെ ആരാധന

ഒന്ന് : work - വർക്ക് - വേല, രണ്ട് : worship - ആരാധന,

മൂന്ന് : witness - സാക്ഷ്യം. ലാസർ മൂലം അനേകർ യേശുവിൽ വിശ്വസിച്ചു. ലാസറിന്റെ ജീവിതത്തിന്റെ സാക്ഷ്യം witness. നിങ്ങൾ വായിക്കുന്ന ഈ വചനം നിങ്ങളുടെ ഉള്ളത്തിൽ തറയട്ടെ. ദൈവത്തിന് വേണ്ടിയുള്ള വേല work, Ministry നിങ്ങൾ ആരംഭിക്കണം, നിങ്ങൾ ശക്തിയോടെ വേല ചെയ്യണം. work ൽ പുറകോട്ട് മാററുത്. ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്തുകൊണ്ട് ദൈവത്തിന്റെ മഹത്വത്തിനായി ദൈവത്തിന്റെ നാമത്തിൽ ചെയ്യുന്ന വേലകൾ പ്രതിഫലം ഉള്ളതാണ്.

മാർത്ത ശുശ്രൂഷ ചെയ്തു, work. മറിയയോ തൈലം പൊഴിച്ചു, സുഗന്ധം പൊഴിച്ചു. തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു. worshipping, ആരാധനയുടെ സുഗന്ധം, ആരാധനയുടെ സൗരഭ്യം.

ആരാധന, സുഗന്ധമാണ്, അത് സ്തുതിയാണ്. ആ സ്തുതി സ്തോത്രമാണ്. അത് ഹാലേലുയ്യാ ആയി ഉയരുകയാണ്. അത് ദൈവസന്നിധിയിലേക്ക് ആരാധനയായി ഉയരുകയാണ്. സത്യത്തിലും ആത്മാവിലും ഉള്ളതായ ആരാധന സ്വർഗ്ഗ സന്നിധിയിലേക്ക് ഉയരുകയാണ്.

നിങ്ങൾക്ക് ഈ ആരാധന വേണമോ? സുഗന്ധം പൊഴിയട്ടെ. നന്മ പ്രവൃത്തികൾ നിങ്ങളിൽ നിന്ന് വരട്ടെ. നന്മ പ്രവൃത്തികളിൽ നിറഞ്ഞു നിന്നുകൊണ്ട് യേശുവിന്

സുഗന്ധം പൊഴിയുന്ന ആരാധന അർപ്പിക്കുക. അപ്പോൾ നിങ്ങളുടെ ജീവിതത്തിൽ ലാസർ പറയുന്ന സാക്ഷ്യം കൊണ്ട്, ലാസറിന്റെ ജീവിതത്തിലെ സാക്ഷ്യം കൊണ്ട് വ്യത്യാസം ഉണ്ടാകും. ലാസർ മൂലം അനേകർ യേശുവിൽ വിശ്വസിച്ചു.

സാക്ഷ്യം - Witness

Work മാത്രം പോര, worship മാത്രം പോര, witness ഉം വേണം, ആത്മീയ ജീവിതത്തിൽ സാക്ഷിക്കണം. നമ്മുടെ ജീവിതം കണ്ട് അനേകർ യേശുവിനെ അറിയണം. നമ്മുടെ ജീവിതത്തിന്റെ ഓരോ ചലനവും കണ്ട് അനേകർ യേശുവിനെ കാണണം. അനേകർ യേശുവിന്റെ വഴിയിലേക്ക് തിരിയണം.

> "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ, അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞു വചനം കൂടാതെ, ഭാര്യമാരുടെ നടപ്പിനാൽ ചേർന്ന് വരുവാൻ ഇടയാകും."
>
> 1 പത്രോ 3 : 1-2

നിങ്ങളുടെ നടപ്പ് കാണണം, അറിയണം, നിങ്ങളുടെ പ്രസംഗം അല്ല കേൾക്കേണ്ടത്. വചനം കൂടാതെ - നിങ്ങളുടെ ഉപദേശം കൂടാതെ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് ഭാര്യമാരുടെ നടപ്പിനാൽ ചേർന്ന് വരുവാൻ ഭർത്താക്കന്മാർക്ക് ഇടയാകണം. അതിന് തക്കതുപോലെ മാതൃകയായി നിങ്ങൾ നടക്കണം. - ജീവിതത്തിലാണ്

സാക്ഷ്യം. വാക്കിൽ മാത്രം പോര. ജീവിതത്തിൽ സാക്ഷ്യം വരണം. പ്രായോഗീക ജീവിതത്തിൽ സാക്ഷ്യം വേണം.

ഒന്ന് : Work, അത് ശുശ്രൂഷയാണ്, രണ്ട് : Worship, അത് ആരാധനയാണ്. മാർത്ത - ശുശ്രൂഷ, മറിയ - ആരാധന, ലാസറോ - Witnessing സാക്ഷ്യം.

നിങ്ങൾക്ക് ഈ പുതിയ ജീവിതത്തിന് വാഞ്ഛയുണ്ടോ? നിങ്ങൾക്ക് ഈ സൗഭാഗ്യകരമായ ജീവിതത്തിന് താത്പര്യമുണ്ടോ? എങ്കിൽ ഇതാ കർത്താവായ യേശു വന്നു നിൽക്കുന്നു. യേശു നിങ്ങളുടെ അരികത്ത് വന്നു നിൽക്കുന്നു. അവൻ കരം നീട്ടി നിൽക്കുന്നു. അവന്റെ കരങ്ങളിലേക്ക് നിങ്ങൾ ഏല്പിച്ചുകൊടുക്കുമോ? അവനോട് ഒരു വാക്ക് പറയുമോ?

നന്മയുടെ സ്തുതികൊണ്ട് വിശുദ്ധിയുടെ സ്തുതികൊണ്ട്, സ്നേഹത്തിന്റെ സ്തുതികൊണ്ട്, നന്ദിയുടെ സ്തോത്രം കൊണ്ട് നിങ്ങൾ കർത്താവിന്റെ പാദപീഠത്തിൽ സുഗന്ധം പൊഴിക്കുമോ? യേശുവിന്റെ പാദം മൊത്തുമോ? തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറയട്ടെ. നിങ്ങളുടെ നന്മ പ്രവൃത്തികൾ കൊണ്ട് നന്മയുടെ സുഗന്ധാരാധന കൊണ്ട് നിങ്ങളുടെ സമീപവാസികൾ ദൈവത്തെ കണ്ടെത്തട്ടെ. സാക്ഷാൽ Witnessing ആയി നിങ്ങളുടെ ജീവിതം മാറട്ടെ. നിങ്ങളെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുവിൻ. പുതിയ തീരുമാനം എടുപ്പീൻ - കർത്താവിന്റെ പാദപീഠത്തിൽ നിങ്ങളെത്തന്നെ അർപ്പണം ചെയ്യുവീൻ.

യേശുവേ ഇന്നു മുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, പാപം തൊടാതെ ഒരു വിശുദ്ധനായി, ഒരു

ശുദ്ധിമതിയായി ഞാൻ ജീവിക്കും. യേശുവേ, നിന്റെ രണ്ടാമത്തെ വരവിന് വേണ്ടി ഞാൻ പ്രതീക്ഷയോടെ, വിശുദ്ധിയോടെ, സ്നേഹത്തോടെ, നന്ദിയോടെ, ഞാൻ കാത്തിരിക്കും കർത്താവേ, എന്നെ വിശുദ്ധീകരിക്കണമേ, എന്നെ കഴുകണമെ, എന്നെ വെടിപ്പാക്കണമെ.

# പന്ത്രണ്ട്

യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തേയും 12-ാം അദ്ധ്യായത്തിന്റെ ആദ്യത്തെ വാക്യങ്ങളേയും നാം ധ്യാനിക്കുമ്പോൾ ഏഴു കാര്യങ്ങൾ നമുക്ക് മനസ്സിലാകും. ബേഥാന്യയിലെ ഭവനം, കുഷ്ഠരോഗിയായ ശീമോന്റെ ഭവ നമായിരുന്നു.

കുഷ്ഠരോഗിയായ ശീമോന്റെ ഭവനം. മാർത്തയുടെയും മറിയയുടെയും, ലാസറിന്റെയം അപ്പൻ കുഷ്ഠരോഗിയായി രുന്നു. ആ ഭവനം Forsaken ആയിരുന്നു. ഉപേക്ഷിക്കപ്പെട്ട ഭവനമായിരുന്നു. ആരും തിരിഞ്ഞ് നോക്കാത്ത ഭവനമായി രുന്നു. കുഷ്ഠരോഗിയുടെ വീട്ടിലേക്ക് ആരും നോക്കുകയി ല്ല. കുഷ്ഠരോഗിയുടെ ഭവനത്തിൽ ആരും ചെല്ലുകയില്ല. ഒറ്റപ്പെട്ട ഭവനമായിരുന്നു.

കുഷ്ഠരോഗിയായ ശീമോൻ മരിച്ചുപോയിട്ടും ആ മക്കൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു മാറി നിൽക്കുകയായിരു ന്നു., പാവപ്പെട്ട ഒരു കുടുംബം, സകലരാലും പരിത്യജിക്ക

പ്പെട്ട ഒരു കുടുംബം, വിലകെട്ട ഒരു കുടുംബം, കുഷ്ഠരോഗിയുടെ കുടുംബം. നിന്ദിക്കപ്പെട്ട ഒരു കുടുംബം. പരിഹസിക്കപ്പെട്ട ഒരു കുടുംബം. ഒറ്റപ്പെടുത്തപ്പെട്ട ഒരു കുടുംബം.

കുഷ്ഠരോഗിയുടെ കുടുംബം, it was forsaken

രണ്ടാമത്തേത് - എന്നാൽ ഉപേക്ഷിക്കപ്പെട്ട കുടുംബത്തെ യേശു സന്ദർശിച്ചു - visited. യേശുക്രിസ്തു ആ ഭവനത്തിൽ വന്നു.

> "പിന്നെ, അവർ യാത്രപോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി, മാർത്താ എന്നുപേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു. അവൾക്ക് മറിയ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു."
>
> ലൂക്കോ 10 : 38-39

മാർത്ത അവനെ വീട്ടിൽ കൈക്കൊണ്ടു. യേശുവിന്റെ സന്ദർശനം ലഭിച്ച ഭവനം! ആ ഭവനം Forsaken ആയിരുന്നു. എന്നാൽ ആ ഭവനം യേശു visit ചെയ്തു, visited.

ഒന്ന് : Forsaken, രണ്ട് : visited.

യേശു സന്ദർശിച്ചാൽ നിന്ദമാറും. ദൈവപൈതലേ, ആ ഭവനത്തിൽ യേശു വന്നു. യേശുവും ശിഷ്യന്മാരും വന്നു. ആ ഭവനത്തിന്റെ നിന്ദമാറി.

മകനേ, നിന്റെ നിന്ദമാറണമോ? നിന്റെ ലജ്ജ നീങ്ങണമോ? കെടുതികളും കേടുകളും മാറണമോ? കഷ്ട

ങ്ങളും നഷ്ടങ്ങളും മാറണമോ? നിനക്ക് സമൂഹത്തിലുള്ള പ്രയാസങ്ങൾ മാറണമോ? സമൂഹത്തിൽ നീ ഒറ്റപ്പെട്ട അനുഭവത്തിൽ, ആരാലും തിരിഞ്ഞു നോക്കപ്പെടാത്ത, ദയനീയമായ സ്ഥിതിയിൽ ആയാലും നിനക്ക് സമൂഹത്തിൽ വിലയും നിലയും വരണമോ?

യേശു നിന്റെ ഭവനം സന്ദർശിക്കട്ടെ. യേശു നിന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരട്ടെ.

മൂന്ന് Disaster - വലിയോരു യാതന വന്നു. ലാസർ മരിച്ചു. ലാസർ രോഗിയായി, രോഗം മൂർച്ഛിച്ചു, ലാസർ മരിച്ചുപോയി.

മൂന്നാമത്തെ കാര്യം ആ ഭവനത്തിന് സംഭവിച്ചത് വലിയോരു Disaster ആണ്, വലിയൊരു ദുരിതമാണ്.

നിന്റെ ജീവിതത്തിൽ Disasters വന്നിട്ടില്ലേ. കടത്തിന്റെ കെണികൾ, രോഗത്തിന്റെ ബാധകൾ, പൈശാചീക ബന്ധനങ്ങൾ കുടുംബത്തിലെ സ്വൈര്യക്കേടുകൾ, പരസ്പരമുള്ള ഇണക്കക്കേടുകൾ, വൈരാഗ്യങ്ങൾ, ഹൃദയത്തിലുള്ള ഈർഷ്യയും, മുഷിച്ചിലും, നീരസവും, കൈപ്പും, വിദ്വേഷവും, വൈരാഗ്യവും പകയും മൂലം നിന്റെ ജീവിതം തകർന്നുപോയി. Disaster

ഒന്ന് : Forsaken , രണ്ട്, : Visited, മൂന്ന് : Disasters

നാലാമത്തേത് എന്താണ്? ആ ഭവനത്തിൽ നിന്ന് ഒരു നിലവിളി ചെന്നു Appealed. യേശുക്രിസ്തുവിന്റെ അരികിലേക്ക് ഒരു Appeal ചെന്നു, ഒരു അപേക്ഷ ചെന്നു, ഒരു യാചന ചെന്നു.

"കർത്താവേ, നിനക്ക് പ്രിയനായവൻ ദീനമായിക്കിട ക്കുന്നു."

Disaster ഉള്ളപ്പോഴും അപേക്ഷ സമർപ്പിച്ചു കൊള്ളൂ. ദൈവകരങ്ങളിലേക്ക് ഏല്പിച്ചുകൊള്ളൂ. മകനേ, അവനോട് വിളിച്ച് അപേക്ഷിക്കൂ.

> "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും." സങ്കീ 50 : 15
>
> നാല് : Appealed - ആ ഭവനത്തിൽ നിന്ന് അപേക്ഷ ഉയർന്നു.
>
> അഞ്ച് : Disappointed - നിരാശ.
>
> "ദിദിമോസ് എന്നുപേരുള്ള തോമാസ് സഹ ശിഷ്യന്മാരോട് - അവനോട് കൂടെ മരിക്കേണ്ടതിന്ന് നാമും പോക എന്നു പറഞ്ഞു." യോഹ 11 : 16

നിരാശ, ശിഷ്യന്മാർക്ക് നിരാശ സഹോദരിമാർക്ക് നിരാശ, ഭവനത്തിലുള്ള യെഹൂദന്മാർക്ക് നിരാശ, എല്ലായിടത്തും നിരാശ. ദിദിമൊസ് എന്ന തോമസിന് നിരാശ, നാം അങ്ങോട്ടു പോയാൽ, യെഹൂദ്യയിലേക്ക് ചെന്നാൽ. യെരൂശലേമിന്റെ പ്രാന്തപ്രദേശത്ത് എത്തിയാൽ യഹൂദ മതമേധാവികൾ നമ്മെ പിടികൂടും, നാമും മരിക്കേണ്ടി വരും. ഈ ഒരു നിരാശ.

Disaster - കഴിഞ്ഞു, Appeal - ദൈവത്തോട് അപേക്ഷി

ച്ചു. ഇപ്പോൾ ഇതാ Disappointed - നിരാശ. എന്നാൽ സഹോദരിമാരുടെ നിരാശമാറി. ദിദിമൊസ് എന്ന തോമസിനും നിരാശ മാറി. ശിഷ്യന്മാരുടെ നിരാശ മാറി. ഇതാ ബേഥാന്യയിലെ പാവപ്പെട്ടവരുടെ നിരാശ മാറി. എന്തുകൊണ്ട്?

ആറാമത്തെ കാര്യം Resurrected - ഉയർത്തെഴുന്നേറ്റു.

Lazarus, He was resurrected.

ലാസറിനെ ഉയർത്തെഴുന്നേല്പിച്ചു. മൃതനായവൻ ഉയർത്തെഴുന്നേറ്റു. ജീവൻ പ്രാപിച്ചു.

ജീവിതത്തിൽ ഏത് Disaster വന്നാലും എത്രമാത്രം Forsaken ആയാലും യേശു നിന്നെ സന്ദർശിക്കാൻ വരുമ്പോൾ നീ അവനോട് നിലവിളിച്ചുകൊള്ളുക. അവൻ നിന്റെ നിരാശമാറ്റും, അവൻ നിനക്ക് ജീവൻ തരും, സമൃദ്ധിയായി ജീവൻ തരും, അവൻ നിന്നെ ഉയർത്തെഴുന്നേല്പിക്കും, നവചൈതന്യം നിന്റെ മേൽ പകരും, പുതുജീവൻ നിനക്ക് തരും, പുത്തൻ ഉണർവ്വ് നിന്റെ മേൽ അവൻ കല്പിച്ച് ആക്കും.

തീർന്നില്ല, ഏഴാമത്തെ കാര്യം എന്താണ്? Fragrance - സൗരഭ്യം

“തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു” അപ്പൊ : പൗലോസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ ഇങ്ങനെ പറയും :

> “രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന്ന്

ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു. ഇവർക്ക് മരണത്തിൽ നിന്നു മരണത്തിലേക്കുള്ള വാസന, അവർക്കോ ജീവനിൽ നിന്ന് ജീവങ്കലേക്കുള്ള വാസന." 2 കൊരി 2 : 15 – 16

രക്ഷിക്കപ്പെടുന്നവരുടെ ഇടയിൽ, വിശ്വാസികളുടെ ഇടയിൽ നാം ദൈവത്തിന്റെ സൗരഭ്യവാസനയായി മാതൃകയായി നില്ക്കണം എന്ന് വചനം പഠിപ്പിക്കുന്നു.

"ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക." 1 തിമൊ 4 : 12

രക്ഷിക്കപ്പെടുന്നവർക്ക് സൗരഭ്യ വാസനയായിരിക്ക. വിശ്വാസികൾക്ക് മാതൃകയായിരിക്ക

"വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്ക." തീത്തൊസ് 2 : 7

നശിക്കുന്നവരുടെ ഇടയിലും സൗരഭ്യവാസനയാകുക. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു. എല്ലാവരുടെ ഇടയിലും നാം മാതൃകയായിരിക്ക, നാം യോഗ്യമായി പെരുമാറുക.

"ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറു

മാറാക്കുന്നു.” സഭാ 10 : 1

ഒരു ഈച്ചമതി നല്ല സുഗന്ധതൈലം നാറുമാറാക്കുവാൻ. ചത്ത ഈച്ച ഈ ഭരണിയിൽ വീഴല്ലേ. ദൈവപൈതലേ നിന്റെ ജീവിതത്തിൽ പാപം ഇനി കടന്നു വരല്ലേ. നിന്റെ ജീവിതത്തിൽ അഴുക്കായത് ഇനി പ്രവേശിക്കല്ലേ നിന്റെ ജീവിതത്തിന്റെ വാതിൽ നല്ലപോലെ അടച്ചുകൊള്ളുക. ഈ ഭരണിയുടെ അടപ്പ് നല്ലപോലെ മുറുകെ അടച്ചു കൊള്ളുക. ഒരു ഈച്ചയും അതിൽ കടന്നു ചാകാൻ ഇടവരരുത്. ഒരു ഈച്ചയും അതിൽ പ്രവേശിക്കാൻ ഇടവരരുത്. ഒരു ചത്ത ഈച്ചയും ആരും അതിൽ കൊണ്ടു വന്ന് ഇടുവാൻ ഇടവരരുത്.

“ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു.” സുഗന്ധം പൊഴിയേണ്ട ദൈവമക്കൾ ദുർഗന്ധം പൊഴിക്കുന്നവരായി തീരരുത്.

തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു. സുഗന്ധ വാസനയായി നിങ്ങളുടെ ഭവനം തീരട്ടെ. സ്തുതി ഉയരട്ടെ. നന്ദിയുടെ പൂച്ചണ്ടുകൾ ക്രിസ്തുവിന് അർപ്പിക്കാം, സ്തുതി ഗീതങ്ങൾ അവന് അർപ്പിക്കാം.

സത്യത്തിന്റെയും വിശുദ്ധിയുടെയും സ്നേഹത്തിന്റെയും നന്ദിയുടെയും ആരാധനയുടെ പൂച്ചെണ്ടുകൾ അവന്റെ പാദ പീഠത്തിൽ അർപ്പണം ചെയ്യാം.

ഹോശന്നാ ദിവസം ബാലന്മാർ, സൈത്തിൽ കൊമ്പുകൾ വെട്ടി വിതറി, വഴിയിൽ വസ്ത്രം വിരിച്ചു. ദാവീദ് പുത്രന് ഹോശന്നാ എന്നു പാടി. രാജാധിരാജന് ഹോശന്നാ

പാടി.

കർത്താവായ യേശുവിന് സ്തുതികൾ അർപ്പിക്കുക. കർത്താവായ യേശുവിന് സ്തോത്രങ്ങൾ അർപ്പിക്കുക. തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറയട്ടെ.

ഏഴു കാര്യങ്ങൾ പറഞ്ഞു. ഏതെല്ലാമാണ് ആ ഏഴു കാര്യങ്ങൾ

ഒന്ന് : Forsaken - ഉപേക്ഷിക്കപ്പെട്ട ഭവനമായിരുന്നു

രണ്ട് : Visited - ആ ഭവനം യേശുക്രിസ്തു സന്ദർശിച്ച ഭവനമായിരുന്നു.

മൂന്ന് : Disaster - അവിടെ ദുരിതം വന്ന ഭവനമായിരുന്നു.

നാല് : Appealed - അവർ ക്രിസ്തുവിനോട് അപേക്ഷിച്ചു, "നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നു."

അഞ്ച് : Disappointed - വലിയ നിരാശ വന്നു. സഹോദരിമാർക്ക് നിരാശ, ശിഷ്യന്മാർക്ക് നിരാശ. ദിദിമൊസ് എന്ന തോമസിന് നിരാശ.

ആറ് : Resurrected - യേശു ലാസറിനെ ഉയർത്തെഴുന്നേല്പിച്ചു.

ഏഴ് : Fragrance - സുഗന്ധം.

നമുക്ക് നമ്മെത്തന്നെ അർപ്പണം ചെയ്യാം. സുഗന്ധ

വാസനയായി ദൈവകരങ്ങളിലേക്ക് ഏല്പിക്കാം.

നമ്മിൽ നിന്ന് സ്തുതിയുടെ സുഗന്ധധൂപം ഉയരട്ടെ. നമ്മുടെ ഹൃദയത്തിൽ നിന്ന് വിശുദ്ധ സ്തുതികൾ ഉയരട്ടെ. നമ്മുടെ നാവിന്മേൽ വിശുദ്ധ സ്തുതി വരയ്ക്കട്ടെ. നമുക്ക് പുതിയ ആരാധന തുടങ്ങാം. പുതിയ ജീവിതം തുടങ്ങാം.

# പതിമൂന്ന്

“പിറ്റേന്നാൾ അവൻ നയിൻ എന്ന പട്ടണത്തിലേക്ക് പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും കൂടെപ്പോയി. അവൻ പട്ടണത്തിന്റെ വാതിലോടു അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്തുകൊണ്ടു വരുന്നു, അവൻ അമ്മെക്കു ഏകജാതനായ മകൻ, അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവളോടു കൂടെ ഉണ്ടായിരുന്നു. അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു അവളോട് : കരയേണ്ടാ എന്നു പറഞ്ഞു. അവൻ അടുത്തു ചെന്നു മഞ്ചം തൊട്ടു ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ എഴുന്നേല്ക്ക എന്നു ഞാൻ നിന്നോട് പറയുന്നു എന്ന് അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റ് ഇരുന്നു സംസാരിപ്പാൻ തുടങ്ങി, അവൻ അവനെ അമ്മയ്ക്കു ഏല്പിച്ചുകൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു, ഒരു വലിയ പ്രവാച

> കൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു, ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു. അവനെക്കുറിച്ചുള്ള ഈ ശ്രുതി യെഹൂദ്യയിൽ ഒക്കെയും ചുറ്റുമുള്ള നാടെങ്ങും പരന്നു."
>
> ലൂക്കാ 7 : 11-17

യേശു കഫർന്നഹൂമിൽ നിന്ന് നയീൻ എന്ന പട്ടണത്തിലേക്ക് പോവുകയായിരുന്നു. കഫർന്നഹൂമിൽ നിന്ന് ഇരുപത്തിഅഞ്ച് മൈൽ ദൂരമുള്ള നയീനിലേക്ക് യേശു നടന്ന് നയീനിൽ എത്തി. നയീന്റെ അതിര് കടന്ന് അകത്തേക്ക് ചെല്ലുകയാണ്.

ഗലീല ഡിസ്ട്രിക്ടിലെ ഒരു പട്ടണമാണ് നയീൻ. നയീൻ പട്ടണത്തിന്റെ തെരുവിൽ കൂടെ യേശു നടന്നു നീങ്ങുകയായിരുന്നു. അപ്പോൾ എതിരെ ഒരു വിലാപയാത്ര വരുന്നു. യേശുവും ശിഷ്യന്മാരും സന്തോഷത്തോടെ മുന്നോട്ട് പോകുന്നു. എന്നാൽ ഒരു വിധവ മകന്റെ ശവശരീരത്തെ അനുഗമിച്ചുകൊണ്ട് കരയുന്ന ഒരു വലിയ കൂട്ടം ജനത്തോടു കൂടെ സെമിത്തേരിയിലേക്ക് പോകുന്നു.

നയീനിൽ നിന്ന് പുറത്തേക്ക് പോകുന്ന ആ വിധവയും ജനങ്ങളും ശവമഞ്ചം പേറിക്കൊണ്ട് ദുഃഖ വിവശരായി നീങ്ങുന്നു. ഈ ഒരുമിച്ചു കൂട്ടിമുട്ടി. രണ്ട് ജനസമൂഹവും, അവിടെ രണ്ട് ഭിന്ന പ്രകൃതിയോടു കൂടെ പോകുന്ന രണ്ട് ജനസമൂഹം അവിടെ ഒരുമിച്ചു കൂട്ടിമുട്ടുകയാണ്.

യേശുവിന്റെ പിന്നാലെ പോകുന്ന ജനം വലിയ സന്തോഷത്തോടു കൂടിയാണ് പോകുന്നത്. കാരണം യേശുവിന്റെ

കൂടെ നടക്കുന്നത് ആനന്ദമാണ്. യേശുവിന്റെ കൂടെ നടക്കുന്നത് അനുഗ്രഹമാണ്. എന്നാൽ ഈ സ്ത്രീയുടെ കൂടെ നടക്കുന്നവരോ അവർ ഏകജാതന്റെ മരണത്തെ ഓർത്ത് കരയുന്നവരാണ്.

യേശു നഗരത്തിലേക്ക് നീങ്ങുന്നു. എന്നാൽ ഈ കരയുന്നവരോ സെമിത്തേരിയിലേക്ക് നീങ്ങുന്നു. രണ്ട് തരത്തിലുള്ളതായ ആളുകളെ നാം ഇവിടെ കാണുന്നുണ്ട്. ഒരുകൂട്ടം ആളുകൾ ക്രിസ്തുവിനെ വിശ്വസിക്കുന്നവരാണ്. അവർ നഗരത്തിലേക്ക് യാത്ര ചെയ്യുന്നവരാണ്. എബ്രായ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

> ''വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്തു ഒരു അന്യദേശത്തു എന്നപോലെ ചെന്ന് വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു.”
>
> എബ്രാ 11 : 9-10

വിശ്വാസികൾ ഈ ഭൂമി താത്കാലികമെന്നും ഇവിടെയുള്ള ജീവിതം പരദേശ ജീവിതമാണ് എന്നും ഇവിടെയുള്ള ആയുഷ്ക്കാലം പരദേശപ്രയാണമാണ് എന്നും കരുതിയിരുന്നു. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ സ്വർഗ്ഗീയ സീയോൻ നഗരത്തെക്കുറിച്ച് അവർ പ്രത്യാശ വെച്ചിരുന്നു. അതാണ് എബ്രായ ലേഖനകർത്താവ് ഇവിടെ പറയുന്നത്. “കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു.”

നഗരം, സ്വർഗ്ഗീയ യെരുശലം നഗരം. സ്വർഗ്ഗീയ സീയോൻ നഗരം! അതിന് വേണ്ടി കാത്തിരിക്കുകയാണ്. അതിന് വേണ്ടി ഈ താത്കാലിക ലോക ജീവിതം നയിക്കുകയാണ്. നിത്യ സീയോൻ പുരത്തിലേക്കുള്ള യാത്ര. നിത്യ സീയോൻ പുരത്തിലെത്തുന്ന സുദിനത്തിന് വേണ്ടി ഓരോരുത്തരും ശുഭപ്രതീക്ഷയോടെ പ്രത്യാശയോടെ ഓരോ നിമിഷവും നീങ്ങിക്കൊണ്ടിരിക്കുകയാണ്, നഗരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗീയ സീയോനിലേക്കുള്ള തീർത്ഥയാത്രാ സംഘം! യേശുവിന്റെ കൂടെ പോകുന്നു, യേശുവിൽ വിശ്വസിക്കുന്നു. എന്നാലോ എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ നാം വീണ്ടും കാണുന്നു.

> “ഇവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തു നിന്നു അതു കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞും കൊണ്ട് വിശ്വാസത്തിൽ മരിച്ചു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിക്കുന്നു എന്നു കാണിക്കുന്നു. അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമതിനെ തന്നേ, കാംക്ഷിച്ചിരുന്നു. ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല, അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.”
>
> എബ്രാ 11 : 13-16

യേശുവിന്റെ കൂടെ നഗരത്തിലേക്ക് പോകുന്നു. “അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.”

> “പിന്നെയോ സീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിന്നും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിന്നും സ്വർഗ്ഗത്തിൽ പേരെഴുതി യിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാ വരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധ ന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതു നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും ഹാബെലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടു ക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്.”
>
> എബ്രാ 12 : 22-24

നിങ്ങൾ വന്നിരിക്കുന്നത് എവിടെയാണ്? നിങ്ങൾ സീയോൻ പർവ്വതത്തിന് അടുക്കലാണ് വന്നിരിക്കുന്നത്, നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിന്നരികത്താണ് എത്തിയിരിക്കുന്നത്. സ്വർഗ്ഗീയ നഗരം!

നാം സ്വർഗ്ഗീയ നഗരത്തിലേക്ക് യാത്ര ചെയ്യുന്നവരാ ണ്. നഗരത്തിലേക്ക് യേശുവിന്റെ കൂടെ പോകുന്നവരാണ്. യേശുവിനോടുകൂടെ നടക്കുന്നവരാണ്. യേശുവിന്റെ കൂട്ടാ യ്മയിൽ സഞ്ചരിക്കുന്നവരാണ്.

> ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. 1 യോഹ 1 : 3

ദൈവത്തോടുള്ള കൂട്ടായ്മയിൽ ക്രിസ്തുവിനോടു കൂടെ നടക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നടക്കുന്നു. ക്രിസ്തു

വിൽ ആനന്ദിച്ചു നടക്കുന്നു. ലക്ഷ്യം സ്വർഗ്ഗീയ യെരുശലേം പുരിയാണ്. ലക്ഷ്യം സ്വർഗ്ഗീയ സീയോൻ നഗരമാണ്. "അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ." ഇവിടെ ഞാൻ അന്യനും പരദേശിയുമാണ്. ഇവിടെയുള്ള ജീവിതം ക്ഷണികമാണ്, ഇവിടെ താത്കാലിക പാർപ്പിടമാണ്.

മകനേ, ഈ ലോകം താത്കാലീകമാണ്. ഈ ലോകം നശ്വരമാണ്. ദൈവപൈതലേ, ഇവിടെ നിന്റെ ഹൃദയം തറ്റുനില്ക്കരുത്. നിന്റെ നിക്ഷേപം സ്വർഗ്ഗത്തിൽ വച്ചുകൊള്ളു. സ്വർഗ്ഗീയ നഗരത്തിൽ നിന്റെ നിക്ഷേപം വെച്ചുകൊള്ളൂ. "നിന്റെ നിക്ഷേപം ഇരിക്കുന്നിടത്ത് നിന്റെ ഹൃദയവും ഇരിക്കും." എപ്പോഴും ആ സ്വർഗ്ഗീയ നിക്ഷേപത്തിൽ നിന്റെ ഹൃദയം ലയിച്ചു നിൽക്കട്ടെ. ക്രിസ്തു ആകട്ടെ നിന്റെ നിക്ഷേപം, ക്രിസ്തു ആകട്ടെ നിന്റെ നിത്യധനം. ക്രിസ്തു ആകട്ടെ നിന്റെ സ്വത്ത്. ക്രിസ്തു ആകട്ടെ നിന്റെ മൂലധനം. ക്രിസ്തു ആകട്ടെ നിന്റെ സർവ്വ നിക്ഷേപവും.

അവനായി നിന്റെ ജീവിതം നീ വിട്ടുകൊടുക്കൂ. അവൻ നിന്റെ ഹൃദയത്തിലേക്ക് വരട്ടെ. അവൻ നിന്നെ ഈ താത്ക്കാലിക ജീവിതം കഴിഞ്ഞ് നിത്യ സീയോൻ പുരിയിൽ ചേർക്കും. നിന്നെ ചേർക്കാൻ അവൻ ആകാശമേഘങ്ങളിൽ വീണ്ടും വരും. യേശു വീണ്ടും വരും. നിന്നെ തന്റെ സന്നിധിയിലേക്ക് സ്വീകരിപ്പാൻ തന്റെ സ്വർഗ്ഗീയ ഭവനത്തിലേക്ക് കൈക്കൊള്ളാൻ, അവൻ വീണ്ടും വരും. അവനെ എതിരേല്പാൻ ഒരുങ്ങുവിൻ, അവനായി ജീവിതം വേർതിരിപ്പീൻ. പാപമില്ലാത്ത ജീവിതം തുടങ്ങുവിൻ.

പാപമില്ലാത്ത ജീവിതം നയിപ്പീൻ. വിശുദ്ധ ജീവിതം നിങ്ങൾ കൈ മുതലാക്കുവിൻ. ദൈവത്തെ നിങ്ങൾ സ്വീക

രിപ്പിൻ. ക്രിസ്തുവിന്റെ കൂടെയുള്ള നടപ്പു തുടങ്ങുവിൻ. ഒരു പുതിയ വിശുദ്ധ ജീവിതം ആരംഭിക്കുവീൻ, പുതിയ സൃഷ്ടിയായി ദൈവത്തിന്റെ പിന്നാലെ നടപ്പീൻ. യേശു ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പ് അനുഭവി പ്പീൻ. തിരുരക്തത്താലുള്ള ശുദ്ധീകരണം അനുഭവിപ്പിൻ.

# പതിനാല്

വി. ലൂക്കോസിന്റെ സുവിശേഷം ഏഴാം അദ്ധ്യായം പതിനൊന്ന് മുതൽ പതിനേഴു വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ യേശുവും യേശുവിനെ അനുഗമിക്കുന്നവരും പട്ടണത്തിലേക്ക് നീങ്ങുന്നു നയീന്റെ തെരുവിൽ കൂടെ. നഗരത്തിലേക്ക് നീങ്ങുന്നു. എന്നാൽ ഏകജാതന്റെ ശവശരീരം വഹിച്ചുകൊണ്ടു പോകുന്ന ജനസഞ്ചയത്തിന്റെ പിന്നാലെ കരയുന്ന വിധവയായ സ്ത്രീ നടക്കുന്നു. എല്ലാവരും മുഖം വാടി തളർന്നവരായി പട്ടണത്തിന് വെളിയിലേക്ക് പോകുന്നു. സെമിത്തേരിയിലേക്ക് പോകുന്നു.

അനേകർ ഇന്ന് ആത്മാവിൽ മരിച്ചു കിടക്കുകയാണ്. അനേകർ ഇന്ന് ആത്മാവിൽ ജീവൻ നഷ്ടപ്പെട്ടവരായി കിടക്കുകയാണ്. യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം മുപ്പതി ആറാം വാക്യം പറയും :

പുത്രനിൽ വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്,

പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ."

ഏകജാതനായ പുത്രൻ കർത്താവായ യേശുക്രസ്തുവാണ്, നിത്യപിതാവിന്റെ ഏകജാതനായ തിരുക്കുമാരൻ കർത്താവായ യേശുക്രിസ്തുവാണ്. പുത്രനിൽ വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. പുത്രനുള്ളവന് ജീവൻ ഉണ്ട്. യേശുക്രിസ്തു ഇല്ലാത്തവനോ ജീവൻ ഇല്ല. അതിനെക്കുറിച്ച് അപ്പൊ. പൗലോസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ പറയും :

> അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്ന് അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തുംകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു.
>
> എഫെസ്യർ 2 : 1 - 3

പാപം മൂലം ആത്മാവ് മരിച്ചു. "പാപത്തിന്റെ ശമ്പളം മരണമത്രെ." "പാപം ചെയ്യുന്ന ദേഹി മരിക്കും. പാപം ചെയ്യുന്ന നാളിൽ മരിക്കും." "മോഹം ഗർഭം ധരിച്ചു

പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു.” “മരണത്തിന്റെ വിഷമുള്ള് പാപം” പാപം മൂലം മരണം, ആത്മാവിൽ മരണം.

അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചു. ജഡമോഹ ങ്ങളെ അനുസരിച്ച് നടന്നു, ലോകത്തിന്റെ കാലഗതിക്ക് ഒത്തപോലെ നടന്നു. സാത്താനും അവന്റെ സൈന്യത്തിനും ചേർന്ന് നടന്നു. പാപത്തിൽ മരിച്ചു. അകൃത്യത്തിൽ മരിച്ചു ആത്മാവ് മരിച്ചു.

ആത്മാവിൽ മരിച്ച അവസ്ഥയുള്ള മനുഷ്യനു വേണ്ടത് ജീവനാണ്. അവന് മരുന്നുകൾ അല്ല വേണ്ടത്, മരിച്ചു കിടക്കുന്ന ശവശരീരത്തിലേക്ക് മരുന്നു കുത്തി വച്ചാൽ എന്ത് പ്രയോജനം. മരിച്ചു കിടക്കുന്ന ആ ശരീരത്തിലേ ക്ക്, വായിൽ ടോണിക് ഒഴിച്ചുകൊടുത്താൽ എന്ത് പ്രയോ ജനം? വായിൽ നല്ല പോഷക പദാർത്ഥങ്ങൾ കൊടുത്താൽ എന്ത് പ്രയോജനം. ഒന്നും ഫലപ്പെടുകയില്ല. മരിച്ചു കിട ക്കുന്ന ആൾക്ക് വേണ്ടത് ജീവനാണ്.

ജീവൻ കിട്ടിക്കഴിഞ്ഞാൽ പിന്നെ ഭക്ഷണം കൊടു ക്കാം. പോഷക പദാർത്ഥങ്ങൾ കൊടുക്കാം. ടോണിക്കു കൾ കൊടുക്കാം. മരുന്നുകൾ കൊടുക്കാം. മൃതശരീര ത്തിൽ കൊടുക്കുന്ന മരുന്നുകൾ പോലെയാണ് ഇന്നത്തെ പല കർമ്മ പരിപാടികളും, പല മനോഗുണ പ്രവൃത്തികളും ശവശരീരത്തിൽ ചെയ്യുന്ന പുണ്യകർമ്മങ്ങൾ! ശവശരീര ത്തിൽ മരുന്നു പുരട്ടുന്നു, ശവശരീരത്തിൽ മരുന്നു കുത്തി വയ്ക്കുന്നു. ശവശരീരത്തിൽ ഗുളിക വായിൽ ഇട്ടുകൊടു ക്കുന്നു.

പുണ്യപ്രവർത്തികളും മനോഗുണ പ്രവർത്തികളും എല്ലാം നല്ലത്. എപ്പോൾ? ആദ്യം ജീവനാണ് വേണ്ടത്. പാപത്തിന് പരിഹാരമാണ് വേണ്ടത്. പാപത്തിൽ മരിച്ചു കിടക്കുന്ന മനുഷ്യന് വേണ്ടത് ജീവനാണ്. ജീവൻ ലഭിക്കണം. യേശു പറഞ്ഞു :

> "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല, അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്."
>
> യോഹ 10 : 10

ജീവൻ തരാൻ ക്രിസ്തു വന്നു, നമുക്ക് ജീവൻ തരാൻ ക്രിസ്തു തന്റെ ജീവൻ വെടിഞ്ഞു. ക്രിസ്തു മരണം രുചിനോക്കി നമ്മെ അവൻ ജീവിപ്പിച്ചു. അതിനെക്കുറിച്ച് അപ്പൊ. പൗലോസ് പറയും.

> "കരുണാ സമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കുകയും - കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു - ക്രിസ്തു യേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന്ന് ക്രിസ്തുയേശുവിൽ അവനോടു കൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു."
>
> എഫെ 2 : 4 - 7

കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ

സ്നേഹം നിമിത്തം തന്റെ പുത്രനെ നമുക്കുവേണ്ടി പരമയാഗ മായി അർപ്പിക്കാൻ തിരുമനസ്സായി. തന്റെ പുത്രനെ നമുക്കു വേണ്ടി ക്രൂശിൽ അർപ്പിക്കാൻ തിരുമനസ്സായി, തന്നെത്തന്നെ യേശു ക്രൂശിന്മേൽ അർപ്പിച്ചു. എന്നിട്ട് കരുണാസമ്പന്നായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു, അതിക്രമങ്ങളാൽ, പാപങ്ങളാൽ, അകൃത്യങ്ങളാൽ മരിച്ചവരായി രുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു.

ആ ജീവരക്തം നമുക്ക് വേണ്ടി ഊറ്റി. നിർജ്ജീവ സ്ഥിതിയി ലായിരുന്ന നമ്മുടെമേൽ ജീവൻ പകർന്നു. ജീവൻ നമുക്കു വേണ്ടി ബലി അർപ്പിച്ചവൻ അവൻ തന്റെ ദിവ്യജീവൻ നമ്മുടെ മേൽ പകർന്നു. മരിച്ചവൻ ഉയർത്തെഴുന്നേറ്റു.

ആത്മാവിൽ മരിച്ച അവസ്ഥയിൽ ഈ വാക്കുകളെ ആരെല്ലാം കേൾക്കുന്നുണ്ട്. മരിച്ചു കിടക്കുമ്പോൾ നടക്കാം. അങ്ങിനെയാണ് എഫേസ്യർ രണ്ടാം അദ്ധ്യായത്തിൽ പറയുന്നത്. അതിക്രമങ്ങ ളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ - ഏവയിൽ? അതിക്രമങ്ങളിലും പാപങ്ങ ളിലും അവയിൽ, നിങ്ങൾ മുമ്പെ നിങ്ങൾ മരിച്ചു കിടന്ന കാലത്ത് ഈ ലോകത്തിന്റെ കാലഗതിയേയും ആകാശത്തിലെ അധികാര ത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും - പിശാചിനെ - അനു സരിച്ച് നടന്നു.

ആത്മാവ് മരിച്ചു കിടക്കുമ്പോഴും ശരീരം ലോകത്തിന്റെ കാലഗതിക്കൊത്തതുപോലെ നടക്കുകയാണ്. ആത്മാവ് മരച്ചു കിട ക്കുമ്പോൾ സാത്താന്റെ അധികാരത്തിന് ചേർന്ന് നടക്കുകയാണ്. അന്ധകാര ലോകത്തിന്റെ അധിപതിയുടെ ഇഷ്ടപ്രകാരം നടക്കു

കയാണ്. നിങ്ങൾ അവയിൽ മരിച്ചു കിടന്ന കാലത്ത് ഈ ലോകത്തിന്റെ കാലഗതിയെ അനുസരിച്ച് നടന്നു. ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപ രിക്കുന്ന ആത്മാവായ പിശാചിന്ന്, ആത്മാവിന്റെ അധിപതിയായ
T# സാത്താന്, അനുസരിച്ചു നടന്നു. മാത്രമല്ല അവരുടെ ഇടയിൽ നാം എല്ലാവരും നമ്മുടെ ജഡമോഹങ്ങളിൽ നടന്നു. ആ കാലത്ത് ലോകത്തിന് ഒത്തതുപോലെ നടന്നു, പിശാചിന് ഒത്തതുപോലെ നടന്നു. ജഡമോഹങ്ങളിൽ നടന്നു. ജഡത്തിനും മനോവികാര ങ്ങൾക്കും ഇഷ്ടമായതു ചെയ്തും കൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കളായിരുന്നു, ജഡത്തിന്നും മനോ വികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തു.

മറക്കല്ലേ നീ ജഡത്തിന്നു ഇഷ്ടമായതു ചെയ്യുമ്പോൾ ആത്മാവ് മരിച്ചിരിക്കുകയാണ്. നീ ലോകത്തിന്റെ ഗതിക്ക് ഒത്ത തുപോലെ പോകുമ്പോൾ ആത്മാവ് മരിച്ചിരിക്കുകയാണ്. മകനെ നീ പിശാചിന്റെ ഹിതപ്രകാരം പാപം ചെയ്തു ജീവിക്കുമ്പോൾ ആത്മാവ് മരിക്കുകയാണ്. മരിച്ച ആത്മാവിനെ ഉയർപ്പിക്കാൻ ക്രിസ്തു ക്രൂശിൽ മരണം വരിച്ചു. മരിച്ച ആത്മാവിന് ജീവൻ തരാൻ ക്രിസ്തു ക്രൂശിൽ ജീവൻ വെടിഞ്ഞു. ഇത് നീ വിശ്വസി ക്കുമെങ്കിൽ ഇപ്പോൾ തന്നേ ക്രിസ്തു നിന്നെ വീണ്ടെടുക്കും.

ക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു. ആത്മാവിൽ മരിച്ചു കിടന്ന എനിക്കു ജീവൻ തരാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. ഇനി മേൽ ഞാൻ മരിച്ചു കിടക്കേണ്ടവനല്ല. ഞാൻ ആത്മാവിൽ ജീവൻ പ്രാപിച്ചു ഞാൻ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടവനാണ്. ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കേണ്ടവനാണ്. മകനേ, ഇന്ന് നിനക്ക് ദൈവം തന്നിരിക്കുന്ന ഓർമ്മ ശക്തികൊണ്ട്, ദൈവം തന്നിരിക്കുന്ന ബുദ്ധിശക്തികൊണ്ട്, മകളേ, ഇന്ന് നിന ക്കുള്ളതായ Will Power കൊണ്ട് നീ ഒരു തീരുമാനം എടുക്കൂ,

നിന്റെ ഇച്ഛാ ശക്തികൊണ്ട് ഒരു തീരുമാനം എടുക്കൂ.

നാഥാ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. ഉടയവനേ, ഇന്നുമുതൽ ഞാൻ പഴയ മനുഷ്യൻ മരിച്ചു ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേറ്റു എന്ന ഒരനുഭവത്തിൽ ജീവിക്കും. പഴയ പ്രകൃതി മരിച്ചു, പഴയ സ്വഭാവം മരിച്ചു, പഴയ വ്യക്തി മരിച്ചു, യേശുവേ ഇന്നുമുതൽ ഞാൻ ഒരു പുതിയ വ്യക്തി, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി, ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യൻ, യേശുവേ - ഇന്നുമുതൽ ഞാൻ യേശുവിൽ ഒരു പുതിയ സൃഷ്ടി.

തീരുമാനം എടുക്കൂ. അനുഗ്രഹം ലഭിക്കും. സ്വർഗ്ഗരാജ്യം ലഭിക്കും. സ്വർഗ്ഗീയ സീയോൻ നഗരത്തിലേക്ക് യാത്ര ചെയ്യാം. സ്വർഗ്ഗീയ സീയോൻ പുരിയിലേക്ക് യാത്രചെയ്യാം.

ശവക്കല്ലറയിലേക്ക് നടക്കുന്ന ദൈവപൈതലേ, നിത്യനാശത്തിലേക്ക് പോകുന്ന ദൈവപൈതലേ, നിത്യശാപത്തിലേക്ക് പോകുന്ന ദൈവപൈതലേ, നിത്യനരകത്തീയിലേക്ക് നീങ്ങുന്ന, ദൈവപൈതലേ, വേഗം പിൻതിരിയുവിൻ. ജീവൻ തരുന്ന ക്രിസ്തുവിനെ വിളിച്ചു അപേക്ഷിപ്പീൻ. നീ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി നിത്യസ്വർഗ്ഗീയ നഗരത്തിലേക്ക് യാത്ര തുടങ്ങുവീൻ.

# പതിനഞ്ച്

"അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു അവളോട് : കരയേണ്ടാ എന്നുപറഞ്ഞു."

ലൂക്കൊ 7 : 13

യേശു മനസ്സലിയുന്നവനാണ്, യേശു കരുണ നിറഞ്ഞവനാണ്, കാരുണ്യക്കടലാണ്, കൃപയുടെ ഉറവിടമാണ്, സ്നേഹത്തിന്റെ നികേതനമാണ്, സർവ്വാശ്വാസവും നൽകുന്നവനാണ്.

ആ സ്ത്രീ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടാണ് ശവശരീരത്തെ പിൻചെല്ലുന്നത്. ഓമനമകന്റെ ശവശരീരം മഞ്ചത്തിൽ കിടക്കുന്നു. ശവശരീരം കിടക്കുന്ന മഞ്ചം ചുമന്നുകൊണ്ട് ഏതാനും പേർ നീങ്ങുന്നു. കുറെയേറെ ആളുകൾ വിതുമ്പിക്കൊണ്ട് പിന്നാലെ പോകുന്നു. ഒരു യുവാവാണ് മരിച്ചു കിടക്കുന്നത്. ആ സ്ത്രീയുടെ ഏകജാതനാണ്, ഏക മകനാണ്. അവൾ ഒരു വിധവയാണ്. ഭർത്താവ് മരിച്ചിട്ട് കുറേ വർഷങ്ങൾ ആയി.

ഇതേ വഴിയിലൂടെ ഭർത്താവിന്റെ ശരീരം സംസ്ക്കാരിക്കാൻ കൊണ്ടുപോയത് അവൾക്ക് ഓർമ്മവരുന്നുണ്ട്. ഭർത്താവിന്റെ ശവശരീരം സംസ്ക്കരിക്കാൻ കൊണ്ടുപോകുമ്പോൾ അപ്പോൾ വേച്ചുവേച്ചു പോകുന്നുണ്ട്. അന്ന് ദുഃഖം അണപൊട്ടി കണ്ണീർ ഒഴുക്കിക്കൊണ്ടാണ് അവൾ നീങ്ങുന്നത്.

തന്റെ വലങ്കൈയായിരുന്ന, താങ്ങും തണലുമായിരുന്ന, പ്രിയപ്പെട്ട ഭർത്താവ് അകാല നിര്യാണം പ്രാപിച്ചു. ആകസ്മീകമായ ആ മരണം അവൾക്ക് സഹിക്കാവുന്നതല്ലായിരുന്നു. വേച്ചുവേച്ചു പോകുമ്പോൾ ആകെയുള്ള ഒരു മോൻ അമ്മയുടെ കരത്തിൽ പിടിക്കും, അമ്മയോട് ചേർന്ന് നടക്കും. മോൻ കൂടെയുണ്ടല്ലോ. ഭർത്താവ് മരിച്ചത് നഷ്ടം തന്നെ, എന്നാലും ഒറ്റയ്ക്കല്ലല്ലോ ഒരു തുണ ഉണ്ടല്ലോ. എന്റെ മകൻ വലുതാകും. അവൻ വലുതാകുമ്പോൾ എനിക്കൊരു തണലാകും.

അമ്മ ഭർത്താവ് മരിച്ചതിനെ ഓർത്തു വേദനിക്കുമ്പോൾ, അപ്പോൾ അല്പം ആശ്വാസം കിട്ടുന്നത് ഈ മോന്റെ മുഖത്ത് നോക്കുമ്പോഴാണ്. ഭർത്താവിന്റെ അതേ ഛായ, അതേ സൗന്ദര്യം, അതേ നോട്ടം, അതേ നടപ്പ്, അമ്മയ്ക്ക് ഭർത്താവ് നഷ്ടപ്പെട്ടതിന്റെ വ്യസനം ഒന്ന് ആറുന്നത്, ഒന്ന് ശാന്തമാകുന്നത് ഈ മോനെ കാണുമ്പോഴാണ്. അന്ന് ഇതേ വഴിയിൽ കൂടെ ഭർത്താവിനെ സംസ്ക്കരിക്കാൻ കൊണ്ടുപോയത് അമ്മയ്ക്ക് ഓർമ്മയുണ്ട്. എന്നാൽ ഇന്ന് അതേ വഴിയിൽ കൂടെ ഈ മോന്റെ ശവശരീരം സംസ്ക്കരിക്കാൻ കൊണ്ടുപോവുകയോ? അന്ന് നടന്നതുപോലെ തന്നെയാണ് ഇന്ന് ശവമഞ്ചത്തിന്റെ പിന്നാലെ പോകുന്നത്.

പക്ഷേ അന്ന് കൈയിൽ പിടിക്കാൻ മോൻ ഉണ്ടായിരുന്നു. ഇന്നോ ആ മോൻ ആണ് മരിച്ചു കിടക്കുന്നത്. അന്ന് തിരികെ പോരുമ്പോൾ അമ്മയെ ആശ്വസിപ്പിച്ചുകൊണ്ട് മോൻ കൂടെയുണ്ടായിരുന്നു. അന്ന് ഒറ്റയ്ക്കല്ല, വീട്ടിൽ മോൻ ഉണ്ട്. ഇന്ന് തിരികെ പോരുമ്പോൾ മോനെ അടക്കം ചെയ്ത് മണ്ണിൽ വച്ച്, കല്ലറയിൽ വച്ച് എല്ലാം അടച്ചുമൂടി തിരിച്ചു പോരണം. ഇന്ന്, ഇന്നു മുതൽ ഇനി ആരുണ്ട് വീട്ടിൽ. ഞാൻ ഒറ്റയ്ക്ക്, പാവം.

ആ അമ്മ താങ്ങാൻ വയ്യാത്ത വേദനയോടെ കരയുകയാണ്. വിതുമ്പുകയാണ്, ഏങ്ങലടിക്കുകയാണ്. അതിവേദന. ഇടയ്ക്കിടയ്ക്ക് നെടുവീർപ്പിടും, ഇടയ്ക്ക് കണ്ണുനീർ ഒപ്പും, ഇടയ്ക്ക് വേച്ചു വീഴാൻ തുടങ്ങും, ഒന്ന് നില്ക്കും. പിന്നേയും ശവമഞ്ചത്തിന്റെ പിന്നാലെ എത്തി നടക്കും. എന്റെ മോനെ ഒരു നോക്കു കൂടി കാണണം. അവനെ കല്ലറയിൽ വയ്ക്കുന്നതിന് മുമ്പ് മണ്ണിനടിയിൽ ആകുന്നതിന് മുമ്പ് ഒന്നു കൂടി കാണണം. എന്റെ പൊന്നു കുഞ്ഞിന്റെ ഓമന മുഖം. ഒന്നുകൂടി കാണണം, എനിക്ക് ഒന്നുകൂടി ചുംബിക്കണം.

ആ അമ്മ ചേർന്നു നടക്കുകയാണ്. ചിലപ്പോൾ അണപൊട്ടി കണ്ണുനീർ ഒഴുകും. അപ്പോൾ തെരുതെരെ ഒപ്പും. അപ്പോൾ ആണ് ഇതാ ഒരുകൂട്ടം ആളുകൾ വരുന്നു. അമ്മ അത്ര ഗൗനിച്ചില്ല. ഒരുകൂട്ടം ആളുകൾ! അങ്ങോട്ട് വിലാപയാത്ര ഇങ്ങോട്ട് ആഘോഷയാത്ര!

വിലാപയാത്രയും, ആ ഘോഷയാത്രയും അവിടെ നടുറോഡിൽ കൂട്ടിമുട്ടി. ആ ഘോഷയാത്രയ്ക്ക് നേതൃത്വം കരുണയുള്ള കർത്താവ് തന്നെ. സാക്ഷാൽ മശിഹാ തമ്പു

രാൻ, സാക്ഷാൽ ദൈവപുത്രൻ, കർത്താവായ യേശുക്രിസ്തു. യേശുവോ, പിതാവായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ. അങ്ങോട്ട് പോകന്നതോ, അമ്മയുടെ ഏകജാതനായ മകന്റെ ശവമഞ്ചം ചുമന്നുകൊണ്ടു പോവുന്ന വലിയ ഒരു പുരുഷാരം.

പിതാവായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരനും, അമ്മയുടെ ഏകജാതനായ മകനും അങ്ങോട്ടും ഇങ്ങോട്ടും പോകുമ്പോൾ കൂട്ടിമുട്ടി. അമ്മയുടെ ഏകജാതനായ മോൻ മരിച്ചു കിടക്കുന്നു. പിതാവായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ മരണം മാറ്റുവാൻ വന്നിരിക്കുന്നു. കണ്ണീര് തുടയ്ക്കാൻ വന്നിരിക്കുന്നു. ദുഃഖം അകറ്റാൻ വന്നിരിക്കുന്നു. ആശ്വാസം പകരാൻ വന്നിരിക്കുന്നു. ശാന്തസുന്ദരമായ പ്രശോഭിതമായ ഒരു നല്ല ഭാവിതരാൻ വന്നിരിക്കുന്നു. കണ്ണീരുകൾ ഒപ്പിമാറ്റാൻ വന്നിരിക്കുന്നു. ഏങ്ങലടികൾ ശാന്തമാക്കാൻ വന്നിരിക്കുന്നു.

എതിരെ വന്നപ്പോൾ ശവമഞ്ചം ചുമക്കുന്നവരും മറ്റുള്ളവരും ഈ വലിയ പുരുഷാരം കടന്നു പോകാൻ ഒന്നു പയ്യെ നിന്നു. യേശു നോക്കുമ്പോൾ ഉണ്ട് ഈ അമ്മ വിതുമ്പുന്നു, ഈ അമ്മ ഏങ്ങലടിക്കുന്നു, യേശു അവളുടെ നേരെ ചെന്നു. യേശു പറഞ്ഞു.

“കരയേണ്ടാ” ഒറ്റയ്ക്കൊരു വാക്ക് “കരയേണ്ടാ”. ഓ എന്തൊരാശ്വാസം. ആ അമ്മ പെട്ടെന്ന് ഞെട്ടി തലപൊക്കി നോക്കി. പുണ്യപുരുഷൻ നിൽക്കുന്നു. ഏതോ ഒരു അത്ഭുത ശക്തി, ഏതോ ഒരു അവാച്യമായ അനുഭൂതി, ഏതോ ഒരു ദിവ്യസ്നേഹം, പരിശുദ്ധിയുടെ നിർമ്മല സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖഭാവം. ഓ, എന്റെ ദൈവ

മേ, ആ അമ്മ ആ വാക്ക് ശ്രദ്ധിച്ചു. 'കരയേണ്ടാ" ആ വാക്കിന് ഒരു ശക്തിയുണ്ട്. ഉടയവന്റെ വാക്കല്ലേ, സർവ്വ ശക്തന്റെ സ്വരമല്ലേ, ജീവനുള്ള ക്രിസ്തുവിന്റെ നാവല്ലേ സംസാരിച്ചത്. "കരയേണ്ടാ."

എക്കാലത്തും അങ്ങനെയാണ്, കരയുന്നവരെ കാണുമ്പോൾ "കരയേണ്ട" എന്നു പറയുന്നവനാണ് ക്രിസ്തു.

നിങ്ങൾ ഓർക്കുന്നുണ്ടോ. കർത്താവായ യേശുക്രിസ്തു ഉയർത്തെഴുന്നേറ്റിട്ട് ആദ്യം സംസാരിച്ച വാക്ക് "സ്ത്രീയേ, നീ കരയുന്നത് എന്ത്? എന്നാണ്. കരച്ചിൽ അകറ്റാനാണ് ക്രിസ്തു ജീവിക്കുന്നത്.

കരയുന്നവരുടെ കരച്ചിൽ മാറ്റാനാണ് ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി സംസാരിച്ചത് മഗ്ദലന മറിയാമിനോടാണ്. അവൾ കരഞ്ഞുകൊണ്ട് കല്ലറയ്ക്ക് പുറത്ത് നിൽക്കുകയാണ്. യേശുവിനെ കാണാത്തതുകൊണ്ട് ഏങ്ങലടിക്കുന്നു. യേശുവിനെ കാണാത്തതുകൊണ്ടുള്ള ദുഃഖം. യേശുവിനെ കിട്ടിയില്ല എന്നുള്ള ദുഃഖം. യേശുവിന് സുഗന്ധം പൂശാൻ പറ്റിയില്ലല്ലോ എന്നുള്ള ദുഃഖം. അവൾ അങ്ങനെ കരഞ്ഞുകൊണ്ട് നിൽക്കുകയാണ്.

കരയുന്നവൾക്ക് യേശു പ്രത്യക്ഷപ്പെട്ടു. കരയുന്നവൾക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് യേശു പറഞ്ഞു. "സ്ത്രീയേ നീ കരയുന്നത് എന്ത്?" അവളുടെ കണ്ണുനീർ അന്ന് തോർന്നു.

സന്തോഷ വാർത്തയുമായി അവൾ ഓടി, "ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു, ഞാൻ ജീവിക്കുന്നു എന്ന്

എന്റെ സഹോദരന്മാരോടു പോയി പറവീൻ, ലോകമെങ്ങും പോയി പറവീൻ, ഈ സദ്വർത്തമാനം സകലജാതികളേയും അറിയിപ്പീൻ.''

പട്ടണത്തിലേക്കും വേശ്യയായ സ്ത്രീ, ഏറ്റവും അശുദ്ധയായ സ്ത്രീ, കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ട സ്ത്രീ, അവൾ ഇതാ ഒന്നാമത്തെ സാക്ഷിയായി മാറുന്നു. ഉയർത്തെഴുന്നേറ്റ മശിഹാ തമ്പുരാൻ അവളുടെ കണ്ണുനീർ അകറ്റി, അവളുടെ കരച്ചിൽ മാറ്റി. സ്ത്രീയേ നീ കരയുന്നതെന്ത്? ഇപ്പോൾ ഇതാ വിധവയോട് ക്രിസ്തു പറയുന്നു. "കരയേണ്ടാ.''

സ്നേഹിതരേ, നിങ്ങൾ ആരെല്ലാം കരഞ്ഞുകൊണ്ട് ഇരിക്കുന്നുണ്ട്? പല വിഷയങ്ങളിൽ കരയുന്നുണ്ട്. കുടുംബകാര്യങ്ങളിൽ കരയുന്നുണ്ട്, കടഭാരങ്ങളിൽ കരയുന്നുണ്ട്, രോഗത്തിൽ കരയുന്നുണ്ട്, ഭർത്താവിന്റെ സ്വഭാവദൂഷ്യത്തിൽ കരയുന്നുണ്ട്, മക്കളുടെ ധിക്കാര മനോഭാവത്തിലും കൊള്ളരുതാത്ത ജീവിതത്തിലും കരയുന്നുണ്ട്, മക്കളുടെ ഉത്തരവാദിത്വമില്ലായ്മയിൽ കരയുന്നുണ്ട്, വീടിന്റെ ദയനീയാവസ്ഥയിൽ കരയുന്നുണ്ട്, കുടുംബത്തിന്റെ ഞെരുക്കത്തിൽ കരയുന്നുണ്ട്.

കരയുന്നവർ, അവരോടെല്ലാം യേശു പറയുന്ന വാക്ക് കരയേണ്ടാ എന്നാണ്. കരച്ചിലു മാറ്റാൻ ശക്തനായവനാണ് പറഞ്ഞത്. മകനേ, നിന്റെ കരച്ചിൽ മാറ്റാൻ ശക്തനായവനാണ് നിന്നോട് സംസാരിക്കുന്നത്. മകളേ നിന്റെ കരച്ചിൽ മാറ്റി നിന്റെ കണ്ണുനീർ തുടയ്ക്കാൻ മനസ്സലിവുള്ളവനാണ് നിന്നോട് സംസാരിക്കുന്നത്. ജീവിതം അവന്റെ കരങ്ങളിലേക്ക് കൊടുക്കുമോ? അവന്റെ ആണിപ്പാടുള്ള

കരങ്ങളിലേക്ക് നിന്റെ ഭാവി നീ ഏല്പിച്ചു കൊടുക്കുമോ? അവനോട് നീ ഒരു വാക്ക് പറയുമോ?

നാഥാ ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, നീ ക്രൂശിൽ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവിനോട് വാക്കു പറയുവീൻ.

# പതിനാറ്

"ബാല്യക്കാരാ, എഴുന്നേൽക്ക എന്നു ഞാൻ നിന്നോട് പറയുന്നു എന്ന് അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റ് ഇരുന്നു സംസാരിപ്പാൻ തുടങ്ങി, അവൻ അവനെ അമ്മയ്ക്കു ഏല്പി ച്ചുകൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു. ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴു ന്നേറ്റിരിക്കുന്നു, ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു, എന്നു പറഞ്ഞ് ദൈവത്തെ മഹത്വീകരിച്ചു." ലൂക്കൊ 7 : 14- 16

വിധവയുടെ മകനെ യേശുക്രിസ്തു ഉയർത്തെഴുന്നേല്പിച്ചു. വിധവയുടെ കണ്ണീർ യേശു ആറ്റി അകറ്റി. വിധവയുടെ കരച്ചിൽ യേശു മാറ്റിക്കൊടുത്തു. അവളുടെ ദുഃഖം മാറി. വിലാപയാത്രയായി പോവുകയായിരുന്നു. യേശു ശവമഞ്ചത്തെ തൊട്ടു. "കരയേണ്ട" എന്ന് ആ വിധവയായ സ്ത്രീയോട് പറഞ്ഞിട്ട് അവളുടെ മകൻ മരിച്ചു കിടക്കുന്ന ശവമഞ്ചത്തിൽ ഒന്നു തൊട്ടു.

ഉടനെ ശവമഞ്ചം ചുമക്കുന്നവർ അവിടെ നിന്നു. അതിന് ശേഷം യേശു ഉറക്കെ പറഞ്ഞു : “ബാല്യക്കാരാ എഴുന്നേൽക്ക” സ്രഷ്ടാവിന്റെ സ്വരംകേട്ട് സൃഷ്ടി കണ്ണു തുറന്നു. ഉടയവന്റെ ശബ്ദം കേട്ട് സൃഷ്ടി കണ്ണു തുറന്നു.

സൃഷ്ടിയുടെ മേൽ അധികാരമുള്ളവന്റെ ശബ്ദം കേട്ട് കൈപ്പണിയായവൻ കണ്ണുതുറന്നു. ബാല്യക്കാരൻ എഴുന്നേറ്റു, ശവമഞ്ചത്തിൽ ഇരുന്നു. വിലാപത്തോടെ പോകുന്നവർ എല്ലാം അമ്പരന്നു. ഇതെന്ത്? ശവശരീരം എഴുന്നേറ്റിരിക്കുന്നോ? ശവമഞ്ചത്തിൽ ചുമന്നുകൊണ്ടുപോയവൻ ശവമഞ്ചത്തിൽ എഴുന്നേറ്റിരിക്കുന്നു. ഉടനെ ശവമഞ്ചം ചുമക്കുന്നവർ ആ മഞ്ചം താഴോട്ട് ഇറക്കി വച്ചു. ശവമഞ്ചത്തിൽ ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു സുഖമായി ഇരിക്കുന്നു.

മരിച്ചുപോയ യുവാവ് ശവമഞ്ചത്തിൽ എഴുന്നേറ്റിരിക്കുന്നു. യേശു അവന്റെ കൈയ്ക്ക് പിടിച്ചു അവനെ ശവമഞ്ചത്തിൽ നിന്ന് പുറത്തേക്ക് ഇറക്കി. ആ കൈയ്യ് യേശു അമ്മയുടെ കൈയിലേക്ക് വച്ചുകൊടുത്തു.

ദൈവജനമേ, പ്രശ്നങ്ങൾക്ക് പരിഹാരമായി ഒരു യേശു ഉണ്ട്. അത്ഭുതങ്ങൾ നിവർത്തിക്കുന്ന ഒരു ക്രിസ്തു ഉണ്ട്. മകനെ സംശയിക്കേണ്ട, മകളേ നീ ഒട്ടും സംശയിക്കേണ്ടാ അവൻ നിന്റെ അരികത്ത് വന്നിട്ടുണ്ട്. അവൻ നിന്നോട് സംസാരിക്കുകയാണ്. അവൻ നിന്നെ സ്നേഹിക്കുകയാണ്. അവൻ നിന്റെ കഴിഞ്ഞകാലം പൊറുക്കുകയാണ്. കഴിഞ്ഞകാലം അവൻ ഓർക്കുകയില്ല. എണ്ണിയാൽ തീരാത്ത പാപങ്ങൾ ക്ഷമിച്ചു തരുവാൻ അവന് മനസ്സാ

ണ്. അതിനല്ലയോ അവന്റെ കുറ്റമില്ലാത്ത രക്തം ചിന്തിയത്.

നിന്റെ അസംഖ്യമായ പാപങ്ങൾ ഒക്കെയും ക്ഷമിച്ചു നിനക്ക് ഒരു പുതിയ ജീവിതം തരാൻ അവന് കഴിയും. അവന് അതിന് മനസ്സാണ്, അവന് അതിന് സഹതാപമുണ്ട്, അവനതിന് ആർദ്രതയുണ്ട്. അവനതിന് സ്നേഹമുണ്ട്, അവനതിന് മനസ്സലിവുണ്ട്.

ഒന്നേ വേണ്ടു, കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വകയായി ജീവിക്കും, ഇന്നു മുതൽ ഞാൻ പുതിയ സൃഷ്ടിയായി ജീവിക്കും. ഇനി പാപത്തിലേക്ക് ഇല്ല കർത്താവേ, അതെല്ലാം പഴയ കഥകൾ. ഇനിയില്ല - ഇനിയില്ല, വന്നത് വന്നു. എന്റെ നാഥൻ എനിക്ക് ക്ഷമിച്ചു തന്നാൽ കർത്താവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

ബാല്യക്കാരൻ എഴുന്നേറ്റിരുന്നു, അവൻ സംസാരിപ്പാൻ തുടങ്ങി. അവനെ അവന്റെ അമ്മയ്ക്കു ഏല്പിച്ചു കൊടുത്തു, നോക്കൂ, എന്തൊരു സന്തോഷം. യേശു പിന്നെ നിന്നില്ല, യേശു നടക്കുകയാണ്. എങ്ങോട്ട്? നഗരത്തിലേക്ക്. അപ്പോൾ ഇതാ നഗരത്തിൽ നിന്ന് സെമിത്തേരിയിലേക്ക് പോകുന്ന ജനം നേരെ തിരിഞ്ഞു, എല്ലാവരും. ശവമഞ്ചവും തിരിഞ്ഞു. അങ്ങോട്ട് പോയപ്പോൾ ഇതുവരെ ശവമഞ്ചത്തിൽ ശവം കിടപ്പുണ്ടായിരുന്നു. ഇപ്പോഴോ ശവമില്ല, അവനിതാ ഉയർത്തെഴുന്നേറ്റു യേശുവിന്റെ കൂടെ നടക്കുന്നു. തെരുതെരെ നടക്കുന്നു അമ്മയും ഒപ്പം നടക്കുന്നു!

അമ്മയ്ക്ക് സന്തോഷം അടക്കാൻ വയ്യ, അമ്മ അറിയാതെ സ്തുതിക്കുകയാണ്, അങ്ങനെയാണ് ഞാൻ കാണുന്നത്. ആ സാധുസ്ത്രീ യേശുവേ നിനക്ക് സ്തുതി, യേശുവേ നിനക്ക് സ്തോത്രം, രക്ഷകാ നിനക്ക് മഹത്വം, ഉടയവനേ നിനക്ക് സ്തുതി, ഹാലേലുയ്യാ. അവൾ മഹത്വം പാടിക്കൊണ്ട് പിറകെ പോകുന്നു. ജനവും സ്തുതിക്കുന്നു, മഹത്വീകരിക്കുന്നു, ദൈവത്തെ മഹത്വീകരിക്കുന്നു. നാം അങ്ങനെയാണ്, വായിച്ചത്.

> "ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു, ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു." ലൂക്കൊസ് 7 : 16

നഗരത്തിൽ നിന്ന് പുറത്തേക്ക് പോയവർ, വിലാപയാത്രയായി പോയവർ വിരുന്നു യാത്രയായി, ആഘോഷയാത്രയായി സന്തോഷത്തോടെ, ആർപ്പോടെ, സ്തോത്രത്തോടെ നഗരത്തിലേക്ക് മടങ്ങി വരുന്നു.

> "സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കും ഉഷസ്സിലോ ആനന്ദഘോഷം വരുന്നു."
>
> സങ്കീ 30 : 5

മകനേ, നിന്റെ ജീവിതത്തിൽ ആനന്ദഘോഷം വരാൻ പോകുന്നു. കണ്ണീര് തോരാൻ പോകുന്നു, വേദനകൾ തീരാൻ പോകുന്നു, നിന്റെ രോഗം മാറാൻ പോകുന്നു, നിന്റെ കടത്തിന്ന് ഒരു പരിഹാരം വരാൻ പോകുന്നു. ഊരാക്കുടുക്കുകൾ അഴിയാൻ പോകുന്നു. അഴിയില്ല എന്ന് നീ വിചാരിച്ചിരുന്ന കുരുക്കുകൾ എല്ലാം അഴിയാൻ തുട

ങ്ങുന്നു. നിനക്ക് ഒരു നല്ലകാലം വരാൻ പോകുന്നു. ആന ന്ദൈശ്വര്യമെഴുന്ന മാസങ്ങളും അബ്ദങ്ങളും നിനക്ക് ലഭിക്കാൻ പോകുന്നു. ദൈവം നിന്നെ അനുഗ്രഹിക്കാൻ പോകുന്നു.

ഒന്നേവേണ്ടു, നിന്റെ ഈ ആയുസ്സ് അത്യുന്നതന്റെ കരങ്ങളിലേക്ക് കൊടുക്കൂ. അവൻ നിനക്ക് എതിരെ വരുന്നുണ്ട്. അവൻ നിന്നെ തിരകെ നടക്കു മാറാക്കുന്നുണ്ട്. സെമിത്തേരിയിലേക്ക് പോയവൻ നഗരത്തിലേക്ക് പോകുന്നു. മരണവീട്ടിലേക്ക് പോയവൻ ആഘോഷവീട്ടിലേക്ക് മടങ്ങിപ്പോകുന്നു. ആ വീട്, വിലാപ ഭവനം ഇതാ വിരുന്നു ഭവനമായി മാറി. ഉത്തരവാദി ആര്? യേശുമാത്രം. അറുക്കപ്പെട്ട കുഞ്ഞാട് മാത്രം.!

നിന്റെ അഭിവൃദ്ധിക്ക് ആരാണ് ഉത്തരവാദി. കണ്ണീര് തോർന്നതിന് ആരാണ് ഉത്തരവാദി. നിന്റെ രോഗ സൗഖ്യത്തിന് കാരണക്കാരൻ ആരാണ്? നിന്റെ കുടുംബത്തിൽ സമാധാനം വന്നതിന് കാരണക്കാരൻ ആരാണ്? നിന്റെ കുടുംബത്തിൽ സ്വൈര്യം കിട്ടിയതിന് ഉത്തരവാദി ആരാണ്?

അതിനെല്ലാം ഉത്തരവാദി കർത്താവായ യേശുക്രിസ്തുവാണ്. മഹത്വം അവന് മാത്രം. അവൻ സ്തുതികൾക്ക് യോഗ്യൻ. അവൻ മഹത്വത്തിന് അർഹൻ.

“നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ ഞാൻ നിർത്തരുതേ” എന്നു പാടിയ പിതാക്കന്മാർ “നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്ക് ഇടയാകരുതേ'' എന്ന് പ്രാർത്ഥിച്ച പിതാക്കന്മാർ, ‘‘സ്തുതി

ബലികളണച്ചേറിടുവിൻ കർത്തൃ പ്രാകാരേ - നിർമ്മല കാഴ്ച യുമായ്" എന്ന് പാടിയ വിശുദ്ധന്മാർ, "ഭയത്തോടു കൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായ വുമാകുന്നു" എന്ന് പ്രഖ്യാപിച്ച വിശുദ്ധന്മാർ, "പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു, ആദിമുതൽ തലമുറകൾ തലമുറകൾ വരെയും തനിക്ക് സ്തുതി, ഹാലേലുയ്യാ എന്ന് അട്ടഹസിച്ചു പറയണം" എന്ന് മദ്ബഹായിൽ നിന്ന് കല്പന വന്നപ്പോൾ "അട്ടഹസിച്ചു" പറയുവാൻ അഭ്യസിച്ച പിതാ ക്കന്മാർ. ഈ സ്തുതി ദൈവം നമ്മെ അണിയിക്കുകയാ ണ്.

"മേല്പട്ടക്കാർ - പട്ടക്കാരൊടു - ശെമ്മാശ്ശന്മാർ
ഏർപ്പാടാക്കി - കർത്താവിവരെ - ഭൂമിയിതിങ്കൽ
അണിയിച്ചാരവ - രനിശം തന്നുടെ - സഭയേയിവിടെ
അനവരതം ചെയ്തേറ്റി വസിക്കും - സ്തുതികളതാലെ."

സഭയിൻ മക്കളെ സ്തുതി അണിയിക്കാനാണ് മേല്പ ട്ടക്കാരേയും പട്ടക്കാരേയും ശെമ്മാശ്ശന്മാരേയും ആക്കി വച്ചി രിക്കുന്നത് എന്നാണ് പിതാക്കന്മാർ പാടി ഉറപ്പിച്ചത്. അന വരതം ചെയ്തേറ്റി വസിക്കും സ്തുതികളാൽ സഭയെ ഇവിടെ അണിയിക്കുവാൻ, സഭയെ ധരിപ്പിക്കുവാൻ, സ്തുതി അണിയിക്കുവാൻ മേല്പട്ടക്കാർ പട്ടക്കാരൊടു ശെമ്മാശ്ശ ന്മാരെ ദൈവം തമ്പുരാൻ ഈ ഭൂമിയിൽ ഏർപ്പാടാക്കി - നിയമിച്ചു.

ഞാൻ ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന്റെ കാര്യം അല്ല പറഞ്ഞത്. വിശുദ്ധന്മാർ എക്കാലത്തും സ്തുതി ക്കുന്നവർ ആയിരുന്നു എന്നാണ് പറഞ്ഞത്. വിശുദ്ധന്മാർ

സ്തുതിക്കും. സ്തുതികൾക്ക് യോഗ്യനായവനെ വാഴ്ത്തും. സ്തുതികൾക്ക് അധിപതിയായവനെ വാഴ്ത്തി പാടും. നന്ദി നിറഞ്ഞ ഹൃദയത്തിൽനിന്ന് സ്തുതിയും സ്തോത്രവും കരേറ്റും.

നാവിലെ Praise the Lord അല്ല. ചുണ്ടിലെ സ്തോത്രം അല്ല. അധരങ്ങളുടെ ഉച്ചാരണമല്ല ഹൃദയത്തിൽ നിന്ന് നിറഞ്ഞ് വരുന്ന നന്ദിയും സ്നേഹവും സ്തുതിയായി പൊട്ടിപ്പുറപ്പെടുകയാണ്. അതാണ് ആരാധന, അതാണ് സത്യ ത്തിലും ആത്മാവിലും ഉള്ള ആരാധന.

നമുക്കത് തുടങ്ങാം. സന്തോഷത്തിന്റെ മികവിൽ യേശു വിനെ നമുക്ക് ആരാധിക്കാം. നഗരത്തിലേക്ക് നമുക്ക് മട ങ്ങാം. നഗരത്തിലേക്ക് നമുക്ക് യാത്ര തുടരാം. വിരുന്നു ഭവനത്തിലേക്ക് നമുക്ക് യാത്രചെയ്യാം. പുതിയ ജീവിതം തുടങ്ങാം ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# പതിനേഴ്

"യേശു വീണ്ടും പടികൾ കയറി ഇക്കരെ കടന്നു കടലരികെ ഇരിക്കുമ്പോൾ വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടി. പള്ളിപ്രമാണികളിൽ യായീറൊസ് എന്നു പേരുള്ള ഒരുത്തൻ വന്നു, അവനെ കണ്ടു കാല്ക്കൽ വീണു. എന്റെ കുഞ്ഞുമകൾ അത്യാസനത്തിൽ ഇരിക്കുന്നു, അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്ന് നീ വന്നു അവളുടെ മേൽ കൈ വെക്കേണമേ എന്നു വളരെ അപേക്ഷിച്ചു. അവൻ അവനോടുകൂടെ പോയി, വലിയ പുരുഷാരവും പിൻചെന്നു അവനെ തിക്കിക്കൊണ്ടിരുന്നു."

മർക്കൊ 5 : 21 – 24

''ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ വീട്ടിൽ നിന്ന് ആൾ വന്നു. നിന്റെ മകൾ മരിച്ചുപോയി, ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നത് എന്തിന്ന് എന്നു പറഞ്ഞു. യേശു ആ വാക്ക് കാര്യമാക്കാതെ

പള്ളിപ്രമാണിയോട് : ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക എന്നു പറഞ്ഞു. പത്രൊസും യാക്കോബും യാക്കോബിന്റെ സഹോദരനായ യോഹന്നാനും അല്ലാതെ മറ്റാരും തന്നോടുകൂടെ ചെല്ലുവാൻ സമ്മതിച്ചില്ല. പള്ളിപ്രമാണിയുടെ വീട്ടിൽ വന്നാറെ ആരവാരത്തെയും വളരെ കരഞ്ഞു വിലപിക്കുന്നവരെയും കണ്ടു, അകത്ത് കടന്നു, നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്ന്. കുട്ടി മരിച്ചിട്ടില്ലാ ഉറങ്ങുന്നത്രേ എന്ന് അവരോട് പറഞ്ഞു, അവരോ അവനെ പരിഹ സിച്ചു. അവൻ എല്ലാവരേയും പുറത്താക്കി കുട്ടി യുടെ അപ്പനേയും അമ്മയേയും തന്നോടു കൂടെയുള്ളവരെയും കൂട്ടിക്കൊണ്ട് കുട്ടി കിട ക്കുന്ന ഇടത്ത് ചെന്നു. കുട്ടിയുടെ കൈക്ക് പിടിച്ചു. ബാലേ, എഴുന്നേല്ക്ക എന്നു നിന്നോട് കല്പിക്കുന്നു എന്ന അർത്ഥത്തോടെ തലീഥാ കൂമി എന്ന് അവളോട് പറഞ്ഞു. ബാല ഉടനെ എഴുന്നേറ്റു നടന്നു, അവൾക്ക് പന്ത്രണ്ട് വയ സ്സായിരുന്നു, അവർ അത്യന്തം വിസ്മയിച്ചു. ഇത് ആരും അറിയരുത് എന്ന് അവൻ അവ രോട് ഏറിയോന്ന് കല്പിച്ചു. അവൾക്ക് ഭക്ഷി പ്പാൻ കൊടുക്കേണം എന്നു പറഞ്ഞു.”

മർക്കൊ 5 : 35 - 43

യേശുക്രിസ്തു ചെയ്തു ഒരു വലിയ അത്ഭുത പ്രവൃ ത്തിയെക്കുറിച്ചാണ് ഈ ഭാഗത്ത് നാം വായിക്കുന്നത്. ഒരു പ്രമാണിയായ മനുഷ്യൻ യേശുവിന്റെ അരികത്ത് വന്നു മുട്ടുകുത്തുന്നു. അവന്റെ പേര് യായീറോസ് എന്നാണ്. അവൻ പള്ളി പ്രമാണിയാണ്. അവൻ സമൂഹത്തിൽ മാന്യതയുള്ളവനാണ്. സമൂഹത്തിൽ അവൻ ആഢ്യത്വവും

പ്രൗഢിയും പദവിയും ഉള്ളവനാണ്. അവൻ പള്ളിയിൽ ഉന്നത സ്ഥാനമുള്ള വ്യക്തിയാണ്. അവൻ ധനാഢ്യനായ ഒരു മനുഷ്യനാണ്. അവൻ വിലയും നിലയും ഉള്ള ഉന്ന തനായ ഒരു വ്യക്തിയാണ്. സമുദായ പ്രമാണിയാണ്, പള്ളി പ്രമാണിയാണ്, ജന പ്രമാണിയാണ്. പ്രമാണിയായ ഒരു മനുഷ്യൻ.

അക്കാലത്ത് പ്രമാണിമാരാരും വാസ്തവത്തിൽ യേശു വിന്റെ അരികത്ത് ചെല്ലാൻ കൂട്ടാക്കാറില്ല. യേശുവിനെ അവർക്ക് പുച്ഛമായിരുന്നു. യേശു തച്ചന്റെ മകൻ എന്നും, യേശു ഒരു വിപ്ലവകാരിയെന്നും, യേശു മതത്തിന് എതി രാളിയെന്നും, യേശു യെഹൂദമതത്തിന്നും യെരുശലേം ദൈ വാലയത്തിനും വിരുദ്ധനെന്നും, യേശു ദേവാലയത്തിലെ മഹാപുരോഹിതന്മാർക്കും ദേവാലയത്തിലെ ആചാരാനുഷ്ഠാ നങ്ങൾക്കും എതിര് എന്നും എല്ലാം ഉള്ള മുൻവിധിയും യേശുവിനെക്കുറിച്ചുള്ളതായ പുച്ഛമനോഭാവവും അവർ പുലർത്തിയിരുന്നു.

അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ നാല്പത്തി എട്ടാം വാക്യം പറയുന്നത്.

പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെ ങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? ന്യായപ്രമാണം അറി യാത്ത പുരുഷാരമോ ശപിക്കപ്പെട്ടവരാകുന്നു." എന്ന് മഹാ പുരോഹിതന്മാർ ചേവകരോട് സംസാരിക്കുന്നുണ്ട്.

മഹാപുരോഹിതന്മാരും പരീശന്മാരും യേശുവിനെ നിശി തമായി നിരൂപണം ചെയ്തിരുന്നു വിമർശിച്ചിരുന്നു. യേശു വിനെ കുറ്റപ്പെടുത്തിയിരുന്നു, യേശുവിനെ ഒറ്റപ്പെടുത്തിയി

രുന്നു. യേശുവിനെ ക്രൂശിക്കാൻ വട്ടം കൂട്ടിയിരുന്നു. യേശുവിനോട് എതിർപ്പുള്ളവരായിരുന്നു. പ്രമാണിമാർ, പരീശന്മാർ ആരും യേശുവിനെ ആനുഗമിക്കുകയോ യേശുവിൽ വിശ്വക്കുകയോ ചെയ്തിട്ടില്ല എന്ന് പ്രമാണിമാരും പരീശന്മാരും തറപ്പിച്ച് പറയുകയാണ്.

പ്രമാണിമാർ യേശുവിന്റെ അരികത്ത് വരുന്നത് പേരായ്മയായും അവർക്ക് വിലകെട്ട കാര്യമായും കരുതിയിരുന്നു. എന്നാൽ ഇവിടെ യായിറൊസ് എന്ന പ്രമാണി യേശുവിന്റെ അരികിൽ വരികയാണ്.

> "പള്ളിപ്രമാണികളിൽ യായീറൊസ് എന്നു പേരുള്ള ഒരുത്തൻ വന്നു. അവനെ കണ്ടു കാല്ക്കൽ വീണു. എന്റെ കുഞ്ഞുമകൾ അത്യാസനത്തിൽ ഇരിക്കുന്നു, അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്ന് നീ വന്നു അവളുടെ മേൽ കൈ വെക്കേണമേ എന്ന് വളരെ അപേക്ഷിച്ചു."
>
> മർക്കൊ 5 : 22 - 23

വിനയപൂർവ്വം ഈ പ്രമാണി വരികയാണ്. അവൻ ആവശ്യക്കാരനാണ്. അതുവരേയും ഒരുപക്ഷേ വിമർശിച്ചവനായിരിക്കാം, അതുവരേയും ഒരുപക്ഷേ എതിർത്തവൻ ആയിരിക്കാം. അതുവരേയും മറ്റു പരീശന്മാരെപ്പോലെയും പ്രമാണിമാരെപ്പോലെയും യേശുവിനെ നിശിതമായി വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തവൻ ആയിരിക്കാം. പക്ഷേ ഇന്ന് അവന് വലിയൊരു അത്യാഹിതം സംഭവിച്ചിരിക്കുന്നു. മരുന്നും ചികിത്സയും അദ്ധ്വാനവും പണത്തിന്റെ കൊഴുപ്പും ഒന്നും ഫലപ്പെട്ടില്ല അവന്റെ മകളുടെ രോഗത്തിന് ആ രോഗം അത്യാസന്നമായിരിക്കുകയാണ്.

മകളുടെ സ്ഥിതി അത്യാസന്നമായിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരു അവസ്ഥാ വിശേഷം സംജാതമായിരിക്കുകയാണ്. അവൻ വലയുകയാണ്. അവൻ വിഷമിച്ചാണ് യേശുവിന്റെ അരികത്ത് വരുന്നത്.

യേശുവിന്റെ അരികത്തേക്ക് വരുന്ന ആരും വശം കെട്ടുവരുന്നെങ്കിൽ അവരെ സ്വീകരിക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. ആത്മാർത്ഥമായി വരുന്നു എങ്കിൽ അവരെ കൈക്കൊള്ളുന്നവനാണ് കർത്താവായ യേശുക്രിസ്തു.

ഇതുവരെ ഉള്ള ജീവിതത്തിൽ നിങ്ങൾ എതിർത്തവരാണോ? ഇതുവരെ ഉള്ള ജീവിതത്തിൽ തെറ്റിദ്ധരിപ്പിച്ചവരാണോ? ഇതുവരെ ഉള്ള ജീവിതത്തിൽ ഒറ്റപ്പെടുത്തിയവരാണോ? ഇതുവരെ ഉള്ള ജീവിതത്തിൽ വൈരുദ്ധ്യം പുലർത്തിയവരാണോ? യേശുക്രിസ്തു അതൊന്നും പരിഗണിക്കുന്നില്ല. യേശുക്രിസ്തു അതൊന്നും കണക്കാക്കുന്നില്ല.

എന്നാലോ, ഇപ്പോൾ ആവശ്യക്കാരായി ആര് അടുത്തു വന്നാലും കർത്താവ് അവരെ കൈക്കൊള്ളും. അവരെ സ്വീകരിക്കും, അവരുടെ അപേക്ഷ കേൾക്കും. അവരുടെ ആഗ്രഹം നിവർത്തിച്ചു കൊടുക്കും.

നാം അത്യാവശ്യക്കാരായി ചെന്നു യാചിക്കുമ്പോൾ നമ്മുടെ നേരെ കരുണയുടെ വാതിൽ തുറക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. കർത്താവ് പരിഭവിക്കുന്നവനല്ല. കർത്താവ് വഴക്കുള്ളവനല്ല. കർത്താവ് പിണക്കമുള്ളവനല്ല, കർത്താവ് പഴയകാലം ഓർക്കുന്നവൻ അല്ല. പഴ

യതെല്ലാം മറക്കാനും പൊറുക്കാനും കഴിവുള്ള നിത്യദൈവമാണ് കർത്താവായ യേശുക്രിസ്തു. കഴിഞ്ഞതെല്ലാം മറന്നുകളയുവാൻ, കഴിഞ്ഞതെല്ലാം പൊറുത്തു തരുവാൻ, എല്ലാം മായിച്ച് തീർത്തും ഇല്ലായ്മ ചെയ്യുവാൻ കർത്താവായ ക്രിസ്തു മനസ്സലിവുള്ളവനാണ്.

യായീറൊസ് അത്യാവശ്യക്കാരനായി യേശുവിന്റെ അരികിലേക്ക് വന്നപ്പോൾ അതുവരെ ഉള്ളതൊന്നും യേശു ഓർത്തില്ല. അവന്റെ യാചനയുടെ മുന്നിൽ യേശു നടന്നു. യേശു അവന്റെ ഭവനത്തിലേക്ക് പോവുകയാണ്.

> "അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്ന് നീ വന്ന് അവളുടെ മേൽ കൈ വെക്കേണമേ എന്ന് വളരെ അപേക്ഷിച്ചു." മർക്കോസ് 5 : 28

യാചിച്ചുകൊണ്ടു നിന്നു, കെഞ്ചി യാചിച്ചുകൊണ്ടു നിന്നു, മുട്ടിപ്പോയി യാചിച്ചു പ്രാർത്ഥിച്ചുകൊണ്ടു നിന്നു. കർത്താവ് അവന്റെ കൂടെപ്പോയി.

> "അവൻ അവനോടുകൂടെപോയി."
> മർക്കൊ 5 : 24

യേശു അവന്റെ കൂടെപ്പോയി. യാചിക്കുന്നവന്റെ കൂടെ പോകുന്ന ക്രിസ്തു. യഥാർത്ഥമായി ആവശ്യക്കാരന്റെ ഭവനത്തിലേക്ക് ചെല്ലുന്ന ക്രിസ്തു. തന്റെ കരുണക്ക് വേണ്ടി യാചിക്കുന്നവരെ ഉപേക്ഷിക്കാത്ത ക്രിസ്തു. പ്രാർത്ഥനയ്ക്ക് മറുപടി തരുന്ന ക്രിസ്തു. പ്രശ്നത്തിന് പരിഹാരം തരുന്ന ക്രിസ്തു.

മകനേ, നിന്റെ പ്രശ്നം എത്ര ഗുരുതരമാണ്. നിന്റെ

ജീവിതത്തിൽ നീ നേരിടുന്ന പ്രതിസന്ധി എത്ര ഗൗരവാവഹമാണ്. ദൈവപൈതലേ നിന്റെ ജീവിതത്തിൽ നീ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങളും വിഘ്നങ്ങളും യാതനകളും വേദനകളും എത്ര ദുസ്സഹമാണ്. എന്നാലോ, ജീവനുള്ള ക്രിസ്തുവിനോട് നീ ഒന്ന് പറയൂ. നീ യേശുവിനെ ഒന്ന് വിളിച്ച് അപേക്ഷിക്കൂ. ക്രിസ്തുവിന്റെ കരുണക്ക് വേണ്ടി യാചിക്കൂ.

ക്രിസ്തു നിന്റെ അരികിലേക്ക് വരും. ക്രിസ്തു നിന്റെ കൂടെ വരും. യേശു നിന്നോട് ചേർന്ന് നടക്കും. യേശു നിന്നോട് ചേർന്ന് നടന്നു സഹതാപത്തോടെ നിന്റെ കൂടെ നടന്ന് നിനക്ക് അനുഗ്രഹം പകർന്നുതരും. പ്രശ്ന പരിഹാരകൻ ഇതാ നിങ്ങളുടെ അരികത്ത് എത്തിയിരിക്കുന്നു. അവന്റെ മുൻപിൽ വീണുകൊള്ളൂ. കഴിഞ്ഞതെല്ലാം മറക്കാൻ കഴിവുള്ളവന്റെ അരികത്ത് വന്നുകൊള്ളൂ.

> “കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. സങ്കീ 50 : 15

വിളിച്ചപേക്ഷിക്കാൻ കൊള്ളാവുന്നവൻ, യാചിച്ച് മുട്ടിപ്പായി കരയുമ്പോൾ പ്രാർത്ഥന കേൾക്കുന്നവൻ, പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം തരാൻ പ്രാപ്തനായവൻ. മകനേ, നിന്റെ ഏതുകൊടിയ പ്രശ്നത്തിനും പരിഹാരം തരാൻ മനസ്സലിവുള്ളവൻ. അവൻ ഇതാ നിന്റെ അരികത്ത് വന്നിരിക്കുന്നു. അവനെ വിളിച്ച് അപേക്ഷിപ്പീൻ. അവനോട് പ്രാർത്ഥിപ്പീൻ കഴിഞ്ഞതെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് കൊണ്ട് കഴിഞ്ഞ ജീവിതത്തോട് വിടപറഞ്ഞുകൊണ്ട്, ഇത്വരെയുള്ള ജീവിതം വേണ്ട എന്ന്

വച്ചിട്ട് പുതിയ ജീവിതത്തിന് തുടക്കം കുറിച്ചുകൊണ്ട് ക്രിസ്തുവിനോട് അപേക്ഷിക്കൂ.

ക്രിസ്തു നിന്നെ അനുഗ്രഹിക്കും. ക്രിസ്തു നിന്റെ ആവശ്യം നിറവേറ്റിത്തരും. ക്രിസ്തു നിന്റെ പ്രാർത്ഥനയ്ക്ക് മറുപടി തരും.

# പതിനെട്ട്

"യേശു ആ വാക്ക് കാര്യമാക്കാതെ പള്ളി പ്രമാണിയോട് : ഭയപ്പെടേണ്ടാ, വിശ്വസിക്ക മാത്രം ചെയ്ക എന്ന് പറഞ്ഞു."

മർക്കൊ. 5 : 36

"ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക." എത്ര ആശ്വാസകരമായ വാക്കാണ്. ഭയം മാറ്റുന്ന ക്രിസ്തു. വിശ്വാസം പകരുന്ന ക്രിസ്തു. അനുഗ്രഹം നൽകുന്ന ക്രിസ്തു. പ്രശ്ന പരിഹാരം നൽകുന്ന ക്രിസ്തു. എന്നാൽ ഭയചകിതനായി നൈരാശ്യം പൂണ്ട്, മനസ്സ് വലഞ്ഞ്, ഉള്ള് ഉലഞ്ഞ്, മകൾ മരിച്ചു എന്ന വാർത്ത കേട്ട് അമ്പരപ്പോടെ യായീറൊസ് തളർന്നു നിൽക്കുകയാണ്. എന്തൊരു ഉത്സാഹമായിരുന്നു യായീറൊസിന് തെല്ലുമുമ്പ്.

യേശുവിനെ അവിടെ നിന്ന് കൂട്ടിക്കൊണ്ടുപോകുമ്പോൾ യായീറൊസിന് എന്ത് സന്തോഷമായിരുന്നു, യേശുകൂടെ വന്നല്ലോ. യേശുവന്നാൽ പ്രശ്നത്തിന് പരിഹാരം ഉണ്ടെന്ന്

യായീറൊസിന് അറിയാം. അങ്ങനെ അനുഭവങ്ങൾ കേട്ടി ട്ടുണ്ട് കണ്ടിട്ടുണ്ട്. അനേക കുടുംബങ്ങളിൽ സമാധാനം വരുന്നത് യായീറൊസ് കണ്ടിട്ടുണ്ട്. അനേകമനേകം അത്ഭു തങ്ങൾ, കുഷ്ഠരോഗികൾ സൗഖ്യമാകുന്നു, കണ്ണുകുരുടർ കാഴ്ച പ്രാപിക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു, അനേകമനേകം അത്ഭുതങ്ങൾ ക്രിസ്തു നടത്തിയത് യായീ റൊസ് കേട്ടറിഞ്ഞിട്ടുണ്ട്, കണ്ടറിഞ്ഞിട്ടുണ്ട്.

എന്നാൽ ആ ഉത്സാഹ പ്രകർഷത്തോടെ, യേശുകൂടെ വരുന്നല്ലോ എന്ന സന്തോഷത്തോടെ, മകളുടെ രോഗം അത്യാസന്നമായിരിക്കുന്നെങ്കിലും പരിഹാരം അടുത്തു വരു മല്ലോ എന്ന പ്രതീക്ഷയോടെ നല്ല ചടുലമായി നടന്നു നീങ്ങുകയായിരുന്നു യായീറൊസ്.

യായീറൊസ് വളരെ മുന്നോട്ട് നീങ്ങുന്നു. യേശു എത്തി വരാൻ പിന്നേയും നില്ക്കും, പിന്നേയും ഉത്സാഹത്തോടെ മുന്നോട്ട് പോകും. യേശു ഒന്ന് വേഗം വന്നാൽ മതിയാ യിരുന്നു. ഇടയ്ക്ക് ആ രക്തവാർച്ചക്കാരി സ്ത്രീ വന്നു തൊട്ടതും ആ സ്ത്രീയോട് യേശു സംസാരിച്ചുകൊണ്ട് നിന്നതും, പന്ത്രണ്ട് കൊല്ലമായി രക്തവാർച്ച ഉണ്ടായി രുന്ന സ്ത്രീയ്ക്ക് യേശുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്കൽ ഒന്ന് തൊട്ടപ്പോഴേക്കും സൗഖ്യം കിട്ടിയതും എല്ലാം ഒരല്പം അസഹിഷ്ണുതയോട അല്ലേ യായീറൊസ് കണ്ടത്. അയ്യോ, യേശുവരാൻ വൈകുന്നല്ലോ, എന്റെ മകൾ അത്യാ സന്നമായി കിടക്കുന്നല്ലോ, ആ സ്ത്രീ ഇടയ്ക്ക് കയറി വന്നത് വലിയ ശല്യമായല്ലോ എന്നെല്ലാം യായീറൊസ് ചിന്തിച്ചുകാണുമോ? അതിനെക്കുറിച്ചെല്ലാം തിരുവചനം മൗന മാണ് ഒന്നും പറയുന്നില്ല. എല്ലാം നമ്മുടെ ധ്യാനത്തിന്നും നമ്മുടെ പ്രാർത്ഥനാ വിഷയത്തിനും വിടുകയാണ്.

യായിറൊസിന് ഉത്സാഹമായി, യേശു അവളെ വിട്ടു മുന്നോട്ട് നടന്നു തുടങ്ങി. നല്ല ഉത്സാഹത്തോടെ മുന്നോട്ട് പോവുകയാണ്. അപ്പോഴാണ് ഇതാ വീട്ടിൽ നിന്ന് ഒരാൾ വരുന്നു.

"നിന്റെ മകൾ മരിച്ചുപോയി, ഗുരുവിനെ ഇനി അസ ഹ്യപ്പെടുത്തുന്നത് എന്തിന് എന്ന് പറഞ്ഞു."

സപ്തനാഡികളും തളർന്നു എന്ന് പറയില്ലേ? അതു പോലത്തെ ഒരു അനുഭവം. എല്ലാം തളർന്നു, മനസ്സ് വാടി, മുഖംവാടി, ശരീരം വാടി, കൈകാലുകൾ വിറ യ്ക്കുന്നു, വേച്ചു വീഴാതിരിക്കാൻ കൈ രണ്ടുവശത്തേക്കും നീട്ടിയപ്പോൾ ആരോ കയ്യിൽ കയറിപ്പിടിച്ചു അങ്ങനെ ഞാൻ ഭാവനയിൽ കാണട്ടെ. വേച്ചുവേച്ചു നിൽക്കുകയാ ണ്. പാവം, അല്പം മുമ്പുവരെ ഉണ്ടായിരുന്ന ഉത്സാഹം എവിടെപ്പോയി. എന്തിന്, എന്റെ കുഞ്ഞിന്റെ മരണം പോലും കാണാൻ കഴിഞ്ഞില്ല. ഈ യേശുവിനെ വിളി ക്കാൻ പോന്നത് കൊണ്ട് കുഞ്ഞു മരിക്കുന്നത് പോലും കണ്ടില്ല. അവസാനം ആ കുഞ്ഞ് കണ്ണ് അടയുന്നതിന് മുമ്പ് എനിക്ക് ആ കണ്ണുകളിലേക്ക് നോക്കിയിട്ട്, മരിക്കു ന്നതിന് മുമ്പ് ആ കുഞ്ഞ് എന്റെ മുഖത്തേക്ക് നോക്കി യിട്ട് തീരാൻ കഴിഞ്ഞില്ലല്ലോ.

എന്തെല്ലാമോ ചിന്തകൾ, കവി പറയുന്നത് പോലെ : "ചിന്താശതക്ഷുഭിതനായി നിൽക്കുകയാണ്. നൂറ് കണക്കിനു ചിന്തകളാൽ ഉള്ള് ഇളകി നിൽക്കുകയാണ്. യേശു യായീ റൊസിന്റെ ഭാരം കണ്ടു, യായീറൊസിന്റെ വേദന കണ്ടു. യായീറൊസിന്റെ തളർച്ച കണ്ടു, യായീറൊസിന്റെ നിരാശ കണ്ടു, ശരീരം തളർന്നു വീഴാൻ തുടങ്ങുന്നു.

തളർച്ച കാണുന്ന ഒരു ദൈവം. പാവപ്പെട്ട മനുഷ്യന്റെ ക്ഷീണം കാണുന്ന ഒരു ദൈവം. സാധുവായ മനുഷ്യന്റെ തളർച്ചയും വേദനയും കണ്ടു മനസ്സലിയുന്ന ഒരു ദൈവം.

ദൈവമക്കളെ, ഈ ദൈവം നമ്മുടെ ദൈവമാണ്. ഈ യേശു നമ്മുടെ സ്വന്തമാണ്, ഈ യേശു നമ്മുടെ പ്രിയനാണ്, ഈ യേശു നമ്മുടെ ജീവനാണ്. ഈ യേശു നമ്മുടെ ജീവന്റെ ജീവനാണ്. അവൻ കരുണക്കടലാണ്. അവൻ കൃപയുടെ ഉറവിടമാണ്. അവൻ കൃപാനിധിയാണ്. അവൻ സ്നേഹത്തിന്റെ അക്ഷയ നിക്ഷേപമാണ്.

യേശുവിനെ നിങ്ങൾ ഒന്ന് വിളിക്കുമോ? അവൻ അരികത്ത് ഉണ്ട്. യായീറൊസിനോട് യേശു പറഞ്ഞു. “ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക.”

യായീറൊസിന് മനസ്സിലായില്ല, ഭയപ്പെടാതെ ഇരിക്കുന്നത് എങ്ങനെ? എങ്ങനെ വിശ്വസിക്കാനാണ്? എന്താണ് ക്രിസ്തു ഈ പറയുന്നത്? വെറുതെ ഒരു വാക്കും പറയില്ല എന്ന് യായീറൊസിന് അറിയാം. കാരണം അങ്ങിനെ കേട്ടിട്ടുണ്ട്. യേശുവിനെക്കുറിച്ച് അങ്ങിനെയാണ് മനസ്സിലാക്കിയിട്ടുള്ളത്. വെറും വാക്ക് പറയുകയല്ല.

എന്നാൽ ഇപ്പോൾ പറയുന്നു. “ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക.” മോൾ മരിച്ചു കഴിഞ്ഞു. ഇനി എന്താ കാര്യം? ഇനി എന്തിനാ വിശ്വസിക്കുന്നത്? ഇനി എന്തിനാ ഭയമില്ലാതെ ഇരിക്കുന്നത്?

“ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക.”

ഭയത്തോടെ ഇരിക്കുന്ന ആരെല്ലാം ഈ വചനം വായിക്കുന്നുണ്ട്. ഉള്ളു പതറിയിരിക്കുന്ന ആരെല്ലാം ഇത് വായിക്കുന്നുണ്ട്. മനസ്സ് ഭയവിഹ്വലമായി പരിഭ്രാന്തമായി ഇരിക്കുന്നവർ ആരെല്ലാം ഈ വചനം വായിക്കുന്നുണ്ട്. നാളയെക്കുറിച്ചുള്ള ഉത്കണ്ഠയും ഭീതിയും പൂണ്ട് ആരെല്ലാം ഈ വചനം വായിക്കുന്നുണ്ട്. ദൈവപൈതലേ, യേശു പറയുന്നു. "ഭയപ്പെടേണ്ടാ.."

തിരുവചനം വായിക്കുമ്പോൾ യേശു പറയുന്ന ചില വാക്കുകൾ പ്രതേകിച്ച് കാണാം. കരയേണ്ടാ എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്, ഭയപ്പേടേണ്ടാ എന്ന് പറഞ്ഞിട്ടുണ്ട്, സമാധാനത്തോടെ പോക എന്നുപറഞ്ഞിട്ടുണ്ട്.

എവിടേയും ഭയം മാറ്റുന്നവനാണ് ക്രിസ്തു. കണ്ണീർ തുടയ്ക്കുന്നവനാണ് ക്രിസ്തു. കരച്ചിൽ മാറ്റുന്നവനാണ് ക്രിസ്തു. ദുരിതം അകറ്റുന്നവനാണ് ക്രിസ്തു. വേദനകൾ മാറ്റിത്തന്ന് ആശ്വാസം പകരുന്നവനാണ് ക്രിസ്തു. "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക."

വേദ പുസ്തകം വായിക്കുമ്പോൾ മുന്നൂറ്റി അറുപത്തി ആറ് പ്രാവശ്യം ഭയപ്പേടേണ്ട എന്ന വാക്ക് ഉണ്ട് എന്നാണ് വേദപണ്ഡിതന്മാർ പറയുന്നത്. ഒരു വർഷത്തിന് മുന്നൂറ്റി അറുപത്തിയഞ്ച് ദിവസമാണല്ലോ ഉള്ളത്. നാല് ആണ്ട് കൂടുമ്പോൾ മുന്നൂറ്റി അറുപത്തി ആറ് ദിവസവും. ഓരോ ദിവസവും ദൈവത്തിന് മനുഷ്യനോട് പറയാനുള്ളത് "ഭയപ്പെടേണ്ട" എന്നാണ്.

ഭയത്തോടിരിക്കുന്നവരുടെ ഭയം മാറ്റാൻ, ആകുല മനസ്കരായിരിക്കുന്നവർക്ക് ആശ്വാസം പകരാൻ, ആവലാതി

പൂണ്ട് പരിഭ്രാന്തമായിരിക്കുന്ന മനസ്സുകൾക്ക് ശാന്തത പകരാൻ യേശു ജീവിക്കുന്നു. നൈരാശ്യം പൂണ്ടവർക്ക് നൈരാശ്യം മാറ്റി പ്രത്യാശ പകരാൻ യേശു ഇന്നും ജീവിക്കുന്നു.

പ്രത്യാശ തരുന്ന ക്രിസ്തു. ആശ്വാസം തരുന്ന ക്രിസ്തു! ഇരുളടഞ്ഞ ഭാവിയിലേക്ക് നോക്കി നെടുവീർപ്പിട്ടുകൊണ്ടിരുന്ന ആരെങ്കിലും ഈ വചനം വായിക്കുന്നുണ്ടോ? ഭാവി ഇരുണ്ട് പോയല്ലോ എന്നോർത്ത് നിരാശപ്പെട്ടിരിക്കുന്ന ആരെങ്കിലും ഈ വചനം വായിക്കുന്നുണ്ടോ? എന്റെ നല്ല കാലങ്ങൾ തീർന്നല്ലോ, എല്ലാം അടഞ്ഞ അദ്ധ്യായങ്ങൾ ആയല്ലോ, ഇനി ഉണ്ടോ ഈ അദ്ധ്യായം തുറക്കാൻ പോകുന്നു. Closed Chapter എന്നു പറഞ്ഞു വിലപിച്ചുകൊണ്ടിരിക്കുന്നവർ ആരെല്ലാം ഉണ്ട്. കടം വന്നു മൂടി, രോഗം വന്ന് ആക്രമിച്ചു, രോഗസൗഖ്യം കിട്ടുന്നില്ല. ചികിത്സകൾ നിഷ്ഫലം, ഡോക്ടർമാർ കൈമലർത്തി. എല്ലാവരും നിസ്സഹായർ. പണത്തിനോ, പ്രതാപത്തിനോ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. എല്ലാം എല്ലാം നിഷ്ഫലം. അപ്പോഴാണ് യേശു പറയുന്നത്.

> "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക"
> എന്ന്.

എന്നും ധൈര്യം പൂണ്ടിരിപ്പാൻ ക്രിസ്തു പറയുന്നു.

> "സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു, ലോകം തരുന്നത് പോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്."
>
> യോഹ 14 :: 27

"ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." യോഹ 16 : 33

ക്രിസ്തു അങ്ങിനെയാണ് അവസാനമായി പറഞ്ഞത്. നിന്റെ ഭയം മാറ്റാൻ ക്രിസ്തു അരികത്തു വന്നു എന്ന് നീ വിശ്വസിക്കുന്നുണ്ടോ? ക്രൂശിൽ നിനക്കുവേണ്ടി തിരു രക്തം ചിന്തിയവൻ നിന്റെ പാപം വഹിച്ചവൻ നിന്റെ പഴ യകാലം മാറ്റി പുതിയ സൃഷ്ടിയാക്കാൻ മതിയായവൻ, നിന്നെ ഒരു പുതിയ സൃഷ്ടിയാക്കാൻ അദ്ധ്വാനിക്കുന്ന വൻ നിന്റെ അരികത്ത് എത്തിയിരിക്കുന്നു എന്ന് നിനക്ക് വിശ്വാസം ഉണ്ടോ? എങ്കിൽ അവനെ വിശ്വസിപ്പീൻ, അവ നിൽ ആശ്രയിപ്പീൻ, അവനോട് പ്രാർത്ഥിപ്പീൻ.

## പത്തൊൻപത്

"പള്ളിപ്രമാണിയുടെ വീട്ടിൽ വന്നാറെ ആരവാരത്തെയും വളരെ കരഞ്ഞു വിലപിക്കുന്നവരെയും കണ്ടു. അകത്തു കടന്നു, നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്ന്? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ എന്ന് അവരോട് പറഞ്ഞു, അവരോ അവനെ പരിഹസിച്ചു."

മർക്കൊ 5 : 38-39

പള്ളിപ്രമാണിയായ യായീറൊസിന്റെ ഭവനത്തിൽ പന്ത്രണ്ട് വയസ്സുള്ള മകൾ മരിച്ചു കിടക്കുകയാണ്. മരണ വീട്ടിൽ വിലാപ ഗീതം പാടാൻ എണ്ണിപ്പെറുക്കി കരയാൻ ആളുകൾ വന്നിട്ടുണ്ട്. അക്കാലത്ത് അങ്ങനെ - professional lamenters - കരയുക തൊഴിലാക്കിയവർ ഉണ്ടായിരുന്നു. മരണ വീടുകളിൽ അവർ വരും, അവരിങ്ങനെ കരഞ്ഞു കൊണ്ടിരിക്കും. അവർ ഒന്നൊന്നായി പറഞ്ഞു കരഞ്ഞു കൊണ്ടേയിരിക്കും. അത് അക്കാലത്തെ മരണ വീട്ടിലെ പ്രത്യേകതയാണ്. ഉള്ളിൽ തട്ടിയുള്ള കരച്ചിൽ അല്ല,

അവർ professional lamenters ആണ്. അവരുടെ തൊഴിൽ അതാണ്, അവരുടെ വരുമാനമാർഗ്ഗം അതാണ്. അങ്ങനെയുള്ള തൊഴിൽക്കാർ അക്കാലത്ത് ഉണ്ടായിരുന്നു.

അങ്ങനെ കരയുന്നവരായ ആളുകൾ ആ വീട്ടിൽ ഉണ്ട്. അവർ ഈ കുഞ്ഞു മരിച്ചുപോയതിനെ ഓർത്തു കരഞ്ഞു കൊണ്ടിരിക്കുന്നു. മരിച്ചു പോയതിനെ പറഞ്ഞു കരഞ്ഞു കൊണ്ടിരിക്കുന്നു. വലിയ ആരവാരം, കരച്ചിൽ, വലിയ ശബ്ദകോലാഹലം, കരച്ചിലിന്റെയും, ഒച്ചപ്പാടിന്റെയും മദ്ധ്യത്തിൽ ഉള്ളുരുകി വിതുമ്പിക്കരയുന്ന മാതാപിതാക്കൾ, അവരുടെ ഉള്ള് ഉരുകുകയാണ്.

കഴിഞ്ഞ പന്ത്രണ്ട് കൊല്ലം സുഖമായിരുന്നു. പന്ത്രണ്ട് കൊല്ലം ഓമനക്കുഞ്ഞിനോട് ഒരുമിച്ച് ജീവിച്ച കാലമായിരുന്നു. ആ കുഞ്ഞിന്റെ ചിരി, കുഞ്ഞിന്റെ സംസാര രീതി, കുഞ്ഞിന്റെ ഓമനത്വം പൂണ്ട വാക്കുകൾ, കുഞ്ഞിന്റെ സുന്ദരമായ മുഖം, കുഞ്ഞിന്റെ സ്നേഹ മസൃണമായ പെരുമാറ്റം, കുഞ്ഞിന്റെ നല്ല സ്വഭാവ സവിശേഷതകൾ ഓരോന്നു ഓരോന്ന് അവരുടെ മനസ്സിൽ ഇങ്ങിനെ തികട്ടി തികട്ടി വരികയാണ്. അവരുടെ ഉള്ള് ഉരുകുകയാണ്. അവർ പക്ഷേ ഉച്ചത്തിൽ പുറമെ കരയുന്നില്ല എങ്കിലും അവരുടെ ഉള്ള് ഉരുകി ഉരുകി അവരിങ്ങനെ വേദനയിൽ അകം പുളയുകയാണ്. അകം നീറുകയാണ്.

യേശു ഈ മാതാപിതാക്കളെ അകത്തേക്ക് വിളിച്ചു. മറ്റ് എല്ലാവരേയും പുറത്താക്കി. കരയുന്നവരോട് ക്രിസ്തു പറഞ്ഞു. നിങ്ങൾ എന്തിനാണ് കരയുന്നത്? കുഞ്ഞു മരിച്ചിട്ടില്ല. ഉറങ്ങുകയാണ്, അവർ യേശുവിനെ പരിഹസിച്ചു. അവൻ യേശുവിനെ പുച്ഛിച്ചു.

ചിലർ പറഞ്ഞു - ദേ കണ്ടില്ലേ, ദൈവപുത്രനാണെന്നാ പറയുന്നത്. പ്രവാചകൻ ആണെന്നാ പറയുന്നത്. വലിയ പ്രവാചകൻ ആണ് എന്ന് പറഞ്ഞു നടന്നിട്ട് ഒരാൾ മരിച്ചു കിടന്നിട്ട് മരിച്ചു കിടക്കുകയാണ് എന്ന് അറിയാൻ പോലും കഴിവില്ലാത്ത മനുഷ്യൻ. ഉറങ്ങുകയാണ് എന്ന്. ഇത്ര വിവരം കെട്ട ആളായി പോയല്ലോ, ഇത്ര കാര്യനിശ്ചയമില്ലാത്ത ഒരാളായി പോയല്ലോ. അയ്യോ, എല്ലാവരും പ്രവാചകനാണെന്ന് പറഞ്ഞ് പൊക്കിക്കൊണ്ട് നടക്കുകയല്ലേ? എല്ലാവരും പുകഴ്ത്തിക്കൊണ്ട് നടക്കുകയല്ലേ? അവർ യേശുവിനെ പരിഹസിച്ചു.

ചിലർ പറഞ്ഞു : വെറുതെയല്ല നമ്മുടെ മഹാപുരോഹിതന്മാർ ഇദ്ദേഹത്തെ എതിർക്കുന്നത്. വെറുതെയല്ല നമ്മുടെ പരീശ പ്രമാണിമാർ ഇദ്ദേഹത്തെ കുരിശിക്കാൻ വട്ടം കൂട്ടുന്നത്. ഒരു കാര്യബോധവും ഇല്ലാത്ത ആൾ. ഒന്നും അറിയാൻ പാടില്ല. മരിച്ചു കിടക്കുന്ന കുട്ടി മരിച്ചാണ് കിടക്കുന്നത് എന്നുപോലും അറിയാതെ ഉറങ്ങുകയാണ് എന്ന് പറയുന്നു. അത്രയ്ക്കേ വിവരം ഉള്ളൂ. അത്രയ്ക്കേ ജ്ഞാനം ഉള്ളൂ. അത്രയ്ക്കേ കഴിവുള്ളൂ. പ്രവാചകൻ ആണെന്നാണ് ഭാവം. പാവപ്പെട്ട കുറച്ചുപേർ പിറകെ കൂടിയിട്ടുണ്ട്. അവരേയും വഴിതെറ്റിക്കുമെന്നാ തോന്നുന്നത്.

പലരീതിയിൽ ഓരോരുത്തർ ഇങ്ങിനെ പരിഹസിച്ച് പറയുകയാണ്. അവർ അവനെ പരിഹസിച്ചു. യേശുവിനെ പരിഹസിച്ച ലോകം. യേശുവിനെ മുൾമുടി കൊടുത്ത ലോകം, യേശുവിനെ നിന്ദിച്ച ലോകം, യേശുവിനെ തിരിച്ചറിയാത്ത ലോകം, യേശു ആരാണ് എന്ന് അറിയാത്ത ലോകം. ലോകം യേശുവിനെ പുച്ഛിച്ചു. ലോകം യേശുവിനെ ഒറ്റപ്പെടുത്തി. ലോകം യേശുവിനെ കുറ്റപ്പെടുത്തി.

ലോകം യേശുവിനെ പരിഹസിച്ചു. ലോകം യേശുവിനെ നിന്ദിച്ചു.

എക്കാലത്തും യേശുവിന്റെ അനുയായികൾക്ക് ഇതു തന്നെ പ്രതിഫലം. യേശുവിന്റെ സത്യസുവിശേഷം അനുസരിച്ച് പോകുന്നവർക്ക്, യേശുവിന്റെ പിറകെ പോകുന്ന യേശുവിന്റെ ശിഷ്യന്മാർക്ക് ഇതു തന്നെയാണ് അനുഭവം. കാലങ്ങൾ മാറിയാലും തലമുറതലമുറയായി യേശുവിനോടു കൂടെ ഉള്ളവർക്ക് യേശുവിന് ഉണ്ടായ അനുഭവം തന്നെ. അതുകൊണ്ടാണ് പാട്ടുകാരൻ പാടിയത്.

"ലോകമേതും യോഗ്യം അല്ലെനിക്കതാൽ,
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ,
നാഥനു മുൾമുടി നൽകിയ ലോകമേ,
നീ തരും പേരെനിക്കെന്തിനായ്.
സീയോൻ സഞ്ചാരി ഞാൻ,
യേശുവിൽ ചാരി ഞാൻ,
പോകുന്നു കുരിശിന്റെ പാതയിൽ."

ലോകം ദൈവമക്കൾക്ക് യോഗ്യമല്ല, എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിന്റെ അവസാനം വിശ്വാസികളുടെ പട്ടിക, വിശുദ്ധന്മാരുടെ പട്ടിക പറഞ്ഞിട്ട് "ലോകം അവർക്ക് യോഗ്യമായിരുന്നില്ല" എന്നു പറഞ്ഞാണ് അവസാനിപ്പിക്കുന്നത്.

"ലോകം അവർക്ക് യോഗ്യമായിരുന്നില്ല"
എബ്രാ 11 : 39

"ലോകത്തേയും ലോകത്തിലുള്ളതിനേയും

സ്നേഹിക്കരുത്" 1 യോഹ 2 : 15

"ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവാകുന്നു." യാക്കോ 4 : 4

"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു." യോഹ 2 : 17

"സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു." 1 യോഹ 5 : 19

ലോകം നമ്മെ പകയ്ക്കുന്നു. ലോകം നമ്മെ എതിർക്കുന്നു. ലോകം ദൈവമക്കളെ പുച്ഛിക്കുന്നു. പരിഹസിക്കുന്നു. ക്രിസ്തുവിനെ പരിഹസിച്ച ലോകം ദൈവമക്കളെ വെറുതെ വിടുമോ?

"നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു." യോഹ 15 : 19

ലോകം നമ്മെ പകയ്ക്കുന്നു. ലോകത്തിന്ന് നമ്മെ ഉൾക്കൊള്ളാൻ കഴിയുകയില്ല. യേശുക്രിസ്തുവിന്റെ

ശിഷ്യന്മാരെ ലോകത്തിന് വഹിക്കാൻ കഴിയുകയില്ല. യേശു ക്രിസ്തുവിനെ അന്നത്തെ ലോകത്തിന് അംഗീകരിക്കാൻ കഴിഞ്ഞില്ലല്ലോ?

> സഹോദരന്മാരെ, ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്. നാം മരണം വിട്ട് ജീവിനിൽ കടന്നിരിക്കുന്നു എന്ന് സ്നേഹക്കുന്നതിനാൽ നമുക്ക് അറിയാം."
>
> 1 യോഹ 3 : 13-14

ലോകം, യേശുവിനെ പരിഹസിച്ചു. "ബാല, മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ" എന്ന് ക്രിസ്തു പറഞ്ഞതു അവർക്ക് മനസ്സിലായില്ല. സൃഷ്ടിയുടെ മേൽ അധികാരമുള്ളവനാണ് കല്പിച്ചത് എന്ന് അവർക്ക് മനസ്സിലായില്ല. സകല സൃഷ്ടിയുടേയും ഉടയവൻ ആണ് കല്പിച്ചത് എന്ന് അവർക്ക് മനസ്സിലായില്ല. സകലത്തിന്റെയും സൃഷ്ടാവാണ് ഈ വാക്ക് അരുളിചെയ്ത് എന്ന് അവർ അറിഞ്ഞില്ല.

> "ദൈവം ലോകസൃഷ്ടിക്ക് മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അതു ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല, അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു."
>
> 1 കൊരി 2 : 7-8

ഇതുവരേയും നിങ്ങൾ ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലെങ്കിൽ ഇന്ന് അറിയൂ. ക്രിസ്തു സാക്ഷാൽ ദൈവം. ക്രിസ്തു

പിതാവായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ. ക്രിസ്തു നമുക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകൻ. ക്രിസ്തു നമ്മെ പാപത്തിന്റെ ആഴത്തിൽ നിന്ന് കോരിയെടുത്ത നിത്യരക്ഷിതാവ്, ക്രിസ്തു നമ്മുടെ ഉടയവൻ, ക്രിസ്തു നമ്മുടെ ഉടമസ്ഥൻ, ക്രിസ്തു നമ്മുടെ രക്ഷകർത്താവ്, ക്രിസ്തു നമ്മുടെ നാഥൻ, ക്രിസ്തു നമ്മുടെ നായകൻ, ക്രിസ്തു നമ്മുടെ എല്ലാമെല്ലാം. സകലത്തിലും സകലവുമായ ക്രിസ്തു ഇന്നും ജീവിക്കുന്നു.

ദൈവപൈതലേ, ക്രിസ്തുവിനെ നിന്റെ ഉള്ളത്തിലേക്ക് നീ സ്വീകരിക്കുമോ? അവനെ നീ വിശ്വസിക്കുമോ? ഭയപ്പാടകറ്റി വിശ്വാസത്തോടെ നീ അവന്റെ പിറകേ പോകുമോ? അവനിൽ നീ ആശ്രയിക്കുമോ? അവന്റെ സർവ്വശക്തിയെ നീ സംശയിക്കാതെ വിശ്വസിച്ചു ചാരുമോ, അവന്റെ കൃപയിൽ ചാരുമോ? അവന്റെ കൃപയിൽ ആശ്രയിക്കുമോ? അവന്റെ സർവ്വശക്തിയിൽ നീ ശരണപ്പെടുമോ? അവന്റെ തിരുരക്തത്തിന്റെ അത്ഭുത കൃപയിൽ നീ ശരണപ്പെടുമോ?

# ഇരുപത്

"യേശു കുട്ടി കിടക്കുന്ന ഇടത്ത് ചെന്നു. കുട്ടിയുടെ കൈക്കു പിടിച്ചു : ബാലേ, എഴു ന്നേല്ക്ക എന്ന് നിന്നോട് കല്പിക്കുന്നു എന്ന് അർത്ഥത്തോടെ തലീഥാ കൂമി എന്ന് അവ ളോട് പറഞ്ഞു. ബാല ഉടനെ എഴുന്നേറ്റു നട ന്നു, അവൾക്ക് പന്ത്രണ്ട് വയസ്സായിരുന്നു, അവൻ അത്യന്തം വിസ്മയിച്ചു. ഇത് ആരും അറിയരുത് എന്ന് അവൻ അവരോട് ഏറി യോന്ന് കല്പിച്ചു. അവൾക്ക് ഭക്ഷിപ്പാൻ കൊടു ക്കേണം എന്നും പറഞ്ഞു."

മർക്കൊ 5: 41–43

ബാലേ, എഴുന്നേല്ക്ക. തലീഥാ കൂമി, ക്രിസ്തു പറ ഞ്ഞവാക്ക് അറമയിക് ഭാഷയിലാണ്. തലീഥാ കൂമി. "Little Girl, get up, I say unto thee" കുട്ടി എഴുന്നേല്ക്ക. ഞാൻ നിന്നോട് കല്പിക്കുന്നു. അധികാരമുള്ളവൻ കല്പിച്ചു. സൃഷ്ടികളുടെ ഉടയവൻ കല്പിച്ചു. കുട്ടി കിടക്കുന്നിടത്ത്

യേശു എത്തി. മരിച്ചു കിടക്കുന്ന കുട്ടിക്ക് യേശുവിന്റെ അരികത്ത് വരാൻ സാധ്യമല്ല. മരിച്ചു കിടക്കുന്ന ആത്മാവിന്, ആത്മാവ് മരിച്ചു കിടക്കുന്ന വ്യക്തിക്ക്, ആത്മാവിൽ ക്രിസ്തുവിന്റെ സമീപത്ത് എത്താൻ സാധ്യമല്ല.

ആത്മാവ്, ജീവൻ പോയിരിക്കുന്നു, ആത്മാവ് നിർജ്ജീവമായിരിക്കുന്നു. ആത്മാവ് Dead ആണ്. പാപത്തിന്റെ ശമ്പളം മരണമത്രേ, പാപം ചെയ്യുന്ന ദേഹി മരിക്കും.

> 'മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
> യാക്കൊ 1 : 15

> "മരണത്തിന്റെ വിഷമുള്ള് പാപം"
> 1 കൊരി 15 : 56

കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മോഹങ്ങളിൽ നിന്ന് പാപം ഉളവാകുന്നു. പാപം മൂലം മരണം ഉളവാകുന്നു. ആത്മാവിൽ മരണം.

> "പാപത്തിന്റെ ശമ്പളം മരണമത്രേ."
> റോമ 6 : 23

> "പാപം ചെയ്യുന്ന ദേഹി മരിക്കും."
> ഉല്പത്തി 2 : 17

മരിച്ചു കിടക്കുന്ന ആത്മാവിന് ഒന്നും ചെയ്യാൻ സാധ്യമല്ലല്ലോ. യേശുവിനെ വിളിക്കാൻ സാധ്യമല്ല. യേശുവിനോട് അപേക്ഷിക്കാൻ സാധ്യമല്ല. യേശുവിന്റെ അരികത്ത് എത്താൻ സാധ്യമല്ല. അവിടെയാണ് നിത്യനായ

ദൈവത്തിന്റെ വാത്സല്യം.

ഒന്നും ചെയ്യാൻ സാധ്യമല്ലാത്ത നിലയിൽ തകർന്നു താണുപോയ മനുഷ്യനെ ഉദ്ധരിക്കാൻ നിത്യനായ ദൈവം ഭൂമിയിലേക്ക് ഇറങ്ങി വന്നു, ചരിത്രത്തിലേക്ക് ഇറങ്ങി വന്നു. കാലത്തിന്റെ ഒത്ത മദ്ധ്യത്തിലേക്ക് ഇറങ്ങി വന്നു. BC യുടെയും AD യുടെയും മധ്യത്തിലേക്ക് ഇറങ്ങി വന്നു. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ക്രൂശിക്കപ്പെട്ടു. രണ്ട് കുറ്റവാളികളുടെ നടുവിൽ, അവരിൽ ഒരാളെപ്പോലെ ക്രൂശിക്കപ്പെട്ടു. കർത്താവായ യേശു നമുക്കുവേണ്ടി ക്രൂശിന്മേൽ പിടഞ്ഞു മരിച്ചു.

സുറിയാനി സഭയുടെ പ്രാർത്ഥനയിൽ ഇങ്ങനെ പ്രാർത്ഥിക്കും. “കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്ത് നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ട് വന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.”

ദൈവസ്നേഹം ദൈവത്തെത്തന്നെ സ്വർഗ്ഗീയ ശോഭന മണ്ഡലത്തിൽ നിന്ന് ഈ മൺമയമായ ഭൂമിയിലേക്ക് തന്നെത്തന്നെ ഇറക്കിക്കൊണ്ടുവന്നു. തന്നെത്താൻ ക്രൂശിൽ മരിപ്പാൻ, തന്നെത്തന്നെ ഏല്പിച്ചു കൊടുത്തു.

ദൈവസ്നേഹം നമ്മെ തേടി വരുന്നു. നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുത്തതാണ്.

“നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല,
ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ

പോയി ഫലം കായ്ക്കേണ്ടതിന്നും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കി വെച്ചുമിരിക്കുന്നു." യോഹ 15 : 16

ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തു. പാട്ടുകാരൻ ഇങ്ങനെ പാടി :

"തേടിയതല്ല ഞാൻ നിന്നെ -
ക്രൂശിൻ സ്നേഹം നേടിയെ പാപിയാമെന്നെ."

എന്റെ കർത്താവേ, ഞാൻ നിന്നെ തേടിയില്ല നീ എന്നെ തേടിവന്നു. ഞാൻ മരിച്ചു കിടക്കുന്നിടത്തേക്ക് നീ വന്നു. അവൾ മരിച്ചു കിടക്കുന്നയിടത്തു യേശു ചെന്നു. യേശു തന്റെ കരം ഉയർത്തി. തന്റെ കരം നീട്ടി. അന്ന് ആ കരം മുറിവേറ്റിട്ടില്ല. ഇന്നോ, മകനേ, നിന്റെ നേരെ നീട്ടിയിരിക്കുന്ന കരം നീ ശ്രദ്ധിച്ചു നോക്കിയാൽ ആ കരം മുറിവേറ്റ കരമാണ്.

ആണി അടിച്ചു തകർന്ന കരമാണ്, ചോര ചിന്തിയ കരമാണ്. പച്ചച്ചോര ഒഴുകിയ കരമാണമ്. ക്രൂശിൽ യാതനയേറ്റ കരമാണമ്. ആ കരമാണ് ഇപ്പോൾ നിന്റെ നേരെ നീട്ടിയിരിക്കുന്നത്. എന്തിന്? ആത്മാവിൽ മരിച്ചിരിക്കുന്ന നിനക്ക് ജീവൻ തരാൻ.

"അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." യോഹ 10 : 10

ജീവൻ തരാൻ, സമൃദ്ധിയായി ജീവൻ തരാൻ കരം

നീട്ടിയിരിക്കുന്നു. തിരുരക്തം പുരണ്ട കരം നിങ്ങളുടെ നേരെ നീട്ടിയിരിക്കുന്നു. ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിയിരിക്കുന്നു.

ആ കരം നിന്നെ കോരി എടുപ്പാനാണ് നിന്റെ നേരെ നീട്ടിയത്. നിന്നെ വീണ്ടെടുക്കാനാണ് നിന്റെ നേരെ നീട്ടി യത്. ആഴമുള്ള കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും നിന്നെ ഉദ്ധരിക്കാനാണ് നിന്റെ നേരെ നീട്ടിയിരി ക്കുന്നത്. ആത്മാവിന്റെ മരണത്തിൽ നിന്ന് നിനക്ക് ജീവൻ തന്ന് ജീവന്റെ സമൃദ്ധിയിൽ നിന്നെ നടത്താനാണ് ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്നത്.

മകനേ, ഏങ്ങലടിക്കുന്ന നിന്റെ ശിരസ്സിൽ ആ കരം വച്ച് നിന്നെ ആശ്വസിപ്പിക്കാനാണ് ഇപ്പോൾ നിന്റെ നേരെ നീട്ടിയിരിക്കുന്നത്. മകളേ, കണ്ണീരണിയുന്ന നിന്റെ കണ്ണിൽ ഈ കരം വച്ച് തുടയ്ക്കാനാണ് ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്നത്. കുഞ്ഞേ, നിന്റെ രോഗം സൗഖ്യമാക്കു വാൻ ആണ് ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്നത്. യൗവ്വനക്കാരാ നിന്റെ മ്ലേച്ഛമായ ജീവിതത്തിന്റെ ഏറ്റവും അഴുക്കാണ്ട ബന്ധനങ്ങൾ എല്ലാം അഴിച്ചു കളയുവാൻ ആണ് ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്നത്. നിന്റെ ദുശ്ശീലങ്ങൾ അകറ്റാനാണ് ആ കരം നിന്റെ നേരെ നീട്ടി യിരിക്കുന്നത്. നിന്റെ മദ്യപാനാസക്തിയും സിനിമായോ ടുള്ള കമ്പവും നിന്റെ നാടകക്കളരികളും നിന്റെ ദുഃശ്ശീല ങ്ങളും നിന്റെ കോപ സ്വഭാവവും, നിന്റെ വാശിയും നിന്റെ വഴക്കും, നിന്റെ പിണക്കവും നിന്റെ വൈരാഗ്യവും നിന്റെ പകയും നിന്റെ വിദ്വേഷവും, നിന്റെ പ്രതികാര വാഞ്ഛയും എല്ലാം മാറ്റുവാനാണ് ആ കരം ഇന്ന് നിന്റെ നേരെ നീട്ടിയിരിക്കുന്നത്. നിന്നെ ഒരു പുതിയ സൃഷ്ടി

യാക്കി മെനഞ്ഞ് എടുക്കാനാണ് ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്നത്.

ഇപ്പോൾ ആ കരത്തെ നീ ഒന്ന് മാനിക്കുമോ? ആ കരം നിന്റെ നേരെ നീട്ടിയിരിക്കുന്ന ഈ സമയം തന്നേ ആ കരത്തെ നീ ഒന്ന് ഏറ്റുവാങ്ങുമോ? ആ കരത്തെ നീ ഒന്ന് തഴുകുമോ? ആ കരത്തെ നീ ഒന്ന് ചുംബിക്കുമോ? ആ കരം നിന്റെ നെറ്റിയിൽ വച്ച് ഒന്ന് മൊത്തിയ്ക്കുമോ? ആ കരത്തിലേക്ക് നിന്റെ ഭാവി നീ ഏല്പിച്ചു കൊടുക്കുമോ? നിന്റെ ജീവിതം മുഴുവൻ ഇപ്പോൾ തന്നെ യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കുവിൻ. മുഴുവൻ ഏല്പിച്ചു കൊടുക്കുവിൻ.

യേശു നിന്റെ കാര്യം ഏറ്റെടുക്കട്ടെ. യേശു നിന്നെ വളർത്തട്ടെ, യേശു നിന്നെ ഉയർത്തട്ടെ, യേശു നിന്നെ വർദ്ധിപ്പിക്കട്ടെ. യേശു നിന്നെ ഐശ്വര്യമായ സമാധാനത്തിലേക്ക് നയിക്കട്ടെ. യേശു നിന്റെ അരികത്തേക്ക് എത്തിയിരിക്കുന്നു.

കുഞ്ഞിന്റെ മേൽ യേശു കൈവച്ചു. കുഞ്ഞിന്റെ കൈയ്ക്ക് പിടിച്ചു. “ബാലേ, എഴുന്നേൽക്ക, തലീഥാ കൂമി”

“ബാലേ എഴുന്നേല്ക്ക” എന്ന് ഞാൻ നിന്നോട് കല്പിക്കുന്നു എന്ന അർത്ഥത്തോടെ “തലീഥാ കൂമി” എന്ന് അവളോട് പറഞ്ഞു. ബാല ഉടനെ എഴുന്നേറ്റു നടന്നു, അവൾക്ക് പന്ത്രണ്ട് വയസ്സ് ആയിരുന്നു.

എല്ലാവരും വിസ്മയിച്ചു. അത്ഭുതം! പരിഹസിച്ചവരും വിസ്മയിച്ചു. പുച്ഛിച്ചവരും വിസ്മയിച്ചു, മാതാപിതാക്കൾ

വിസ്മയിച്ചു, അതിശയിച്ചു. എന്താണ് ഇത്? എന്താണ് നടന്നത്. മരിച്ചുപോയി എന്നു കരുതി ഏങ്ങലടിച്ചുകൊണ്ടിരുന്ന മാതാപിതാക്കൾ, മരിച്ച് എത്രയോ സമയമായി ഇവിടെ കിടക്കുന്ന ആ കുഞ്ഞ്. ചലനമറ്റുകിടക്കുന്ന ആ കുഞ്ഞ് ചലിക്കുന്നു, എഴുന്നേല്ക്കുന്നു, നടക്കുന്നു. എല്ലാം ഒപ്പമൊപ്പം നടക്കുകയാണ്. ചലിക്കുന്നു, എഴുന്നേല്ക്കുന്നു, നടക്കുന്നു ഭക്ഷണം കഴിക്കുന്നു, എല്ലാം എത്രപെട്ടന്നാണ് സംഭവിക്കുന്നത്.

എന്റെ യേശുതൊട്ടാൽ തൊടുന്നതെല്ലാം പൊന്ന് അല്ലയോ? എന്റെ രാജാധിരാജൻ തൊട്ടാൽ ഭാഗ്യമല്ലയോ? മകനേ, അവൻ നിന്നെ തൊടുവാൻ കരം നീട്ടിയിട്ടുണ്ട്. അവന്റെ കരങ്ങളിലേക്ക് കൊടുക്കൂ. ജീവൻ തരുന്ന കരങ്ങളിലേക്ക് കൊടുക്കൂ. ഭാവി ശോഭനമാക്കുന്ന കരങ്ങളിലേക്ക് കൊടുക്കൂ. പുതുസൃഷ്ടിയാക്കുന്ന കരങ്ങളിലേക്ക് നിന്നെത്തന്നെ കൊടുക്കൂ. അവനോട് വാക്കു പറയൂ : നാഥാ ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി, യേശുവേ നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ ഒരു പുതിയസൃഷ്ടി. യേശുവേ, നീ എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.